2025 SEPTEMBER 28

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ഇന്ത്യ പ്രസ് ക്ലബ് ന്യു ജേഴ്സി സമ്മേളനത്തിന് ആശംസാ മലരുകൾ






# ഓട്ടൻതുള്ളലിന് പുതുജീവൻ നൽകി കെ.ജെ.ഗ്രിഗറി


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.

# ഐ പി സി എൻ എയുടെ ന്യൂ ജേഴ്സി സമ്മേളനത്തിന് ആശംസാ മലരുകൾ!

**ജോർജ് തുമ്പയിൽ**




ഇൻഡ്യാ പ്രസ് ക്ലബിന്റെ (ഐ പി സി എൻ എ)യുടെ പ്രബുദ്ധമായ പ്രയാണ വഴികളിൽ മാധ്യമ സംസ്കാരത്തിന് പുതിയൊരു ദിശാബോധമേകി ന്യൂ ജേഴ്സി സമ്മേളനത്തിന് തയ്യാറെടുപ്പുകൾ പൂർത്തിയാവുകയാണ്. ശുഭ പ്രതീക്ഷകളുമായി എത്തുന്ന ദേശീയ സമ്മേളനത്തിന് സ്നേഹത്തിൽ കൊരുത്ത ആശംസകൾ.

ഇന്നാട്ടിലെ അക്ഷര സ്നേഹികളുടെ ഹൃദയ താളമായി, അമേരിക്കയുടെ വിവിധ നഗരങ്ങളിൽ ചാപ്റ്ററുകൾ സ്ഥാപിച്ച് ഐ പി സി എൻ എ പ്രവർത്തന വഴികളിൽ മുന്നേറുകയാണ്. ഏഴാം കടലിനിക്കരയും മലയാളത്തിന്റെ സംസ്കാരം ഉയർത്തിപ്പിടിക്കാൻ, ഇവിടുത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളും വിഹ്വലതകളും അവരുടെ നേട്ടങ്ങളും നമ്മുടെ സ്വന്തം നാടിൻറെ ഹൃദയ തുടിപ്പുകളും പങ്കുവയ്ക്കാൻ ഐ പി സി എൻ എയുടെ കുടക്കീഴിൽ അവസരമൊരുങ്ങുന്നത് ഹൃദയം കുളിർക്കുന്ന അനുഭവമാണ് പകർന്നിടുക. ഐ പി സി എൻ എ നടത്തിയ ദേശീയ മാധ്യമ സമ്മേളനങ്ങൾ സംഘാടന മികവുകൊണ്ടും വ്യത്യസ്തമായ പരിപാടികൾ കൊണ്ടും മുൻപേ ശ്രദ്ധിക്കപ്പെട്ടതാണ് .

എഡിസണിലെ ഷെറാട്ടൺ ഹോട്ടൽ ആണ് ഇത്തവണത്തെ സമ്മേളന വേദി. സമ്മേളനത്തിൽ മുഖ്യാതിഥിയായി വി.കെ ശ്രീകണ്ഠൻ എം.പി പങ്കെടുക്കും. റാന്നി എം എൽ എ പ്രമോദ് നാരായണും പങ്കെടുക്കുന്നു.




ഒക്ടോബർ 9, 10, 11 തീയതികളിലാണ് സമ്മേളനം.

കേരളത്തിലെ ഒട്ടു മിക്ക മുഖ്യധാരാ മാധ്യമങ്ങളുടെയും പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ടാണ് ഇത്തവണയും കോൺഫറൻസ് നടത്തുന്നത്.

കേരളത്തിൽ നിന്നും ജോണി ലൂക്കോസ് - മനോരമ ന്യൂസ്, അബ്ജോദ് വറുഗീസ് - ഏഷ്യാനെറ്റ് ന്യൂസ്, ഹാഷ്മി താജ് ഇബ്രാഹിം - 24 ന്യൂസ്, സുജയാ പാർവതി - റിപ്പോർട്ടർ ചാനൽ, മോത്തി രാജേഷ് - സീനിയർ സബ് എഡിറ്റർ- സീനിയർ റിപ്പോർട്ടർ, മാതൃഭൂമി ടി വി, ലീൻ ബി ജെസ്മസ് - ന്യൂസ് 18 എന്നിവർ മീഡിയയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നു.

ഒക്ടോബർ 10 വെള്ളിയാഴ്ച്ച പ്രസിഡൻഷ്യൽ നൈറ്റും മ്യൂസിക്കൽ ഗാലയും. ഇതോടനുബന്ധിച്ച് ഒരുക്കിയിരിക്കുന്ന നൃത്തോത്സവിൽ മാസ്മരിക നൃത്ത വിരുന്നിന്റെ ചടുല താളങ്ങളുമായി പ്രമുഖ നർത്തകികൾ അണിചേരും. മാലിനി നായർ - സൗപർണിക ഡാൻസ് അക്കാദമി, രേഖ പ്രദീപ് - ടീം മുദ്ര, റുബീന സുധർമൻ - വേദിക പെർഫോമിംഗ് ആർട്സ്, ബിന്ധ്യ ശബരിനാഥ് - മയൂര സ്കൂൾ ഓഫ് ഡാൻസ് എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്ന നൃത്ത വിസ്മയം പ്രസിഡൻഷ്യൽ നൈറ്റിൽ കാണികളുടെ ഹൃദയം കവരുമെന്നുറപ്പ്.

പുതിയൊരു ഊർജവും പ്രബുദ്ധതയുമാണ് ന്യൂ ജേഴ്സി സമ്മേളനം മലയാള മാധ്യമ രംഗത്തിന് പകർന്നിടുന്നതെന്ന് സമ്മേളനത്തിനായുള്ള തയ്യാറെടുപ്പുകൾ ചൂണ്ടിക്കാട്ടുന്നു.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. കോൺഫറൻസ് ചെയർമാൻ: സജി ഏബ്രഹാം. ജനറൽ കൺവീനർ: ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്). റിസപ്ഷൻ/ റജിസ്ട്രേഷൻ: ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോ.തങ്കമണി അരവിന്ദ്. ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി. ടൈം മാനേജ്മെന്റ്: റെജി ജോർജ് / ജോർജ് തുമ്പയിൽ. പ്രോഗ്രാം: ടാജ് മാത്യു. ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം. ട്രാൻസ്പോർട്ടേഷൻ: പിന്റോ ചാക്കോ, അനീഷ് ജെയിംസ്. സേഫ്റ്റി / സെക്യൂരിറ്റി കമ്മിറ്റി: ജിഷോ. സുവനീർ: മാത്തുക്കുട്ടി ഈശോ. ഓഡിയോ വിഷൻ: ജില്ലി സാമുവേൽ. കൂടാതെ ഐപിസിഎൻഎ യുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ് ഇലക്ട് - രാജു പള്ളത്ത് എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളാണ്.

ഏഷ്യാനെറ്റ് ന്യൂസ്, 24 യു എസ് എ, മനോരമ ന്യൂസ്, മാതൃഭൂമി ന്യൂസ്, ഏഷ്യാനെറ്റ്, ദി മലയാളം ചാനൽ, ഫ്ളവേഴ്സ് യു എസ് എ, ഇമലയാളീ.കോം, നേർകാഴ്ച ന്യൂസ് , റിപ്പോർട്ടർ ലൈവ്, ഇൻഡ്യ ലൈഫ് ടി വി, എൻ ആർ ഐ റിപ്പോർട്ടർ, പ്രവാസി ചാനൽ, ന്യൂസ് 18 കേരളം, മീഡിയ വൺ, ജനം ടി വി, മലയാളം

ട്രിബ്യൂൺ, അമേരിക്കൻ മലയാളി, 24 ന്യൂസ് ലൈവ്.കോം, യു എസ് വീക്കിലി റൗണ്ട് അപ്, ഹാർവെസ്റ്റ് ടി വി -ക്രിസ്റ്റ്യൻ ചാനൽ, കേരള ടൈംസ്, മലയാളം ഡെയിലി ന്യൂസ്, ഇൻഡ്യ ലൈഫ്, അമേരിക്ക ഈ ആഴ്ച, ഷിജോസ് ട്രാവൽ ഡയറി, കേരള ഭൂഷണം, കെ വി ടി വി, അമ്പ ന്യൂസ്, ജനനി, പവർ വിഷൻ, മലയാളി മനസ് തുടങ്ങി മലയാള മാധ്യമ സമൂഹത്തിന്റെ മുഴുവൻ പിന്തുണയോടെയും ആശംസകളോടെയുമാണ് ഐ പി സി എൻ എ യുടെ 10-ാം മീഡിയ കോൺഫറൻസും അവാർഡ് നൈറ്റും അരങ്ങേറുന്നത്.

എ ഐയും സമൂഹമാധ്യമങ്ങളും മാധ്യമസംസ്കാരത്തെ തന്നെ മാറ്റിയെഴുതുന്ന നാളുകളിൽ ലോക നിലവാരത്തിലേക്ക് മലയാള മാധ്യമ പ്രവർത്തനത്തെ കൈ പിടിച്ചുയർത്തുക ശ്രമകരമായ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞു തന്നെയാണ് ഐ പി സി എൻ എ യുടെ ഓരോ ചുവടുവയ്പും. കേരളത്തിൽ നിന്ന് പ്രമുഖരെ പങ്കെടുപ്പിച്ചും ദേശീയ സമ്മേളനങ്ങളും ചാപ്റ്റർ സമ്മേളനങ്ങളും സംഘടിപ്പിച്ചും പ്രസ് ക്ളബ് പ്രവർത്തനം കൂടുതൽ മികവാർന്നതാക്കാൻ നേതൃത്വം പ്രത്യേക ശ്രദ്ധ വെക്കുന്നത് അഭിനന്ദാർഹമാണ് .

മറ്റ് ജോലി മേഖലകളിൽ തിരക്കിട്ട് പ്രവർത്തിക്കുമ്പോഴും മലയാളഭാഷയോടും മാധ്യമരംഗത്തോടുമുള്ള സ്നേഹമാണ് പലരെയും ഇന്നാട്ടിൽ സമയവും പണവും കളഞ്ഞ് മാധ്യമ രംഗത്ത് സജീവമായി നില നിർത്തുന്നത്.

വളരെ വർഷങ്ങൾക്ക് മുൻപാണ്, കേരളാ സെന്ററിൽ ഒരു പ്രോഗ്രാമിൽ 'മലയാളം പത്രം' പ്രതിനിധി എന്ന നിലയിൽ ലേഖകനും എത്തിയിരുന്നു ക്യാമറയുമായി കവർ ചെയ്യുവാൻ. മണിക്കൂറുകൾ നീണ്ട കാത്തിരിപ്പിനൊടുവിൽ കവറേജ് കഴിയുമ്പോൾ നമുക്കെന്ത് ഫലം എന്ന ചിന്ത ഉയർന്നു. മാധ്യമപ്രവർത്തകർ സംഘടിത ശക്തിയാകണമെന്ന ചിന്ത ഉരുത്തിരിഞ്ഞത് വഴിത്തിരിവായി. പ്രസ് ക്ളബ് എന്ന ആശയത്തിന്റെ പിറവിയിലേക്ക് നയിച്ചതും ഈ ചിന്തയാണ്. അമേരിക്കയിൽ ചിതറിക്കിടക്കുന്ന മാധ്യമ പ്രവർത്തകരെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ചിന്തയും ശക്തിപ്പെട്ടു. സംഘടിത ശക്തിയുടെ രൂപീകരണം




വൈറ്റ് പ്ലെയിൻസിലെ റോയൽ ഇന്ത്യ പാലസിൽ വച്ചായിരുന്നു. ഇന്ത്യ പ്രസ്സ് ക്ലബ് എന്ന ആരും മോഹിച്ചു പോകുന്ന പേര് അന്നാണ് ഉയർന്നുവന്നത്. അന്ന് സംഘടനാ ഘടനയെ കുറിച്ച് ഏറെ ധാരണയൊന്നും ഉണ്ടായിരുന്നില്ല. വല്ലപ്പോഴും ഒരിക്കൽ ഒത്തുകൂടി അനുഭവങ്ങൾ പങ്കിടുക എന്ന ചിന്ത മാത്രമായിരുന്നു മനസ്സിൽ.

അമേരിക്കയിലെ ഏറ്റവും മുതിർന്ന മലയാളി പത്ര പ്രവർത്തകൻ ജോർജ് ജോസഫ് ആയിരുന്നു സംഘടനയുടെ ആദ്യ പ്രസിഡന്റ്. അന്ന് അദ്ദേഹത്തോടൊപ്പം സെക്രട്ടറി ആയി ഉണ്ടായിരുന്നത് റജി ജോർജ്. ട്രഷറർ ആയി ജോസ് തയ്യിൽ. ഒപ്പമുണ്ടായിരുന്നവർ ടാജ് മാത്യു, ജേക്കബ് റോയി , ജോസ് കാടാപുറം, സിബി ഡേവിഡ്, റജി ജോർജ്, ജോർജ് തുമ്പയിൽ എന്നിവർ.

2005 ൽ ന്യൂ യോർക്കിൽ നടന്ന ആദ്യ പ്രസ് കോൺഫറൻസിൽ മുഖ്യ പ്രഭാഷകനായി വന്നത് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്റ്റർ തോമസ് ജേക്കബ്. ജോർജ് ജോസഫ് മലയാള മനോരമയിൽ ഉണ്ടായിരുന്ന കാലത്ത് സഹപ്രവർത്തകനായിരുന്നു അദ്ദേഹവും.

സംഘടനാ രംഗത്ത് നൂതന പരിപാടികളുമായി വന്ന ജോസ് കണിയാലി ഈ രംഗത്ത് പ്രൊഫഷണലിസത്തിന്റെ വളർച്ചയെ കാണിച്ചു. ടാജ് മാത്യു ആയിരുന്നു സെക്രട്ടറി. ട്രഷറർ ആയി ഏബ്രഹാം മാത്യു.

തുടർന്ന് മാധ്യമ രംഗത്തെ പരിചയ സമ്പന്നനായ റജി ജോർജിലേക്ക് നേതൃത്വം കൈ മാറിയപ്പോൾ കേരളത്തിലെ പത്ര പ്രവർത്തന രംഗവുമായുള്ള ബന്ധം ശക്തമാവുകയും ചെയ്തു. സെക്രട്ടറി ശിവൻ മുഹമ്മ. ട്രഷറർ ജോർജ് തുമ്പയിൽ.

ഫ്ളോറിഡയിൽ നിന്നുള്ള മാത്യു വറുഗീസിലേക്ക് പ്രസിഡന്റ് പദം എത്തിയതോടെ പ്രസ് ക്ളബ് അവാർഡുകളുടെ വ്യാപ്തി ഒന്നു കൂടി വലുതായി. സെക്രട്ടറി മധു കൊട്ടാരക്കര. ട്രഷറർ സുനിൽ തൈമറ്റം .

അഞ്ചാമത്തെ പ്രസിഡന്റായി ടാജ് മാത്യു എത്തിയതോടെ കാര്യങ്ങൾക്ക് ചിട്ടയും വട്ടവുമായി.

വിൻസന്റ് ഇമ്മാനുവൽ ആയിരുന്നു സെക്രട്ടറി. ട്രഷറർ ബിജു കിഴക്കേക്കുറ്റ്.

ശിവൻ മുഹമ്മ ആയിരുന്നു അടുത്ത പ്രസിഡന്റ്. ജോർജ് കാക്കനാട്ട് സെക്രട്ടറിയും. ട്രഷറർ ജോസ് കാടാപുറം.

മധു കൊട്ടാരക്കരയിലേക്ക് പ്രസിഡന്റ് പദം എത്തിയതോടെ എല്ലാറ്റിനും ഒരു ജനകീയ മുഖം ദർശിക്കാനായി. സുനിൽ തൈമറ്റം ആയിരുന്നു സെക്രട്ടറി. ട്രഷറർ സണ്ണി പൗലൂസ് .

മൂന്നാം തവണ ഷിക്കാഗോ വേദിയാകുമ്പോൾ ബിജു കിഴക്കേക്കുറ്റ് ആയിരുന്നു പ്രസിഡന്റ്. സുനിൽ ട്രൈസ്റ്റാർ സെക്രട്ടറിയും. ട്രഷറർ ജീമോൻ ജോർജ്.

മയാമിയിലേക്ക് 9-ാം വാർഷികം മാറിയപ്പോൾ സുനിൽ തൈമറ്റമായിരുന്നു പ്രസിഡന്റ്. സെക്രട്ടറി രാജു പള്ളത്ത്. ട്രഷറർ ഷിജോ പൗലൂസും.

സുനിൽ ട്രൈസ്റ്റാർ (സാമുവൽ ഈശോ) നാഷണൽ പ്രസിഡന്റ്, ഷിജോ പൗലൂസ് (നാഷണൽ സെക്രട്ടറി), വിശാഖ് ചെറിയാൻ (നാഷണൽ ട്രഷറർ), സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), രാജു പള്ളത്ത് (പ്രസിഡന്റ് ഇലക്ട്-2026-27), അനിൽ കുമാർ ആറന്മുള (നാഷണൽ വൈസ് പ്രസിഡന്റ്), ആഷാ മാത്യു (ജോ. സെക്രട്ടറി), റോയ് മുളകുന്നം (ജോ. ട്രഷറർ) എന്നിവരടങ്ങിയതാണ് പുതിയ ഭരണസമിതി.

സാജൻ & മിനി സാജൻ -സാജ് ഗ്രൂപ്പ് ഹോട്ടൽസ് ആൻഡ് റിസോർട്സ് (പ്ലാറ്റിനം മെയിൻ സ്പോൺസർ), ബിലീവേഴ്‌സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ (ഹെൽത് കെയർ പാർട്ണർ), ബിജു കിഴക്കേക്കുറ്റ് (ഗോൾഡ് സ്പോൺസർ), വിൻസന്റ് ബാബുക്കുട്ടി (ഗോൾഡൻ പേട്രൺ-മെൽബ കോൺട്രാക്റ്റിങ് കമ്പനി), തോമസ് ജോർജ് മൊട്ടക്കൽ (ഗോൾഡ് സ്പോൺസർ-തോമർ കൺസ്ട്രക്ഷൻ ഗ്രൂപ്പ് ചെയർമാൻ, വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്), നോഹ ജോർജ് (ഗോൾഡ് സ്പോൺസർ- ഗ്ലോബൽ കൊലീഷൻ & ബോഡി വർക്സ്), ഡോ. ബാബു സ്റ്റീഫൻ (ഗോൾഡ് സ്പോൺസർ-വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്), സജി മോൻ ആന്റണി (ഗോൾഡ് സ്പോൺസർ-ഫൊക്കാന പ്രസിഡന്റ്), അനിൽ കുമാർ ആറന്മുള (ഗോൾഡ് സ്പോൺസർ), ജോൺ പി ജോൺ, കാനഡ (ഗോൾഡ് സ്പോൺസർ), ബേബി ഊരാളിൽ, വർക്കി എബ്രഹാം, ജോൺ ടൈറ്റസ്, ജോയ് നേടിയകാലായിൽ (എലൈറ്റ് സ്പോൺസേർസ്), ബോബി എം ജേക്കബ് -സി എം ഡി- അന്നാ കിറ്റക്സ് ഗ്രൂപ്പ്, സാറാസ്, ഗ്രേസ് സപ്ലൈ യു എസ് എ INC ,(ഇവന്റ് പാർട്ണർ), ജോസഫ് എം കുന്നേൽ, Esq. & ജിമ്മി എം കുന്നേൽ, Esq. (സിൽവർ സ്പോൺസർ), ബേബി മണക്കുന്നേൽ, ഫോമാ പ്രസിഡന്റ് (സിൽവർ സ്പോൺസർ), ഡോ. കൃഷ്ണ കിഷോർ (സിൽവർ പേട്രൺ), ജോസഫ് കാഞ്ഞമല (ഇജഅ, ഇഎഏഅ, എഇഅ (സിൽവർ പേട്രൺ), മധു കൊട്ടാരക്കര (സിൽവർ പേട്രൺ), മോൻസി വർഗീസ് -കേരളം സമാജം, യോങ്കേഴ്‌സ് പ്രസിഡന്റ് -.(സിൽവർ സ്പോൺസർ), ജോയ് ആലുക്കാസ് (സിൽവർ സ്പോൺസർ), പി ടി . തോമസ് -പി ടി. തോമസ് Inc (സിൽവർ സ്പോൺസർ), ജിബിറ്റ് കിഴക്കേക്കുറ്റ് (സിൽവർ സ്പോൺസർ), ജോസ് വറുഗീസ് - ജോസ്കോ ടൂർസ് ആൻഡ് ട്രാവൽ- (സിൽവർ പേട്രൺ), ജേക്കബ് എബ്രഹാം , സജി ഹെഡ്ജ് - (സിൽവർ സ്പോൺസർ), തോമസ് കോശി , എസ് എസ് കമ്മോഡിറ്റിസ്-(സിൽവർ പേട്രൺ), ജെയിംസ് ജോർജ് -വെൽ കെയർ ഫാർമസി -(സിൽവർ സ്പോൺസർ), ടോണി കിഴക്കേക്കുറ്റ് (സിൽവർ പേട്രൺ), റാണി തോമസ് -ബെറാഖ സ്റ്റഡി എബ്രോഡ്, മാനേജിങ് ഡയറക്റ്റർ-എജുക്കേഷൻ പാർട്ണർ), അജോമോൻ പൂത്തുറയിൽ (ബെനിഫാക്റ്റർ), കുരുവിള ജെയിംസ് (ബെനിഫാക്റ്റർ), ജയ്ബു മാത്യു (ബെനിഫാക്റ്റർ), പോൾസൺ മാത്യു (ബെനിഫാക്റ്റർ), സിജോ വടക്കൻ-ട്രിനിറ്റി ടെക്സാസ് റിയൽറ്റി (ബെനിഫാക്റ്റർ), രാജൻ തോമസ്-സിനിമ പ്രൊഡ്യൂസർ & ആക്ടർ (ബെനിഫാക്റ്റർ), ഷിനു ജോസഫ് (ബെനിഫാക്റ്റർ), സുധ കർത്താ, CPA -കർത്താ ഫിനാൻഷ്യൽ (ബെനിഫാക്റ്റർ), സണ്ണി കല്ലൂപ്പാറ,-സീരിയൽ,സിനി ആർട്ടിസ്റ്റ് (ബെനിഫാക്റ്റർ), ശിവ് പണിക്കർ (സിൽവർ സ്പോൺസർ), ജേക്കബ് ചൂരവടി, റോക്ക്ലൻഡ് (ബെനിഫാക്റ്റർ),ഡോ . മാത്യു വറുഗീസ്, ഡിട്രോയിറ്റ് -ഫൊക്കാന ഫൗണ്ടേഷൻ ചെയർമാൻ (ബ്രോൺസ് സ്പോൺസർ), വിജി എബ്രഹാം -(ബ്രോൺസ് സ്പോൺസർ)എന്നിവരാണ് പരിപാടിയുടെ സ്പോൺസേഴ്‌സ് .

മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ന്യൂ ജേഴ്‌സി സമ്മേളനത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും. നൃത്യ നൃത്തങ്ങളും സമ്മേളനത്തെ മനോഹരമാക്കും.

മാധ്യമരംഗത്തെ മാറ്റങ്ങളോട് തോളോട് തോൾ ചേർന്ന് നിന്ന് നല്ലതിനെ സ്വീകരിച്ചുകൊണ്ടും സമൂഹത്തിലെ ജീർണതകൾക്കെതിരെ പോരാടിയും സശ്രദ്ധം ജാഗ്രതയോടെ ചുവട് വെക്കുവാൻ ന്യൂ ജേഴ്‌സി സമ്മേളനം അരങ്ങൊരുക്കട്ടെ എന്നാശംസിക്കുന്നു.


India Press Club of North America
IPCNA
India Press Club of North America
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
SHERATON
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, 11-ാമത് അന്തർദേശീയ മീഡിയാ കോൺഫറൻസ്, എന്റെ കാഴ്ചപ്പാട്




**രാജു മൈലപ്രാ**

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്തർദേശീയ മീഡിയാ കോൺഫറൻസ് ഒക്ടോബർ 9, 10, 11 തീയ്യതികളിൽ ന്യൂജേഴ്സി-എഡിസൺ ഷെറാട്ടൺ ഹോട്ടൽ സമുച്ചയത്തിൽ അരങ്ങേറുകയാണ്. കേരളത്തിൽ നിന്നും, അമേരിക്കയിൽ നിന്നുമുള്ള പ്രമുഖ, മാധ്യമ, കലാ, സാംസ്ക്കാരിക, സാമൂഹ്യ വ്യക്തികൾ പങ്കെടുക്കുന്ന ഈ കോൺഫറൻസ് അമേരിക്കൻ മലയാളികൾക്ക് അവിസ്മരണീയമായ ഒരനുഭവം ആയിരിക്കുമെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറാർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി

എബ്രഹാം, ഹോസ്റ്റിങ് ചാപ്റ്റർ ന്യൂ യോർക്ക് പ്രസിഡന്റ് ഷോളി കുമ്പിളുവേലിൽ എന്നിവർ അറിയിക്കുന്നു. ഇതിനായുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ സമയബന്ധിതമായി പുരോഗമിക്കുന്നു.

ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ അമേരിക്കയിൽ പ്രസ് ക്ലബ് പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. 1908-ൽ തന്നെ വാഷിംഗ്ടൺ ഡി.സി.യിൽ "The National Press Club' പ്രവർത്തനം ആരംഭിച്ചിരുന്നു. ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകർക്ക് സായാഹ്നങ്ങളിൽ ഒരുമിച്ചു കൂടുന്നതിനും, സൗഹൃദങ്ങൾ പങ്കുവെക്കുന്നതിനും, ഒന്നു 'റിലാക്സ്' ചെയ്യുന്നതിനുമുള്ള ഒരു വേദി.ഏതാണ്ട് ഇതേ രീതിയിലുള്ള ഒരു തുടക്കമായിരുന്നു ഇൻഡ്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടേതും .



അമേരിക്കയിലെ മലയാള വാർത്താ വിനിമയ രംഗം എന്നു മുതലാണ് തുടങ്ങിയതെന്ന് കൃത്യമായി പറയുവാൻ കഴിയുമെന്നു തോന്നുന്നില്ല. നാട്ടിൽ നിന്നും വല്ലപ്പൊഴുമെത്തുന്ന ബന്ധുമിത്രാദികളുടെ കത്തുകളിൽ തുടങ്ങി, കൈയ്യെഴുത്തു പ്രതികളായി രൂപം പ്രാപിച്ച്, 'വെട്ടി-ഒട്ടിക്കൽ' പ്രസിദ്ധീകരണമായി വളർന്ന് മലയാളികളുടെ കൈകളിൽ എത്തിച്ചായിരുന്നു ഇതിന്റെയൊരു തുടക്കം എന്നു വേണമെങ്കിൽ അനുമാനിക്കാം. പേരിനൊരു പത്രാധിപസമിതി ഉണ്ടായിരുന്നെങ്കിലും പല പ്രസിദ്ധീകരണങ്ങളും ഒരു ഒറ്റയാൾ സംരംഭമായിരുന്നു എന്നതാണ് വസ്തുത. വളരെ ആവേശത്തോടും, പ്രതീക്ഷകളോടും തുടങ്ങിയ ഈ പ്രസിദ്ധീകരണങ്ങളെല്ലാം, സാമ്പത്തീക പരാധീനത മൂലം കാലക്രമേണ അകാല ചരമമടഞ്ഞു.

ആധുനീക സാങ്കേതിക വിദ്യയുടെ വളർച്ചയോടു കൂടി ഓൺലൈൻ പ്രസിദ്ധീകരണങ്ങളുടെ പ്രളയമായി. 'വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാട്' എന്ന തരത്തിൽ ദിവസേന ഈ ഓൺലൈൻ പ്രസ്ഥാനങ്ങളുടെ എണ്ണം പെരുകുകയാണ്. ആരോഗ്യപരമായ ഒരു മത്സരമല്ല ഈ രംഗത്ത് നടക്കുന്നത്. കുറേക്കാലം കഴിയുമ്പോൾ ഇതിൽ നിന്നും കുറെയെണ്ണം ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞു പോകും. അമേരിക്കൻ മലയാള മാദ്ധ്യമരംഗത്ത് ഒരു പുതിയ അദ്ധ്യായം തുറന്നുകൊണ്ട് 2000-മാണ്ടിന്റെ തുടക്കത്തിൽ ഏഷ്യാനെറ്റും കൈരളിയും അവരുടെ നോർത്ത മേരിക്കയിലെ പ്രക്ഷേപണം ആരംഭിച്ചു.

മലയാളികളുടെ ചടങ്ങുകളെല്ലാം ടി.വി. ചാനലുകൾ കവറു ചെയ്യണമെന്ന് സംഘാടകർക്ക് നിർബന്ധം. ടെലിവിഷനിൽ തങ്ങളുടെ മുഖമൊന്നു തെളിഞ്ഞാൽ, തങ്ങൾക്കൊരു സ്റ്റാർ വാല്യൂ കിട്ടുമെന്നുള്ള സന്തോഷം. ടി.വി.ക്കാർ ക്യാമറമാനേയും തോളിലേന്തി, കൈയിലെ പണവും മുടക്കി ദൂരെ സ്ഥലങ്ങളിൽ പോലുമെത്തി പരിപാടികൾ കവറു ചെയ്യുവാൻ തുടങ്ങി. ചിലവു കാശം പോലും നൽകുവാൻ ഭാരവാഹികൾക്കു മടി. 'കവറേജ് കുറഞ്ഞു പോയി' എന്നൊരു പരാതി മാത്രം മിച്ചം.

സംഘാടകരിൽ നിന്നും ന്യായമായ പ്രതിഫലം കിട്ടാതെ ഈ 'കവറേജ്' പരിപാടി മുന്നോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നു ടെലിവിഷൻ ചാനലുകളുടെ ചുമതലക്കാർക്ക് മനസ്സിലായി.

ഒരുമിച്ചു നിന്നാൽ ന്യായമായ ഈ അവകാശം നേടിയെടുക്കാനാവുമെന്നുള്ള 'ലഡു പൊട്ടിയത്', ഏഷ്യാനെറ്റിനു വേണ്ടി പ്രവർത്തിച്ചിരുന്ന സുനിൽ ട്രൈസ്റ്റാറിനും, കൈരളിയുടെ പ്രവർത്തകൻ ജോസ് കാടാപുറത്തിനുമാണ്. 'പ്രസ് ക്ലബ്' എന്ന ആശയത്തിന് അവിടെ തുടക്കം കുറിക്കുന്നു. അവരുടെ അഭ്യർത്ഥന പ്രകാരം പത്രപ്രവർത്തകരായ ജേക്കബ് റോയി, ടാജ് മാത്യൂ, ജെ.മാത്യൂസ്, റെജി ജോർജ്, ജോർജ് തുമ്പയിൽ, സിബി ഡേവിഡ്, ജോർജ് ജോസഫ് തുടങ്ങിയവർ ഒരുമിച്ചു കൂടി അവരുടെ ആശയങ്ങൾ പങ്കുവെച്ചു. അതിന്റെ ഫലമായി 2004-2005 കാലത്ത് 'ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത അമേരിക്ക' ജന്മമെടുത്തു.

'മലയാള മനോരമ' എഡിറ്റോറിയൽ ഡയറക്ടർ ബോർഡ് ശ്രീ. ജേക്കബ് തോമസിനെ പങ്കെടുപ്പിച്ച്, ന്യു യോർക്കിൽ 2006-ൽ നടത്തിയ സമ്മേളനത്തോടെ, പ്രസ്ക്ലബിന്റെ ലക്ഷ്യത്തെയും കാഴ്ചപ്പാടിനെപ്പറ്റിയും വ്യക്തമായ ഒരു ദിശാബോധമുണ്ടായി. തുടർന്ന് ഷിക്കാഗോയിൽ നിന്നുമുള്ള ജോസ് കണിയാലി പ്രസിഡന്റായും, ന്യൂയോർക്കിൽ നിന്നും ടാജ് മാത്യുവും സെക്രട്ടറിയായി ചുമതലയേറ്റത്തോടെ പ്രസ്ക്ലബ് കൂടുതൽ ഉയരങ്ങളിലെത്തി. മനോരമയിൽ നിന്നും ജോണി ലൂക്കോസും, ഏഷ്യാനെറ്റിൽ നിന്നും ശ്രീകണ്ഠൻ നായരും, കൈരളിയിൽ നിന്നും ജോൺ ബ്രിട്ടാസും കൊണ്ടും കൊടുത്തും പരസ്പരം ട്രോളിയും അരങ്ങേറിയ സംവാദങ്ങൾ ഈ സമ്മേളനത്തെ മറക്കാനാവാത്ത ഒരു അനുഭവമാക്കി. മറ്റുള്ളവർക്കും മാതൃകയാക്കാവുന്ന കിറുകൃത്യമായ സമയപരിധി സംവിധാനമാണ് ഇവിടെ നടപ്പാക്കിയത്.

ചെറിയ ലക്ഷ്യങ്ങളോടു കൂടിയ ഈ സംരംഭം, ഇന്ന് വളർന്ന് പന്തലിച്ച് ഒരു വലിയ പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. പത്രപ്രവർത്തകരെ കൂടാതെ, സമൂഹത്തിന്റെ വിവിധ തുറകളിൽ വിജയം കൈവരിച്ചവർ, ഇന്ന് ഇൻഡ്യാ പ്രസ് ക്ലബിന്റെ അവിഭാജ്യ ഘടകമാണ്. അവരുടെ സാന്നിദ്ധ്യവും, സാമ്പത്തീക സഹകരണവുമാണ് പ്രസ് ക്ലബ് സമ്മേളനങ്ങൾ ഉന്നത നിലവാരത്തിൽ നടത്തുവാനുള്ള ചാലകശക്തി.

യൗവന കാലത്ത് തന്നെ വാർത്താവിതരണത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ച് മികവു തെളിയിച്ച പാരമ്പര്യമുള്ള സുനിൽ ട്രൈസ്റ്റാർ പ്രസിഡന്റായുള്ള പ്രസ്ക്ലബിന്റെ ന്യൂജേഴ്സി സമ്മേളനം നല്ല നിലവാരം പുലർത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആശംസകൾ നേരുന്നു.




SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
FORD CERTIFIED COLLISION NETWORK
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# പരിചയ സമ്പന്നരുടെ നിരയുമായി മന്ത്രയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി

**രഞ്ജിത് ചന്ദ്രശേഖർ**

മന്ത്രയുടെ പ്രസിഡന്റ് ഇലക്ട് ആയി ശ്രീമതി രേവതി പിള്ള യെ തിരഞ്ഞെടുത്തു. രേവതി പിള്ള ഒരു സീനിയർ ടെക്നോളജി എക്സിക്യൂട്ടീവാണ്, നിലവിൽ ഒരു പ്രമുഖ പബ്ലിക് സേഫ്റ്റി ടെക്നോളജി കമ്പനിയിൽ സീനിയർ വൈസ് പ്രസിഡന്റും ചീഫ് എഞ്ചിനീയറിംഗ് ഓഫീസറുമായി സേവനമനുഷ്ഠിക്കുന്നു.

പെൺമക്കളുമായി ചേർന്ന് ആരംഭിച്ച സ്ത്രീകൾ നയിക്കുന്ന സംരംഭക സംരംഭമായ വിശ്വാസിന്റെ സ്ഥാപകയാണ് അവർ. പ്രകൃതിദത്ത ഉൽപ്പന്നമായ സമൃദ്ധി ഹെയർ ഗ്രോത്ത് ഓയിൽ വഴി ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഇത്. സ്ത്രീ ശാക്തീകരണത്തിനും സാമൂഹ്യ സേവനത്തിനും പ്രതിജ്ഞാബദ്ധയായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അവർ, ഫൊക്കാന വനിതാ ഫോറത്തിന്റെ നിലവിലെ ചെയർപേഴ്സണായി സേവനമനുഷ്ഠിക്കുന്നു,. മന്ത്രയുടെ ഡയറക്ടർ ബോർഡിൽ സേവനമനുഷ്ഠിച്ച അവർ, കാഴ്ച വൈകല്യമുള്ളവരെ ശാക്തീകരിക്കുന്ന ലാഭേച്ഛയില്ലാത്ത സംഘടനയായ വിഷൻ -എയ്ഡിന്റെ നേതൃത്വ സ്ഥാനമായ ദീർഘകാല കൗൺസിൽ ഓഫ് അംബാസഡർ അംഗവുമാണ്. എക്സിക്യൂട്ടീവ് നേതൃത്വത്തിൽ സ്ത്രീകളെ പിന്തുണയ്ക്കുന്നതിലും മുന്നോട്ട് കൊണ്ടുപോകുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സ്വകാര്യ നെറ്റ്‌വർക്കായ ബോസ്റ്റൺ ചാപ്റ്റർ ഓഫ് ചീഫിന്റെ സ്ഥാപക അംഗം കൂടിയാണ് രേവതി. താൻ ഏറ്റെടുക്കുന്ന ഓരോ റോളിലുംപുതിയ ആശയങ്ങൾ നടപ്പാക്കുന്നതിനും, സേവന പ്രവർത്തന ങ്ങളിൽ പങ്കാളി ആവാനും, അതിന്റെ നേതൃത്വം ഏറ്റെടുക്കാനും സവിശേഷ ശ്രദ്ധ നൽകി പോരുന്നു.

മന്ത്രയുടെ വൈസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി രമാ പിള്ള ഹ്യൂസ്റ്റണിലെ സാംസ്കാരിക മണ്ഡലങ്ങളിൽ സജീവ സാന്നിധ്യം ആണ്. ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം സാധ്യമാക്കിയ കെ എച് എസിന്റെ, പ്രെസിഡന്റ് ഉൾപ്പടെ വിവിധ പദവികൾ അലങ്കരിച്ചു, മികച്ച സേവനം നടത്തി വരുന്നു മെഡിക്കൽ പ്രൊഫഷണൽ കൂടിയായ അവരുടെ സാന്നിധ്യം .മന്ത്രയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ മുതൽക്കൂട്ടാകും.

മന്ത്രയുടെ പുതിയ ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട സഞ്ജീവ് നായർ. ഹോസ്പിറ്റാലിറ്റിയിലും വ്യോമയാന വ്യവസായത്തിലും 20 വർഷത്തെ പരിചയമുള്ള ട്രാവൽ മാനേജരാണ്.ന്യൂയോർക്കിൽ, ന്യൂയോർക്ക് എൻവയോൺമെന്റ് ക്ലബ്ബിലെ അംഗം, പാഡിൽ ഫോർ ദി ക്യൂർ (പിഎഫ്സി) അംഗം തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു .മന്ത്രയോടൊപ്പം, ഹൈന്ദവ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും,അതിനെ ഉയർന്ന തലങ്ങളിലേക്ക് കൊണ്ടുപോകാൻ പ്രതിജ്ഞാ ബദ്ധം ആണെന്ന് അദ്ദേഹം അറിയിച്ചു

ജോയിന്റ് സെക്രട്ടറി ആയി

തിരഞ്ഞെടുക്കപ്പെട്ട ഷിക്കാഗോ സ്വദേശിയായ ഡോ. നിഷ ചന്ദ്രൻ, പ്രഗത്ഭയായ ഒരു ശിശുരോഗവിദഗ്ദ്ധ എന്ന നിലയിൽ ആരോഗ്യ രംഗത്ത് രണ്ട് പതിറ്റാണ്ടിലേറെയായി സേവനം അനുഷ്ഠിക്കുന്നു . പിതാവ് ജയ് ചന്ദ്രനൊപ്പം വളർത്തിയെടുത്ത സാമൂഹ്യ സേവന പശ്ചാത്തലം മെഡിക്കൽ പ്രാക്ടീസിനപ്പുറം അവരുടെ സമാജത്തിലെ വിവിധ പ്രവർത്തനങ്ങളിൽ പ്രകടമാണ് .

ചിക്കാഗോലാൻഡ് പ്രദേശത്ത് വിവിധ സംഘടനകളിൽ സജീവ സാന്നിധ്യം ആണ് ഡോ. നിഷ. ചിക്കാഗോയിലെ ഗീത മണ്ഡലം, ചിക്കാഗോയിലെ മലയാളി അസോസിയേഷൻ, ഫോക്കാന, കെഎച്ച്എൻഎ, മന്ത്ര എന്നിവ ഇതിൽ ഉൾപ്പെടുന്നു.അമേരിക്കയിലെ പുതിയ പ്രവാസി തലമുറയെ ശാക്തീകരിക്കുന്നതിൽ ഡോ.നിഷ മുൻകൈ എടുത്തു പ്രവർത്തിക്കുന്നു. കിഴക്കൻ, പാശ്ചാത്യ സംസ്കാരങ്ങളെ സംയോജിപ്പിക്കാനും യുവാക്കളെ അവരുടെ വൈവിധ്യമാർന്ന പൈതൃകം ഉൾക്കൊള്ളാൻ സഹായിക്കുന്ന പദ്ധതികളുമായി യുവജന വേദികളുമായി പ്രവർത്തിക്കുന്നതിൽ അവർക്ക് പ്രത്യേക ശ്രദ്ധ പതിപ്പിച്ചു വരുന്നു.

മന്ത്രയുടെ ജോയിന്റ് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ഹ്യൂസ്റ്റണിൽ നിന്നുള്ള രാമദാസ് കണ്ടത്ത് ആണ്

സീനിയർ സപ്ലൈ ചെയിൻ കൺസൾട്ടന്റായി ജോലി ചെയ്യുന്ന രാമദാസ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് പശ്ചാത്തലവും സപ്ലൈ ചെയിൻ മാനേജ്മെന്റിൽ ഡോക്ടറേറ്റും ഉള്ള അദ്ദേഹം, ആഗോള സപ്ലൈ ചെയിൻ നെറ്റ്‌വർക്കുകളിൽ 17 വർഷത്തിലേറെ പരിചയസമ്പത്തുള്ള വ്യക്തിയാണ്.




തന്റെ പ്രൊഫഷണൽ പ്രവർത്തനങ്ങൾക്കപ്പുറം, രാമദാസ് സമൂഹ സേവനത്തിൽ സജീവമാണ് .

മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷന്റെ ട്രഷററായി സേവനമനുഷ്ഠിച്ച അദ്ദേഹം, സമൂഹത്തിനായി സാംസ്കാരികവും ആത്മീയവുമായ പരിപാടികൾ സംഘടിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ വൈസ് പ്രസിഡന്റാണ്. കേരളത്തിലെ ഷൊർണൂരിൽ നിന്നുള്ള രാമദാസ് ഇപ്പോൾ ഭാര്യ ബിജി, രണ്ട് പെൺമക്കളായ അഭിരാമി, ആരാധ്യ എന്നിവരോടൊപ്പം യുഎസിൽ താമസിക്കുന്നു.

# സ്പാർക്ക് ഓഫ് കേരളാ ഹൂസ്റ്റണിൽ വർണ്ണോജ്വലമായി അരങ്ങേറി

ജിൻസ് മാത്യു റാന്നി,
റിവർസ്റ്റോൺ.



ഹൂസ്റ്റൺ: സെന്റ്.മേരീസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ അഭിമുഖ്യത്തിൽ നടന്ന സ്പാർക്ക് ഓഫ് കേരളാ കാണികളെ വിസ്മയത്തിന്റെ അഭ്രപാളികളിൽ എത്തിച്ച് വർണ്ണോജ്വലമാക്കി.

ഹൂസ്റ്റൺ നഗരത്തിൽ ഈ വർഷം അരങ്ങേറിയ സ്റ്റേജ് ഷോകളിൽ ഉന്നത നിലവാരവും ആകർഷണിയതയും നിറഞ്ഞ് നിൽക്കുന്നതായിരുന്നു സ്പാർക്ക് ഓഫ് കേരളാ ഇവൻറ്റ്. അനുഗ്രഹിത ഗായകൻ അഫ്സൽ,നായിക താരങ്ങൾ സ്വാസ്വക,മോക്ഷ ഗായിക അഖില ആനന്ദ്, വയലിനിസ്റ്റ് വേദമിത്ര, ഡാൻസർ കുക്കു തുടങ്ങി ഒരു ഡസനിൽ പരം മികച്ച കലാപ്രതിഭകൾക്കൊപ്പം സെന്റ്.മേരീസ് ഇടവക അംഗങ്ങളായ യുവജനങ്ങളും നൃത്ത നാട്യ റോളുകളിൽ അരങ്ങേറിയത് വേറിട്ടൊരു അനുഭവമായിരുന്നു.



ദേവാലയ വികാരിയും,ഭാരവാഹികളും, സ്പോൺസേഴ്സും ചേർന്ന് ഭദ്രദീപം തെളിയിച്ചതോടു കൂടി നാല് മണിക്കൂർ നീണ്ട് നിന്ന നിറ

ക്കൂട്ടുകളോടു കൂടിയുള്ള പരിപാടികൾക്ക് തുടക്കമായി.

ഇടവക അംഗം കൂടിയായ ഡോ: ലിജി മാത്യു എംസിയായി അവതരണം നടത്തിയത് മികച്ച നിലവാരത്തിലായിരുന്നു.

ഹൂസ്റ്റൺ നഗരത്തിലെ ഭൂരിപക്ഷം കലാസ്നേഹികളും ഇമ്മാനുവേൽ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നു.

എല്ലാ നല്ല കലാസ്നേഹികൾക്കും സാമ്പത്തികമായി സഹായിച്ച സ്പോൺസേഴ്സിനും വികാരി ഫാദർ. ദാനിയേൽ എം. ജോൺ, ഇടവക സെക്രട്ടറി ഷെൽബി വർഗീസ്, ട്രസ്റ്റി അലക്സ് തെക്കതിൽ, പ്രോഗ്രാ കൺവീനർ ബോബി ജോർജ്,ജോയിൻറ് കൺവീനർ ജിൻസ് മാത്യു എന്നിവർ നന്ദി പറഞ്ഞു.

പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായി ജോർജ് പൈലി, എൽദോ വർക്കി, അലക്സ് പോൾ, ജേക്കബ് ജോർജ്,സാമ്ജു,സൂസൻ എസ്, ലൗലി, ബിനു വണ്ടലിൽ,ജെലോ ജോസഫ്, ജിനോ ജേക്കബ്,തുടങ്ങി യൂത്ത് അഡൽറ്റ്, സിനിയേഴ്സ്,വനിതാ ടീമുകളുടെ നിർലോഭമായ സഹകരണം സ്റ്റേജ് ഷോ വിജയകരമാക്കുവാൻ സഹായിച്ചു.


















SPARK of KERALA
Co-Powered By






SARANG HOUSTON


SARANG



SARANG HOUSTON
Sarang Music
PRODUCTION



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# നാട്ടിൻപുറങ്ങളുടെ ഗൃഹാതുരത്വമായ 'തൊമ്മന്റെ കഥകൾ' പ്രകാശിപ്പിച്ച് കേരള റൈറ്റേഴ്സ് ഫോറം

**ചെറിയാൻ മഠത്തിലേത്ത്**




ഹൂസ്റ്റൺ: ഓരോ ഓണം കഴിയുമ്പോഴും അതിന്റെ ഹാങ് ഓവറിലായിരിക്കും മലയാളികളെല്ലാവരും. കേരളീയരുടെ ദേശീയോൽസവമായ ഓണം എന്ന പുരാവത്തത്തിലെ ഹീറോ ആരാണ്..? സംശയമില്ല, മഹാബലി തമ്പുരാൻ തന്നെ. എന്നാൽ ഗൂജറാത്തികൾ തിരുവോണ ദിനം കൊണ്ടാടുന്നത് 'വാമന ജയിന്തി' ആയാണ്. ഹൈന്ദവ പുരാണമനുസരിച്ച് മഹാബലിയെ പാതാളത്തിലെ സുതലത്തിലേക്ക് അയക്കാൻ അവതരിച്ച 'മഹാവിഷ്ണുവിന്റെ അവതാരമായിരുന്നല്ലോ വാമനൻ. എന്തായാലും ഓണം മലയാളിയെ സംബന്ധിച്ചിടത്തോളം സമൃദ്ധിയുടെ വിളവെടുപ്പ് ഉൽസവമാണ്. മഴമാറിയ പ്രസാന്ത സുന്ദരമായ അന്തരീക്ഷം നമ്മുടെ നൊസ്റ്റാൾജിയ തന്നെ.

സെപ്റ്റംബറോടെ ഓണസീസൺ അവസാനിക്കാനൊരുങ്ങുമ്പോൾ, വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറം പതിവുപോലെ ചർച്ചകളും വിലയിരുത്തലുകളുമൊക്കെയായി സ്റ്റാഫോർഡിലെ കേരള റസ്റ്റോറന്റ് ആന്റ് ഇന്ത്യൻ ക്വിസിനിൽ ഒത്തുകൂടി. പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്തിന്റെ അഭാവത്തിൽ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ മുൻ പ്രസിഡന്റ് സണ്ണി എഴുമറ്റൂർ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

സാഹിത്യ ചർച്ചയുടെ മുഖ്യ അജണ്ട, കേരള റൈറ്റേഴ്സ്







ഫോറത്തിന്റെ സ്ഥാപകാംഗമായ ജോൺ തൊമ്മന്റെ 'തൊമ്മന്റെ കഥകൾ' എന്ന കഥാസമാഹാരത്തിന്റെ പ്രകാശനമായിരുന്നു. ഫോറം ട്രഷറർ മാത്യു മത്തായി ഡോ. സണ്ണി എഴുമറ്റൂരിന് പുസ്തകത്തിന്റെ കോപ്പി നൽകിക്കൊണ്ട് പ്രകാശനം നിർവഹിച്ചു. തുടർന്ന് കേരള റൈറ്റേഴ്സ് ഫോറത്തിന്റെ ഔദ്യോഗിക ഫലകം പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോൺ മാത്യു കഥാകാരന് സമ്മാനിച്ചു. പബ്ളീഷിങ് കോ-ഓർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് അദ്ദേഹത്തെ പൊന്നാടയണിയിച്ചു. ജോൺ തൊമ്മൻ എന്ന ജോൺ പാമ്പക്കൽ തൊമ്മൻ നന്ദി പ്രകാശിപ്പിച്ചു.

'തൊമ്മന്റെ കഥകൾ' ജോൺ തൊമ്മന്റെ രണ്ടാമത്തെ കഥാസമാഹാരമാണ്. എഴുത്ത് ഒരു തപസ്യയാക്കിയ അദ്ദേഹം രചനകൾ പ്രസിദ്ധീകരിക്കുക എന്നതിനപ്പുറം തുടർച്ചയായി എഴുതാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ്. ജൻമനാട്ടിൽ കാലം അനുവദിച്ചിടത്തോളം ജീവിച്ച് കൊതിതീരാതെ കർമഭൂമിയിലേയ്ക്ക് ജീവസന്ധാരമാർത്ഥം ചേക്കേറിയ ജോൺ തൊമ്മൻ തന്റെ സ്പന്ദിക്കുന്ന





ഓർമകളാണ് ഭാവനാശിൽപമായി തൊമ്മന്റെ കഥകളിൽ അവതരിപ്പിക്കുന്നത്. ഈ രചന കേരളത്തിന്റെ പഴയ നാട്ടിൽ പുറങ്ങളിലൂടെയുള്ള ഒരു മടക്കയാത്രയാണ്. അവിടെ തൊമ്മന്റെ കഥാപാത്രങ്ങൾ യതാതഥമായി ജീവിക്കുന്നു.

ജോൺ മാത്യു മോഡറേറ്ററായ സാഹിത്യ ചർച്ചയിൽ സുഗുണൻ ഞെക്കാട്, മാത്യു നെല്ലിക്കുന്ന്, എ.സി ജോർജ്, റ്റി.എൻ സാമുവേൽ, ജോസഫ് തച്ചാറ, ബോബി മാത്യു, റോയി തോമസ്, ഷാജു കൊല്ലന്തറ, വൽസമ്മ ജോൺ, ഡോ. ജോസഫ് പൊന്നോലി, സുരേന്ദ്രൻ നായർ, ജോസഫ് ഓലിക്കൽ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് ഡോ. തോമസ് ഏലിയാസ് തന്റെ പുതിയ പുസ്തകം അവതരിപ്പിച്ച് സംസാരിച്ചു. റോയി തോമസും എ.സി ജോർജും ഓണ ഗാനങ്ങൾ ആലപിച്ചു.

റൈറ്റേഴ്സ് ഫോറത്തിന്റെ പുതിയ പുസ്തകത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുവെന്ന് പബ്ളീഷിങ് കോ-ഓർഡിനേറ്റർ അറിയിച്ചു. പ്രോഗ്രം കോ-ഓർഡിനേറ്ററും ട്രഷററും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സെക്രട്ടറി മോട്ടി മാത്യു ഏവർക്കും നന്ദി പറഞ്ഞു. ഫോട്ടോ: മോട്ടി മാത്യു









# കരൂർ ദുരന്തം:

# മുഖ്യമന്ത്രിക്കസേര പിടിക്കാനുള്ള തേരോട്ടത്തിൽ ദളപതി വിജയ് തളരുമോ..?




എ.എസ് ശ്രീകുമാർ


തമിഴ് ജനതയുടെ രക്തത്തിൽ അലിഞ്ഞുചേർന്ന അന്ധമായ താരാരാധനയുടെ അതിഭീകരമായ ദുരന്തത്തിനാണ് ഇന്നലെ കരൂരിലെ വേലുച്ചാമിപുരം സാക്ഷ്യം വഹിച്ചത്. ശനിയാഴ്ചകളിൽ, നടനും തമിഴക വെട്രി കഴകം (ടി.വി.കെ) നേതാവുമായ വിജയ് നടത്തുന്ന സംസ്ഥാന പര്യടന യോഗത്തിനിടയിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ എണ്ണം 40 ആയി ഉയർന്നിരിക്കുന്നു. നൂറുകണക്കിനാളുകൾ പരിക്കേറ്റ് ആശുപത്രികളിലാണ്. ഗുരുതരാവസ്ഥയിലുള്ളവരും നിരവധി. 15,000 പേരെ മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന റോഡിൽ 60,000 പേരോളം എത്തിയതാണ് സമാനതകളില്ലാത്ത ഈ അപകടത്തിന് കാരണമായത്.

ടി.വി.കെ രൂപീകരിച്ച ശേഷം വിജയ് നടത്തുന്ന സംസ്ഥാന പര്യടനത്തിന്റെ ഭാഗമായിരുന്നു വേലുച്ചാമിപുരത്തെ റാലി അല്ലെങ്കിൽ ശക്തി പ്രകടനമായി മാറുന്ന റോഡ് ഷോ. തുറസായ സ്ഥലത്തിന് പകരം റോഡ് തിരഞ്ഞെടുത്തത് പരിപാടിയിൽ ആൾക്കാർ 'തിങ്ങി നിറഞ്ഞു'വെന്ന് കാണിക്കുവാനാണെന്നാണ് ആക്ഷേപം. എന്നാൽ ഇടുങ്ങിയ സ്ഥലത്ത് പരിപാടി നടത്താൻ പോലീസ് നിർബന്ധിച്ചതാണ്

ദുരന്തത്തിന് കാരണമെന്ന് ടി.വി.കെ പ്രവർത്തകർ പറയുന്നു. സംഭവം നടന്ന ഉടൻ വിജയ് പ്രത്യേക വിമാനത്തിൽ ചെന്നൈയിലേയ്ക്ക് പോയതും വിമർശിക്കപ്പെട്ടു.

“സഹിക്കാനാവാത്ത, പറഞ്ഞറിയിക്കാനാവാത്ത വേദനയിൽ ഉള്ളം പിടയുകയാണ്. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട എന്റെ സഹോദരീ സഹോദരൻമാരോട് നിസ്സീമമായ ആദരമറിയിക്കുന്നു. പരിക്കേറ്റവർക്ക് ഉടൻ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുവരാനാവട്ടെ...” എന്നാണ് ചെന്നൈയിൽ മടങ്ങിയെത്തിയ ശേഷം വിജയ് പ്രതികരിച്ചത്. എന്നാൽ ഇതിനെ ക്ഷണിച്ചു വരുത്തിയ ദുരന്തമായേ വിശേഷിപ്പിക്കാനാവൂ. മുഷ്യനെ പറഞ്ഞ് പ്രലോഭിപ്പിച്ചും സിനിമാ പരിവേഷം കൊണ്ട് അവരെ വശികരിച്ചും താരരാഷ്ട്രീയക്കാർ ആൾക്കൂട്ടം സൃഷ്ടിക്കുമ്പോൾ അവശ്യം പാലിക്കേണ്ട മുൻകരുതലുകളും സുരക്ഷാ മാനദണ്ഡങ്ങളും അവഗണിച്ചതിന്റെ പ്രതിഫലനമാണിത്.

**“സഹിക്കാനാവാത്ത, പറഞ്ഞറിയിക്കാനാവാത്ത വേദനയിൽ ഉള്ളം പിടയുകയാണ്. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട എന്റെ സഹോദരീ സഹോദരൻമാരോട് നിസ്സീമമായ ആദരമറിയിക്കുന്നു. പരിക്കേറ്റവർക്ക് ഉടൻ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുവരാനാവട്ടെ...” എന്നാണ് ചെന്നൈയിൽ മടങ്ങിയെത്തിയ ശേഷം വിജയ് പ്രതികരിച്ചത്. എന്നാൽ ഇതിനെ ക്ഷണിച്ചു വരുത്തിയ ദുരന്തമായേ വിശേഷിപ്പിക്കാനാവൂ. മുഷ്യനെ പറഞ്ഞ് പ്രലോഭിപ്പിച്ചും സിനിമാ പരിവേഷം കൊണ്ട് അവരെ വശികരിച്ചും താരരാഷ്ട്രീയക്കാർ ആൾക്കൂട്ടം സൃഷ്ടിക്കുമ്പോൾ അവശ്യം പാലിക്കേണ്ട മുൻകരുതലുകളും സുരക്ഷാ മാനദണ്ഡങ്ങളും അവഗണിച്ചതിന്റെ പ്രതിഫലനമാണിത്.**




അനുവദിച്ചതിലും കൂടുതൽ ആളുകൾ വേലുച്ചാമിപുരത്തെത്തി. ഉച്ചയ്ക്ക് 12 മണിക്കെത്തുമെന്ന് പറഞ്ഞ വിജയ് എത്തിയത് വൈകുന്നേരം 7.40-നാണ്. സ്വന്തം പരിപാടിയിൽ ആരാധകരെ ‘പോസ്റ്റാ’ക്കിയ ഈ മഹാനടന്, സർക്കാരിനെ പഴിചാരി അപകടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടാനാവില്ല. ഉച്ചയ്ക്ക് നാമക്കലിൽ നടന്ന യോഗത്തിൽ നിരവധിപേർ തളർന്ന് വീഴുകയുണ്ടായി. ആൾക്കാരെ പൊരിവെയിലത്തും മറ്റും ശ്വാസം വിടാനാവാതെ അടുക്കിനിർത്തി അവരുടെ ആരാധന മുതലെടുത്ത് രാഷ്ട്രീയ നേട്ടം കൊയ്യുകയാണ് ഇത്തരം ഷോകളുടെ ലക്ഷ്യം. അതേസമയം പോലീസ് ഉൾപ്പെടെയുള്ള ഔദ്യോഗിക സംവിധാനങ്ങൾ കരൂരിൽ നോക്കുകുത്തികളാവുകയും ചെയ്തു.

ഇവിടെ ആരാധനയുടെ ഈ രാഷ്ട്രീയം അക്ഷരാർത്ഥത്തിൽ മരണക്കെണിയാവുകയായിരുന്നു. തമിഴ് മക്കൾ ദൈവത്തിനും മുകളിലാണ് സിനിമാ താരങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നത്. അതാണ് തമിഴക രാഷ്ട്രീയത്തിന്റെ അടിസ്ഥാനവും. ദ്രാവിഡ കഴകത്തിന്റെ സ്ഥാപക നേതാവും സൂമൂഹിക പരിഷ്കർത്താവുമായ പെരിയാർ ഇ.വി രാമസ്വാമി മുതൽ ഇപ്പോൾ വിജയ് വരെ എത്തി നിൽക്കുന്നതാണ് ആ രാഷ്ട്രീയ പാരമ്പര്യത്തിന്റെ ചങ്ങല. എം.ജി.ആർ, ജയലളിത, വിജയകാന്ത്, കമൽഹാസൻ


എന്നിവർക്കു ശേഷം രാഷ്ട്രീയത്തിലെത്തിയ വിജയ്‌യിനെ അടുത്ത മുഖ്യമന്ത്രി ആയാണ് തമിഴ് ജനം കാണുന്നത്. ആ കസേരയിലേയ്ക്ക് തന്നെയാണ് വിജയ് ഇന്നലെ വേലുച്ചാമിപുരം വഴി തേരോട്ടം നടത്തിയത്.

2026 ഏപ്രിൽ-മെയ് മാസത്തിലായിരിക്കും തമിഴ്‌നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുക. മുഴുവൻ സീറ്റിലും മത്സരിച്ച് കന്നി മത്സരത്തിൽ തന്നെ ഒറ്റയടിക്ക് ഭരണം പിടിക്കാനാണ് പിന്നണിഗായകൻ എന്ന വിശ്ഷമം കൂടി പേറുന്ന ജോസഫ് വിജയ് ചന്ദ്രശേഖർ എന്ന വിജയ് ലക്ഷ്യമിടുന്നത്. വിജയ്‌യുടെ ഈ നീക്കം ലോകസഭ തിരഞ്ഞെടുപ്പിൽ തമിഴകം തൂത്തുവാരിയ ഡി.എം.കെ മുന്നണിയ്ക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കാൻ പോകുന്നത്. സ്റ്റാലിൻ സർക്കാരിന്റെ ജനകീയ പ്രതിച്ഛായയെ തകർക്കാൻ ലഭിക്കുന്ന ഒരവസരവും ദളപതിയും അദ്ദേഹത്തിന്റെ പാർട്ടിയും പാഴാക്കുന്നില്ല. അതാണിപ്പോൾ ടി.വി.കെയുടെ സംസ്ഥാന പര്യടനത്തിലും നിഴലിക്കുന്നത്.

സ്റ്റാലിൻ സർക്കാരിനെ സംബന്ധിച്ച് വലിയ അപകടകാരി ആയാണ് ദളപതി ഇപ്പോൾ മാറി കൊണ്ടിരിക്കുന്നത്. ദളപതിയുടെ വാക്കുകൾക്ക് തമിഴ് ജനതയെ സ്വാധീനിക്കാനുള്ള ശക്തിയുണ്ട് എന്നതാണ് ഡി.എം.കെ നേതൃത്വത്തെ ആശങ്കപ്പെടുത്തുന്നത്. 2026-ലെ തിരഞ്ഞെടുപ്പ് വിജയ്‌യും മുഖ്യമന്ത്രി സ്റ്റാലിന്റെ മകൻ ഉദയനിധി സ്റ്റാലിനും തമ്മിൽ ആകാനാണ് സാധ്യത. സ്റ്റാലിൻ തന്റെ പിൻഗാമിയായി കാണുന്നതും ഉദയനിധിയെ തന്നെയാണ്. ദളപതിയെ പോലെ ഒരു മാസ് താരമല്ലങ്കിലും കേഡർ പാർട്ടിയായ ഡി.എം.കെയുടെ കരുത്തിലാണ് ഉദയനിധിയുടെ ആത്മവിശ്വാസം. ദളപതിയുടെ കരുത്താകട്ടെ അദ്ദേഹത്തിന്റെ ലക്ഷക്കണക്കിനു വരുന്ന ആരാധകരിലുമാണ്.

എന്നാൽ കരൂരിലെ കൂട്ട മരണം വിജയിന്റെ ലക്ഷ്യപ്രാപ്തിയെ എത്രമേൽ സ്വാധീനിക്കുമെന്നാണ് ഏവരും ഉറ്റു നോക്കുന്നത്. സിനിമാ തീയേറ്ററിൽ നിരായുധനായ എംജി.ആറും വില്ലനും തമ്മിൽ സംഘട്ടനം നടക്കുമ്പോൾ പ്രേക്ഷകനായ ആരാധകൻ കൈയിലിരുന്ന കത്തി സ്ക്രീനിലേയ്ക്ക് എറിഞ്ഞു കൊടുത്ത പാരമ്പര്യമാണ് തമിഴരുടേത്. എം.ജി.ആറും ജയലലിതയും മരിച്ചപ്പോൾ ആത്മഹത്യ ചെയ്തവരും തമിഴകത്തുണ്ട്. താരങ്ങൾക്കുവേണ്ടി മരിക്കാൻ അവർക്ക് ഒരു മടിയുമില്ല. റാലികളിലും പാർട്ടി സമ്മേളനങ്ങളിലും തിക്കിലും തിരക്കിലും പെട്ട് ആളുകൾ മരിച്ചു വീഴുന്നത് ഇതാദ്യമല്ല. അതിനാൽ ഇതു സംബന്ധിച്ച ചർച്ചകൾക്കും നടപടികൾക്കുമെല്ലാം ഏതാനും ദിവസത്തെ ആയുസ് മാത്രമേയുണ്ടാവുകയുള്ളൂ. ആരാധക വൃന്ദം 'വിജയ് വിജയ'ത്തിനുവേണ്ടി എല്ലാം മറക്കുകതന്നെ ചെയ്യും.




FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ഫൊക്കാന നടത്തിയ കുടിയേറ്റ നിയമങ്ങളിലെ മാറ്റങ്ങളെക്കുറിച്ചും അതിന്റെ യാഥാർഥ്യങ്ങളും മിഥ്യാധാരണകളും എന്ന ചർച്ച വിജ്ഞാനപ്രദമായിരുന്നു




എച്ച് 1 ബി വിസയെക്കുറിച്ചും കുടിയേറ്റ നിയമങ്ങളിലെ മാറ്റങ്ങളെക്കുറിച്ചും അതിന്റെ യാഥാർഥ്യങ്ങളും മിഥ്യാധാരണകളും ചർച്ച ചെയ്യുന്നതിന് ഫൊക്കാന സംഘടിപ്പിച്ച വെബിനാർ ഏറെ പ്രയോജനപ്രദമായി. നിലവിൽ അമേരിക്കയിൽ എച്ച് 1 ബി വിസയിലും സ്റ്റുഡന്റ് വിസയിലും വിസിറ്റിംഗ് വിസയിലും കഴിയുന്ന ഇന്ത്യക്കാർക്കും വിസ പ്രോസസിംഗ് നടക്കുന്നവർക്കും ഗ്രീൻ കാർഡ് ഉടമകൾക്കും പുതിയ പ്രഖ്യാപനത്തോടെ ഉയർന്ന ആശങ്കകൾക്കും സംശയങ്ങൾക്കും പരിഹാരം ഒരുക്കാനാണ് വെബ്ബിനാർ സംഘടിപ്പിച്ചതെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവർ അറിയിച്ചു.


വ്യക്തത ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കാതെ ഈ വിഷയത്തിൽ വിദഗ്ധരായവരെ കണ്ടെത്തി ശരിയായ അറിവ് പകരുക എന്ന ഉദ്ദേശവും ഇതിലൂടെ നിറവേറി. സുനിത ദിവാൻ (ഫൗണ്ടർ ഓഫ് ദിവാൻ ആൻഡ് അസ്സോസിയേറ്റ്സ്, 25 വർഷത്തിലേറെയായി കോർപറേറ്റ് ആൻഡ് ഫാമിലി ഇമ്മിഗ്രേഷൻ ലോ കൈകാര്യം ചെയ്യുന്നു), ഹഫീസ് ഉദ്ദീൻ (മാനേജിങ് അറ്റോർണി, ദിവാൻ ആൻഡ് അസ്സോസിയേറ്റ്സ്),പൂനം ഗുപ്ത (കൗൺസിൽ, ദിവാൻ അസ്സോസിയേറ്റ്സ്) എന്നിവരും ഫൊക്കാനയുടെ മുതിർന്ന നേതാക്കളും,മുൻ പ്രസിഡന്റുമാരും,ഭരണസമിതി അംഗങ്ങളും ഉൾപ്പെടെ നിരവധിപേർ വെബ്ബിനറിൽ പങ്കെടുത്തു.

കുടിയേറ്റ നിയമങ്ങളിലെ ഏതൊരു മാറ്റവും വലിയ രീതിയിൽ ബാധിക്കുന്ന ഒരു സമൂഹ

മായി ഇന്ത്യക്കാർ, പ്രത്യേകിച്ച് മലയാളികൾ മാറിക്കഴിഞ്ഞിരിക്കുന്നതായി ആമുഖ പ്രസംഗത്തിൽ സജിമോൻ ആന്റണി സൂചിപ്പിച്ചു.ഫൊക്കാനയ്ക്ക് രാഷ്ട്രീയ താല്പര്യങ്ങളില്ലെന്നും ആളുകളുടെ സംശയനിവാരണം മാത്രമാണ് ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അമേരിക്കൻ തൊഴിലിടങ്ങളിൽ അമേരിക്കക്കാർക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് അമേരിക്കൻ ഗവണ്മെന്റ് ദിവസേന കുടിയേറ്റ നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നതെന്ന് സുനിത ദിവാൻ അഭിപ്രായപ്പെട്ടു.

2020 മുതൽ ഈ നിയമം നടപ്പാക്കാനുള്ള ചരടുവലികൾ നടന്നിരുന്നതായും പിന്നീട് വേണ്ടെന്ന് വച്ചതാണെന്നും അവർ വിശദീകരിച്ചു.2020 ന് മുൻപ് വരെ എച്ച് 1 ബി ലോട്ടറി പോലെ നറുക്കെടുപ്പിലൂടെയാണ് അപേക്ഷകരിൽ നിന്നൊരാളെ തിരഞ്ഞെടുത്തിരുന്നതെങ്കിൽ പിന്നീടത് ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടായി. അങ്ങനെയാണ് കൂടുതൽ കഴിവുള്ള അപേക്ഷകർ തിരഞ്ഞെടുക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപെട്ടത്.




സെപ്റ്റംബർ 21 ന് ശേഷമുള്ള അപേക്ഷകർക്കാണ് എച്ച് 1 ബി വിസയ്ക്ക് 100000 ഡോളർ നൽകേണ്ടി വരിക.നിലവിൽ എച്ച് 1 വിസയിൽ കഴിയുന്നവരെ ഈ മാറ്റം ബാധിക്കുകയില്ല. നഴ്സസ് ഉൾപ്പെടെ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരെ ഇത് ബാധിക്കാൻ ഇടയില്ല, ദേശീയ താല്പര്യം (നാഷണൽ ഇന്ററസ്റ്റ്) എന്ന വിഭാഗത്തിൽ ഇത് ഉൾപ്പെടുത്തുമെന്നാണ് കരുതുന്നത്.

അനാവശ്യ യാത്രകൾ ഒഴിവാക്കി ഇനി വരുന്ന ഏതാനും ആഴ്ചകളിൽ അമേരിക്കയിൽ തന്നെ തുടരണമെന്നാണ് വിദഗ്ധർ നൽകുന്ന ഉപദേശം.ഉടനെ വരുന്ന നിയമങ്ങൾ ബാധിക്കാതിരിക്കാൻ അതാണ് ഉചിതം.എന്നാൽ,ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഭയാശങ്ക കൂടാതെ വേഗം നാട്ടിൽ പോയി വരാമെന്നും ദിവാൻ ടീം അഭിപ്രായപ്പെട്ടു.

നാൽപ്പതിൽ അധികം ചോദ്യങ്ങൾക്ക് മറുപടി നൽകി , എല്ലാവരുടെയും ചോദ്യങ്ങൾക്ക് മറുപടി നൽകിയാണ് അറ്റോണിസ് മീറ്റിങ് അവസാനിപ്പിച്ചത്- സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ സ്വാഗതവും വിമെൻസ് ഫോറം ചെയർ രേവതി പിള്ള നന്ദിയും രേഖപ്പെടുത്തി.

ട്രഷർ ജോയി ചാക്കപ്പൻ ചോദ്യങ്ങൾ സമന്യയിപ്പിച്ചു അവതരിപ്പിച്ചു.




NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ




# നെതന്യാ... കൂ

ലേഖനം.
സാം നിലംപള്ളിൽ
samnilampallil@gmail.com

കഴിഞ്ഞദിവസം പുറത്തിറങ്ങിയ മാതൃഭൂമി പത്രത്തിന്റെ ഒന്നാംപേജിലെ തലക്കെട്ടാണ് മേൽകണ്ടത്.. ഇസ്രായേലി പ്രധാനമന്ത്രി നെതൻയാഹുവിനെ ആക്ഷേപിച്ച് ജിഹാദികളുടെ കയ്യടിനേടുകയായിരുന്നു പത്രത്തിന്റെ ഉദ്ദേശം. യു എൻ പൊതുസഭയിൽ അദ്ദേഹം പ്രസംഗിച്ചപ്പോൾ കൂവിവിളിച്ച കാട്ടറബികളുടെ സംസ്കാരം അതേപടി സ്വീകരിച്ചുകൊണ്ടാണ് മാതൃഭൂമിയും അവരോടൊപ്പം കൂവിയത്. മഹാന്മാർ ഇരുന്ന കസേരയിൽ കുരങ്ങൻ കയറിയിരുന്നാൽ എന്താണ് സംഭവിക്കുക എന്നതിന്റെ ഉത്തമഉദാഹരണമാണിത്. പൊതുവേദികളിലും സഭകളിലും കൂവുന്നത് സംസ്കാരമുള്ളവരുടെ പതിവല്ല. വെറും ഏഴാംകൂലികളും സ്വന്തമായി അഭിപ്രായങ്ങളില്ലാത്തവരുടെയും തരംതാഴ്ന്ന പ്രവർത്തിയാണത്.

മഹാനായ കെ.പി കേശവമേനോൻ സ്ഥാപിച്ച പത്രം സ്വാതന്ത്ര്യസമരത്തിൽ വഹിച്ചപങ്ക് ഇൻഡ്യൻ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേശവമേനോനുശേഷവും തുടർന്ന് പത്രത്തിന്റെ സാരഥികളായിട്ട് വന്നിട്ടുള്ള പത്രാധിപന്മാർ മാതൃഭൂമിയുടെ അന്തസ്സ് ഉയർത്തിപിടിക്കുന്ന പ്രവർത്തനരീതിയാണ് അവലംബിച്ചത്. രാഷ്ട്രീയമായാലും സാമുദായികമായാലും സത്യംമാത്രം എഴുതുന്ന പത്രംവായിക്കാൻ ജനങ്ങൾ കാത്തിരുന്ന ഒരുകാലമുണ്ടായിരുന്നു. രാവിലെ ഉണർന്നാൽ ഒരുകട്ടൻകാപ്പിയും കുടിച്ചുകൊണ്ട് ജനങ്ങൾ പത്രമാണ് നിവർത്തുക. പത്രക്കാരൻ വരാൻതാമസിച്ചാൽ അക്ഷമനായി ഗേറ്റിൽപോയി നിന്നിരുന്നു അവർ. ചായക്കടകളിലും നാലുപേർ കൂടുന്നിടത്തും അവരുടെ ചർച്ചകൾ മാതൃഭൂമിയിലെ വാർത്തകളായിരുന്നു. പത്രത്തിലെ വാർത്തകൾ ജനങ്ങൾ രാഷ്ട്രീയഭേദമെന്യെ വിശ്വസിക്കയും ചർച്ചചെയ്യുകയും പതിവായിരുന്നു. കാരണം മാതൃഭൂമി കള്ളങ്ങൾ പ്രചരിപ്പിക്കില്ല എന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. കോൺഗ്രസ്സുകാരനും കമ്മ്യൂണിസ്റ്റുകാരനും രാഷ്ട്രീയഭേദമില്ലാതെ പത്രം വായിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാരൻ ദേശാഭിമാനി വരുത്തിയിരുന്നെങ്കിലും വായിച്ചിരുന്നത് മാതൃഭൂമിയായിരുന്നു. സത്യമതെന്നറിയാൻ അവനും താത്പര്യമുണ്ടല്ലോ.

അവസരവാദിയും തോട്ടംമുതലാളിയുമായ വീരേന്ദ്രകുമാർ സാരഥിആയപ്പോൾമുതലാണ് പത്രത്തിന്റെ അധഃപതനം ആരംഭിച്ചത്. അദ്ദേഹം തന്റെ രാഷ്ട്രീയമോഹങ്ങൾ പൂവണിയാൻ പത്രത്തിന്റെ താളുകളെ ദുരുപയോഗപ്പെടത്തി. കോൺഗ്രസ്സിലും കമ്മ്യൂണിസ്റ്റിലും അവസരംപോലെ കാലുമാറിചവിട്ടിയ വീരേന്ദ്രൻ പത്രത്തെ ദുരുപയോഗിക്കുന്നതുകണ്ട് വായനക്കാർ പരിഭ്രമിച്ചു. അദ്ദേഹത്തിന്റെ മരണശേഷം സാരഥിയായിവന്ന മകൻ ശ്രേയാംസ്കുമാറും അഛന്റെ പാതതന്നെ സ്വീകരിച്ച് പത്രത്തിന്റെ വിശ്വാസികത ഇല്ലാതാക്കുന്നതിൽ തന്റേതായപങ്ക് വഹിച്ചുകൊണ്ടിരിക്കയാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ എം എൽഎ ആകുക പറ്റുമെങ്കിൽ ഒരുമന്ത്രിസ്ഥാനം കൈവരിക്കുക ഇതുമാത്രമാണ് അദ്ദേഹത്തിന്റെ ഉദ്ദേശം.

മലബാർ മേഖലയിൽനിന്ന് വിജയിക്കണമെങ്കിൽ മുസ്ലീങ്ങളുടെവോട്ട് പ്രധാനമാണന്ന് അദ്ദേഹത്തിനറിയാം. അതുകൊണ്ട് ആസമുദായത്തെ പ്രീണിപ്പിക്കുന്ന വാർത്തകളാണ് മാതൃഭൂമി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് പത്രം വായിക്കുന്ന ഒരാൾക്ക് ഇത് മാധ്യമം പത്രമാണോ സുപ്രഭാതം പത്രമാണോയെന്ന് സംശയിച്ചുപോകും. ഈ പത്രങ്ങളുടെ ജാതിപ്രീണനത്തെ കടത്തിവെട്ടുന്ന വാർത്തകളാണ് മാതൃഭൂമി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഒരൊറ്റ വായനക്കാരൻപോലുമില്ലാത്ത യഹൂദനെതിരെ എന്തെല്ലാം തന്മകൾ എഴുതിവിട്ടാലും പത്രത്തിനോ അതിലെ ജീവനക്കാർക്കോ യാതൊന്നും സംഭവിക്കത്തില്ലെന്ന് അവർക്ക് നിശ്ചയമുണ്ട്. പകരം ജിഹാദികളുടെ കയ്യടിയും വോട്ടും നേടാം. ഇത് മാതൃഭൂമിയുടെമാത്രം പ്രവർത്തനരീതിയല്ല. കോട്ടയത്തുനിന്ന് പടച്ചുവിടുന്ന മ പത്രങ്ങളും ഇതേരീതിതന്നെയാണ് പിന്തുടരുന്നത്.

# ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക

# വൻവിജയമായി നൈനയുടെ അഞ്ചാമത് കോൺഫറൻസ്



**ആഷാ മാത്യു**

ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക (NAINA) യുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസ് സെപ്റ്റംബർ 19, 20 തീയതികളിൽ പെൻസിൽവാനിയയിലെ കിംഗ് ഓഫ് പ്രഷ്യയിലുള്ള ഷെറാട്ടൺ വാലി ഫോർജ് ഹോട്ടലിൽ വെച്ച് പ്രൗഢഗംഭീര സദസ്സിൽ നടന്നു. NAINAയുടെ സജീവ പ്രാദേശിക ചാപ്റ്ററുകളിൽ ഒന്നായ പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷ (PIANO)നായിരുന്നു കോൺഫറൻസിന്റെ മുഖ്യ സംഘാടകർ.

'ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക: പ്രാക്ടീസ്, ലീഡർഷിപ്പ്, ഇന്നൊവേഷൻ എന്നിവയിലൂടെ നഴ്സിംഗ് മികവ് മെച്ചപ്പെടുത്തുക' എന്ന പ്രമേയത്തിൽ രണ്ടു ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ വിദഗ്ദ്ധരുടെ പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ സെഷനുകൾ എന്നിവ കോൺഫറൻസിനെ വിജയകരമാക്കി. ഇന്ത്യൻ വംശജരായ നഴ്സുമാരെ ശാക്തീകരിക്കുന്നതിനും അവരുടെ സംഭാവനകൾ എടുത്തുകാണിക്കുന്നതിനും നഴ്സിംഗ് തൊഴിലിനെ ബാധിക്കുന്ന പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുമെല്ലാമുള്ള വേദിയായി നൈനയുടെ അഞ്ചാമത് കോൺഫറൻസ്. ആരോഗ്യപരിപാലന രംഗത്തെ വിദഗ്ദർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ

പുതുതായി സംഘടനയിൽ അംഗത്വമെടുത്തവർക്ക് ഏറെ ഉപകാരപ്രദമായി. നഴ്സിങ് രംഗത്തെ മികച്ച പ്രവർത്തനങ്ങൾ, നഴ്സുമാരുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം, നഴ്സിങ് മേഖലയിലെ നൂതനമായ മാറ്റങ്ങൾ തുടങ്ങിയവയൊക്കെ കോൺഫറൻസിലെ ചർച്ചാവിഷയമായി.

ഇന്നത്തെ സങ്കീർണ്ണമായ ആരോഗ്യ സംരക്ഷണ പരിതസ്ഥിതികളിൽ ഇന്ത്യൻ വംശജരായ നഴ്സുമാരെ ഉയർത്തിക്കൊണ്ടുവരുന്നതിനും പിന്തുണയ്ക്കുന്നതിനും സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു കോൺഫറൻസിലെ എല്ലാ സെഷനുകളും. കാലിഫോർണിയ മുതൽ ന്യൂയോർക്ക് വരെയുള്ള മുപ്പതോളം സംസ്ഥാനങ്ങളിൽ നിന്നുള്ള നഴ്സുമാരുടെ പങ്കാളിത്തം കോൺഫറസിന്റേയും നൈനയുടേയും കരുത്ത് വെളിപ്പെടുത്തുന്നതായി. സംഘടനയുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കേണ്ടതിനെക്കുറിച്ചും കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ നടപ്പിലാക്കാൻ കഴിയുന്ന നല്ല പദ്ധതികളെക്കുറിച്ചും സമ്മേളനത്തിൽ അഭിപ്രായങ്ങളുയർന്നു. നഴ്സുമാർക്കു പുറമേ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നിന്നും നിരവധി പേർ നൈനയുടെ ക്ഷണം സ്വീകരിച്ച് കോൺഫറൻസിൽ പങ്കെടുത്തു.

NAINA യുടെ പ്രസിഡന്റ് ശ്രീമതി ഉമാമഹേശ്വരി വേണുഗോപാലിന്റെ നേതൃത്വത്തിലാണ് കോൺഫറൻസ് ഭംഗിയായി നടന്നത്. ചഅകചഅ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിഫി ചെറിയാൻ, നാഷണൽ കൺവീനറും വൈസ് പ്രസിഡന്റുമായ താര ഷാജൻ, പിയാനോ പ്രസിഡന്റും ചാപ്റ്റർ കൺവീനറുമായ ബിന്ദു എബ്രഹാം, ചഅകചഅ അജച ചെയർമാനും കൺവീനറുമായ ഡോ. ബിനു ഷാജിമോൻ, ചഅകചഅ ഫണ്ട്റൈസിംഗ് ചെയർപേഴ്സൺ സാറാമ്മ ഐപ്പ് എന്നിവർ നേതൃനിരയിലെ ശക്തമായ സാന്നിധ്യമായി.

അമേരിക്കൻ നഴ്സസ് അസോസിയേഷന്റെ നഴ്സിംഗ് പ്രോഗ്രാം ഡയറക്ടർ ഡോ. കാറ്റി ബോസ്റ്റൺ-ലിയറി, ജെഫേഴ്സൺ ഹെൽത്തിലെ ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. ക്ലെയർ മൂണി, ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. ചൗഡ്രോൺ കാർട്ടർ ഷോർട്ട് എന്നിവർ കോൺഫറൻസിൽ മുഖ്യ പ്രഭാഷകരായി. ക്ലിനിക്കൽ മികവ്, നഴ്സിംഗ് നേതൃത്വം, ആരോഗ്യ സംരക്ഷണമേഖലയിലെ വികസനത്തിന്റെ ഭാവി എന്നിവയെക്കുറിച്ച് ഇവരോരോരുത്തരും ഫലപ്രദമായ സെഷനുകൾ നടത്തി. ജാരെഡ് സോളമൻ, മിസ്റ്റർ സേത്ത് ബ്ലൂസ്റ്റൈൻ (ഇലക്ഷൻ കമ്മീഷണർ), ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് പബ്ലിക് ഹെൽത്തിലെ നഴ്സിംഗ് ഡിപ്പാർട്ട്മെന്റ് ചെയർപേഴ്സൺ ഡോ. അമിത അവധാനി തുടങ്ങിയവരുടെ സാന്നിധ്യവും കോൺഫറൻസിന് നിറം പകർന്നു.

NAINA യുടെ ചരിത്രത്തിൽ ആദ്യമായി, ഒരു ഡിജിറ്റൽ










സുവനീറിന്റെ പ്രകാശനവും ഗ്രാന്റ് റൈറ്റിംഗ് വർക്ക്ഷോപ്പ്, ക്ലിനിക്കൽ സ്കിൽസ് സെഷൻ എന്നിവയുൾപ്പെടെ പ്രീ-കോൺഫറൻസ് സെഷനുകളുടെ ആമുഖവും സമ്മേളനത്തിൽ നടന്നു. പിയാനോ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ശ്രീമതി ബ്രിഡ്ജറ്റ് വിൻസെന്റ്, പിയാനോ വൈസ് പ്രസിഡന്റ് ശ്രീമതി സൂസൻ സാബു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാല നൈറ്റ് കോൺഫറൻസിലെ ഹൈലൈറ്റുകളിലൊന്നായിരുന്നു. സമാപന സമ്മേളനത്തിൽ 'DAISY ഹെൽത്ത് ഇക്വിറ്റി അവാർഡുകൾ' സമ്മാനിച്ചു. ഡോ. ഗ്രേസ് സാമുവലിന് ഡെയ്സി വ്യക്തിഗത ആരോഗ്യ ഇക്വിറ്റി അവാർഡ് ലഭിച്ചു. ആരോഗ്യ സംരക്ഷണത്തിൽ തുല്യത കൈവരിക്കുന്നതിനുള്ള മികച്ച ശ്രമങ്ങൾക്ക് ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് കരോലിനയെ (INANC) 'ഡെയ്സി ചാപ്റ്റർ ഹെൽത്ത് ഇക്വിറ്റി അവാർഡ്' നൽകി ആദരിച്ചു. കോൺഫറൻസ് വിജയകരമാക്കാൻ സഹായിച്ച സ്പോൺസർമാരോടും ആദ്യാവസാനം പിന്തുണച്ചവരോടും NAINA ഭാരവാഹികൾ നന്ദി അറിയിച്ചു.

സേവനത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും മൂല്യം ഉയർത്തിപ്പിടിച്ച്, ചെസ്റ്റർ കൗണ്ടിയിലെ ഹാബിറ്റാറ്റ് ഫോർ ഹ്യുമാനിറ്റിയെ പിന്തുണച്ച് ഒരു ചാരിറ്റബിൾ സംരംഭവും കോൺഫറൻസിൽ NAINA സംഘടിപ്പിച്ചു. പ്രദേശവാസികൾക്ക് പ്രയോജനപ്പെടുന്നതിനായി പ്രതിനിധികൾ വീട്ടുപകരണങ്ങളും അതോടൊപ്പം സാമ്പത്തിക സംഭാവനകളും ഉദാരമായി നൽകി. നഴ്സിംഗ് തൊഴിലിനെ നിർവചിക്കുന്ന അനുകമ്പയുടെ ഹൃദ്യമായ ഉദാഹരണമായിരുന്നു ഈ സംരംഭം. ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക എന്ന ദൗത്യത്തിൽ ഉറച്ചുനിന്നുകൊണ്ട്, ആഗോളതലത്തിൽ ഇന്ത്യൻ നഴ്സുമാരെ ഉയർത്തിക്കൊണ്ടുവരുന്നതിനും അവരുടെ ശബ്ദമാകുന്നതിനും സംഘടന ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.



# ലാൽസലാം അന്നമ്മേ



**സുനിൽ വല്ലാത്തറ**

**ഫ്ലോറിഡാ**

തൊള്ളായിരത്തി എൺപതിയെഴിൽ പുറത്തിറങ്ങി സൂപ്പർ ഹിറ്റും കഴിഞ്ഞു ബമ്പർ ഹിറ്റായ ഹിറ്റ് മേക്കർ ജോഷിയുടെ ന്യൂഡൽഹി എന്ന സിനിമയുടെ ഷൂട്ടിംഗ് ലൊക്കേഷൻ പൂർണമായും ന്യൂഡൽഹി ആയിരുന്നു. അതിന് മുൻപ് ഒരു മലയാള സിനിമ പോലും പൂർണമായി ഡൽഹിയിൽ ചിത്രീകരിച്ചിട്ടില്ല

ഡൽഹിയിലെ രാഷ്ട്രീയത്തിന്റെയും പരസ്പരം മത്സരിക്കുന്നമാധ്യമങ്ങളുടെയും മാധ്യമങ്ങളുടെയും കഥപറഞ്ഞ ഈ സിനിമ ചിത്രീകരിക്കുന്നതിനു ഒരുപാട് സാങ്കേതിക തടസങ്ങൾ ഉണ്ടായിരുന്നു. മാസങ്ങൾ ആലോചനയിൽ നീണ്ടുപോയ ഈ പ്രൊജക്റ്റ് ഒടുവിൽ ഇതിന്റെ തിരക്കഥകൃത് ഡെന്നിസ് ജോസഫ് തന്റെ സുഹൃത്തായ അന്നത്തെ യൂത്ത് കോൺഗ്രസ് നേതാവ് സി കെ ജീവനെ കൊണ്ടു മുഖ്യമന്ത്രി ആയിരുന്ന കരുണാകരനെ ഇടപെടുത്തിയാണ് ഡൽഹിയിൽ ചിത്രീകരണം പൂർത്തീകരിച്ചത്

എൺപതിയഞ്ചിനു ശേഷം രണ്ടു വർഷത്തോളം താൻ അഭിനയിക്കുന്ന എല്ലാ സിനിമകളും പരാജയപ്പെടുന്നത് കണ്ട് നിരാശനായി സിനിമയിൽ നിന്നും തന്നെ വിട്ടു നിന്നാലോ എന്ന് മമ്മൂട്ടി ആലോചിക്കുമ്പോൾ ആണ് ഈ സിനിമ ബോക്സ് ഓഫീസ് ഹിറ്റ് ആകുന്നതും മമ്മൂട്ടി സൂപ്പർ സ്റ്റാർ ആകുന്നതും

ഈ ചിത്രത്തിൽ മാധ്യമപ്രവർത്തകരുടെ വേഷം ചെയ്ത പ്രണയ ജോടികൾ ആയി അഭിനയിച്ചത് സുരേഷ് ഗോപിയും ഉർവശിയും ആയിരുന്നു. ചിത്രത്തിൽ നായിക ആയ തെന്നിന്ത്യൻ സുന്ദരി സുമലതയേക്കാൾ കയ്യടി നേടിയത് ഉർവശി ആയിരുന്നു

അതുവരെ മോഹൻലാലിന്റെയും മമ്മൂട്ടിയുടെയും സ്ഥിരം നായികമാർ ആയിരുന്ന ശോഭനെയും അംബികയേയും ലിസിയെയും കടത്തി വെട്ടി പിന്നീട് ലാലിന്റെയും മമ്മൂട്ടിയുടെയും സ്ഥിരം നായിക

ആകുവാൻ ഉർവശിക്കു ഈ സിനിമ ഗുണം ചെയ്തു

മമ്മൂട്ടി മോഹൻലാൽ മാത്രമല്ല രണ്ടാം നിരയിലും മൂന്നാം നിരയിലും ഉണ്ടായിരുന്ന ജയറാം മുകേഷ് മനോജ് കെ ജയൻ സിദ്ധിക്ക് ജഗതീഷ് ഇവരുടെയെല്ലാം സ്ഥിരം നായിക ഒരുകാലത്തു ഉർവശി ആയിരുന്നു




മലയാള സിനിമയിൽ മാത്രം ഒതുങ്ങുന്നതല്ലായിരുന്നു ഉർവശിയുടെ പ്രതിഭ. താൻ ആദ്യമായി പതിനാലാം വയസ്സിൽ നായിക ആയ കെ ഭാഗ്യരാജിന്റ് മുന്തനായി മുടിച്ചു എന്ന തമിഴിലും തെലുങ്കിലും കന്നഡയിലും എന്നുവേണ്ട ഹിന്ദിയിലെ വരെ സൂപ്പർ സ്റ്റാറുകളുടെ നായിക ആയിട്ടുണ്ട് പൊടിമോൾ എന്ന് വേണ്ടപ്പെട്ടവർ സ്നേഹത്തോടെ വിളിക്കുന്ന ഈ അതുല്യ കലാകാരി.

ഇന്ത്യൻ സിനിമയിലെ താരചക്രവർത്തി സകലകലവല്ലഭൻ കമലഹാസൻ ഏതു സിനിമ ചെയ്താലും ഒരു ഹീറോയിൻ റോൾ ഉർവശിയ്ക്കു കൊടുക്കുവാൻ മറക്കുകയില്ല

ഒന്നിൽ കൂടുതൽ നായികമാർ അഭിനയിക്കുന്ന സിനിമകളിൽ വേഷം ഇടുമ്പോൾ മറ്റേ നായികയെ നിഷ്പ്രഭം ആക്കുന്ന അഭിനയ ശൈലി ആണ് കവിത എന്നുകൂടി വിളിപ്പേരുള്ള ഉർവശിയുടേത്.

അതിന് ഉദാഹരണങ്ങൾ ആണ് കൊച്ചിൻ ഹനീഫ സംവിധാനം ചെയ്ത മൂന്നു മാസങ്ങൾക്കു മുൻപ് എന്ന ചിത്രത്തിൽ വാശിച്ചു അഭിനയിച്ച അംബികയെ മറികടന്നു തീയേറ്ററിൽ കയ്യടി നേടിയത്

എൺപത്തിയെട്ടിൽ പുറത്തിറങ്ങിയ ഐ വി ശശി സംവിധാനം ചെയ്തു മോഹൻലാൽ നായകൻ ആയ അനുരാഗി എന്ന ചിത്രത്തിൽ രണ്ടു നായികമാർ ആയിരുന്നു ഉർവശിയും തെന്നിന്ത്യയിലെ കിരീടം വയ്ക്കാത്ത താരറാണി രമ്യകൃഷ്ണനും രണ്ടു പേരും തകർത്തു അഭിനയിച്ച ചിത്രം ഹിറ്റായി പുറത്തു വന്നപ്പോൾ രമ്യ പ്രതികരിച്ചത് ഉർവശിയിൽ നിന്നും താൻ ഒരുപാട് അഭിനയം പഠിച്ചെന്നാണ്

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറിൽ വേണു നാഗവള്ളി ഒരു പൊളിറ്റിക്കൽ മൂവി ലാൽസലാം എന്ന പേരിൽ സംവിധാനം ചെയ്തിരുന്നു മോഹൻലാലിനെ കൂടാതെ മുരളിയും നായകനായ ഈ ചിത്രത്തിൽ നായികമാർ ഗീതയും ഉർവശിയും ആയിരുന്നു

ബീഡിയുണ്ടോ സഖാവേ ഒരു തീപ്പെട്ടി എടുക്കാൻ എന്ന ഡയലോഗ് വൈറൽ ആയ ഈ ചിത്രത്തിൽ മോഹൻലായും മുരളിയും വാശിച്ചു അഭിനയിച്ചതിനേക്കാൾ കൂടുതൽ ഇരട്ടി വാശിയോട് അഭിനയിച്ചത് ഗീതയും അന്നമ്മ എന്ന കഥാപാത്രം ചെയ്ത ഉർവശിയും ആണ്

ആ വർഷത്തെ നാഷണൽ അവാർഡ് നോമിനേഷനിൽ ഉർവശിയുടെ ഈ ചിത്രത്തിലെ അന്നമ്മ എന്ന കഥാപാത്രവും ഇടം പിടിച്ചിരുന്നു. ധൗർഭാഗ്യകരം ആണോ അതോ പൊളിറ്റിക്കൽ മൂവി ആയതുകൊണ്ടാണോ എന്നറിയില്ല തന്റെ പേരുള്ള ഉർവശി അവാർഡ് അന്ന് ഏറ്റു വാങ്ങാൻ ഡൽഹിക്ക് പോകാൻ ഉർവശിക്കു സാധിച്ചില്ല. നിമിത്തമാകാം തന്റെ സിനിമ ജീവിതത്തിനു വഴിതിരിവ് ആയ ന്യൂഡൽഹി എന്ന ചിത്രത്തിലെ പ്രണയ നായകൻ ആയ സുരേഷ് ഗോപി മുപ്പത്തിയേട്ടു വർഷത്തിന് ശേഷം ഇപ്പോൾ കേന്ദ്രമന്ത്രി ആയതും അദ്ദേഹത്തിന്റെ ഡൽഹിയിലെ വസതിയിൽ വച്ചു ഇപ്പോൾ കിട്ടിയ നാഷണൽ അവാർഡ് മധുരം കഴിച്ചു ആഘോഷിച്ചതും.

# ഹ്യൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ
# അവിസ്മരണീയമായ ഓണാഘോഷം



**ശങ്കരൻകുട്ടി, ഹ്യൂസ്റ്റൻ**

ഹ്യൂസ്റ്റൺ, ടെക്സസ്: ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം 2025 ലെ ഓണാഘോഷം റെക്കോർഡ് ജനപങ്കാളിത്തം കൊണ്ട് അവിസ്മരണീയമായി. സംസ്കാരത്തിന്റെയും ഭക്തിയുടെയും പാരമ്പര്യത്തിന്റെയും ഒരു മനോഹരമായ ചിത്രമായി പരിപാടി മാറി. 2,500-ലധികം ഭക്തരും അഭ്യുദയകാംക്ഷികളും അടങ്ങുന്ന അഭൂതപൂർവമായ ജനക്കൂട്ടമാണ് ആഘോഷത്തിന് എത്തിയത്.

മുഖ്യാതിഥി കോൺസൽ ജനറൽ പി.സി. മഞ്ജുനാഥ്, ക്ഷേത്ര പ്രസിഡന്റ് ഡോ. സുബിൻ ബാലകൃഷ്ണൻ, സെക്രട്ടറി വിനോദ് നായർ, ട്രഷറർ സുരേഷ് നായർ, ട്രസ്റ്റി സുനിൽ നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ ആഘോഷം ആരംഭിച്ചു. ഇത്രയും വലുതും വൈവിധ്യപൂർണ്ണവുമായ ആഘോശം സംഘടിപ്പിച്ചതിനു ക്ഷേത്രഭാരവാഹികളെ കോൺസൽ ജനറൽ പ്രശംസിച്ചു. 'അമേരിക്കയിൽ പങ്കെടുത്ത ഒരൊറ്റ ഓണാഘോഷത്തിലും ഇത്രയും വലിയ ജനസഞ്ചയത്തെ ഞാൻ കണ്ടിട്ടില്ല,' അദ്ദേഹം പറഞ്ഞു .

പരമ്പരാഗത വസ്ത്രധാരണം, യഥാർത്ഥ വാഴയിലയിൽ വിളമ്പിയ ആധികാരിക കേരള ശൈലിയിലുള്ള വിരുന്ന്, 32 വിശിഷ്ട വിഭവങ്ങളുള്ള സദ്യ, സംഘാടകരുടെ അതുല്യമായ ആതിഥ്യം എന്നിവയെ അദ്ദേഹം പ്രശംസിച്ചു.

ജഡ്ജി സുരേന്ദ്രൻ പട്ടേൽ,





മൈസൂരി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യൂസ്, ഫോർട് ബെൻഡ്- ഹാരിസ് കൗണ്ടി അധികൃതർ എന്നിവരുടെ നിറസാന്നിധ്യവും ശ്രദ്ധേയമായി. ക്ഷേത്ര കമ്മിറ്റിയുടെ സമർപ്പണം, സുഗമമായ സംഘാടനം, കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്നതിനുള്ള അക്ഷീണ പരിശ്രമം എന്നിവയെ അവർ പ്രശംസിച്ചു.


പ്രശസ്ത പാചക വിദ്വാൻ അംബി സ്വാമിയുടെ നേതൃത്വത്തിലുള്ള സംഘവും ക്ഷേത്ര വളന്റിയേഴ്സും ചേർന്നൊരുക്കിയ രുചിഭേദങ്ങളുടെ മാസ്മരിക സ്വാദ് വർണനാതീതമായിരുന്നു.

തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ കേരളത്തിലെ സമ്പന്നമായ ക്ലാസിക്കൽ, നാടോടി പാരമ്പര്യങ്ങൾ അവതരിപ്പിച്ചു. മനം മയക്കുന്ന നൃത്തനൃത്യങ്ങൾ, സംഗീതം, ഉത്സാഹഭരിതമായ പ്രകടനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

അതിഥികൾ ഓരോ അവതരണത്തിന്റെയും ഉയർന്ന നിലവാരത്തെയും ചാരുതയെയും പ്രശംസിച്ചു. ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച ഓണാഘോഷങ്ങളിലൊന്നായി ഇതിനെ വിശേഷിപ്പിച്ചു.

നാലുമണിക്കൂർ നീണ്ടുനിന്ന ശ്രീഗുരുവായൂരപ്പൻ ടെംപിൾ പ്രൊഡക്ഷൻസിന്റെ നൃത്തനൃത്യങ്ങൾ ഹൃദ്യമായി. ഇത്രയും പ്രൗഢഗംഭീരമായി ഈ ആഘോഷം കോർത്തിണക്കിയ അജിത് നായരുടെ സംവിധാനമികവും തികച്ചും പ്രശംസനീയമായി. സുഗന്ധമുള്ള പൂക്കൾ, ശ്രുതിമധുരമായ ഗാനങ്ങൾ, ആസ്വാദ്യകരമായ രുചി കൂട്ടുകൾ, ചിരിയും ഒരുമയും നിറഞ്ഞ ഒരു ഒത്തുചേരൽ എന്നിവയാൽ ഹ്യൂസ്റ്റണിലെ ഓണം 2025 ഒരു ആഘോഷം മാത്രമല്ല - മറിച്ച് അവിടെയുണ്ടായിരുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ പതിഞ്ഞ ഒരു ഓർമ്മയായി മാറി.




the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# തദ്ദേശ തിരഞ്ഞെടുപ്പ് നടപടികളിലേയ്ക്ക് കേരളം; പിണറായി സർക്കാരിന് പരീക്ഷണ കാലം

എ.എസ് ശ്രീകുമാർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടപടികളിലേക്ക് കേരളം പ്രവേശിക്കുകയാണ്. തിരഞ്ഞെടുപ്പ് ഒക്ടോബർ-നവംബർ മാസങ്ങളിൽ നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. ഇതിനുള്ള ഒരുക്കങ്ങൾ പുർത്തിയായെന്നും ഡിസംബർ 20-ന് മുൻപ ˋ പുതിയ ഭരണസമിതി ചുമതല ഏൽക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ പറഞ്ഞു. തിരഞ്ഞെടുപ്പിന് മുൻപായി ഒരിക്കൽ കൂടി വോട്ടർ പട്ടിക ഒരിക്കൽ കൂടി പുതുക്കും. തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനാണ് അറിയിക്കുക. പഞ്ചായത്തുകളിലേയ്ക്കും നഗര സഭകളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പിന് സംസ്ഥാന തിര




ഞെടുപ്പ് കമ്മീഷൻ അടുത്ത മാസം അവസാനത്തോടെ പൂർണമായും ഒരുങ്ങും. അതിനാൽ ഇനിയുള്ളത് തിരഞ്ഞെടുപ്പ് കാലമാണ്.

കഴിഞ്ഞ തവണ, അതായത് 2020 ഡിസംബർ 8, 10, 14 തീയതികളിലാണ് തദ്ദേശ തിരഞ്ഞടുപ്പ് നടന്നത്. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 86 നഗരസഭകൾ, 6 കോർപ്പറേഷനുകൾ എന്നിവിടങ്ങളിലേയ്ക്ക് നടന്ന വോട്ടെടുപ്പിൽ ഇടതു തരംഗമാണ് ആഞ്ഞടിച്ചത്. 514 ഗ്രാമ പഞ്ചായത്തുകളിൽ ഇടതു മുന്നണി വിജയിച്ചപ്പോൾ യു.ഡി.എഫ് 377-ൽ ഒതുങ്ങി. 22 സീറ്റുകൾ എൻ.ഡി.എയും 28 എണ്ണം മറ്റുള്ളവരും സ്വന്തമാക്കി. ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളിൽ മൂന്നിൽ രണ്ടു സീറ്റുകളിലും എൽ.ഡി.എഫ് വിജയിച്ചു. ബ്ലോക്ക് പഞ്ചായത്തിൽ 108 എണ്ണം എൽ.ഡി.എഫിന്റെയും 44 സീറ്റുകൾ യു.ഡി.എഫിന്റെയും പേരിൽ കുറിക്കപ്പെട്ടു.

11 ജില്ലാ പഞ്ചായത്തുകൾ ഇടതു മുന്നണിയും 3 എണ്ണം യു.ഡി.എഫും നേടി. ആകെയുള്ള ആറ് കോർപ്പറേഷനുകളിൽ ഒന്നിൽ മാത്രമാണ് യു.ഡി.എഫിന് വിജയിക്കാനായത്. എന്നാൽ മുനിസിപ്പാലിറ്റികളിൽ യു.ഡി.എഫിനായിരുന്നു മേൽക്കൈ. യു.ഡി.എഫ്-45, എൽ.ഡി.എഫ് -35. 2020 ഡിസംബർ 21-നാണ് നിലവിലുള്ള ഭരണ സമിതികൾ ചുമതലയേറ്റത്. എൽ.ഡി.എഫ് വിജയം സംസ്ഥാനത്തെ ജനങ്ങളുടെ കൂടി വിജയമാണെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടത്. ബി.ജെ.പിയുടെ അവകാശ വാദങ്ങൾ ഒരിക്കൽകൂടി തകർന്നടിഞ്ഞിരിക്കുന്നുവെന്നും വർഗ്ഗീയ ശക്തികളുടെ ഐക്യപ്പെടലിനും കുത്തിതിരിപ്പുകൾക്കും കേരള രാഷ്ട്രീയത്തിൽ ഇടമില്ലെന്ന് ഈ തിരഞ്ഞെടുപ്പ് തെളിയിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു.







അതേ സമയം, കേരളത്തിലെ പ്രബല സാമുദായിക സംഘടനകളായ എൻ.എസ്.എസിന്റെയും എസ്.എൻ.ഡി.പിയുടെയും ആശീർവാദത്തോടെ പിണറായി വിജയൻ മൂന്നാം ഊഴത്തിന് കച്ചമുറുക്കുന്ന പശ്ചാത്തലത്തിലാണ് തദ്ദേശ തിരഞ്ഞെടുപ്പിന് കേളികൊട്ടുയരുന്നത്. വരുന്ന ഡിസംബർ 20-ഓടെ പുതിയ ഭരണ സമിതികൾ അധികാരമേൽക്കും. പിന്നെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ നാളുകളാണ്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ ടെസ്റ്റ് ഡോസല്ല തദ്ദേശ ഇലക്ഷൻ എങ്കിലും കഴിഞ്ഞ തവണത്തെ ഗംഭീര വിജയം ആവർത്തിച്ചാൽ ആത്മവിശ്വാസത്തോടെ സി.പി.എമ്മിനും ഇടതു മുന്നണിക്കും അസംബ്ലി ഇലക്ഷനെ നേരിടാനാകും.

നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പുള്ള അടിത്തട്ടിലെ നിർണായക രാഷ്ട്രീയ പോരാട്ടമാണ് തദ്ദേശ തിരഞ്ഞെടുപ്പ്. ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നീ സ്ഥാപനങ്ങളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പിന്റെ സ്വഭാവം നിയമസഭ, ലോക്സഭ ഇലക്ഷനുകളിലേതിൽ



**പഞ്ചായത്ത് തിരഞ്ഞെടുപ്പിന് എക്കാലത്തും തികച്ചും പ്രാദേശികമായ സ്വഭാവമാണുള്ളത്. അഖില ലോകപ്രശ്നങ്ങളും അഖിലേന്ത്യാ പ്രശ്നങ്ങളും ഇവിടെ പ്രസക്തമല്ല. പരിചിത മുഖങ്ങളുടെ പോരാട്ടം ശക്തമാണെപ്പോഴും കേരളത്തിൽ. തദ്ദേശ തിരഞ്ഞെടുപ്പ് വാസ്തവത്തിൽ സ്പോർട്സ്മാൻ സ്പിരിറ്റോടെയുള്ള ഒരു രാഷ്ട്രീയ ഉൽസവം തന്നെയാണ്.**

നിന്നും തികച്ചും വിഭിന്നമാണ്. ഇവിടെ സ്ഥാനാർത്ഥിയുടെ ഗ്ലാമറിനോ ചുറുചുറുക്കിനോ രാഷ്ട്രീയ ചായ്‌വിനോ ഒന്നും അധികം പ്രസക്തിയില്ല. നമ്മുടെ അയൽപക്കക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെയായിരിക്കും മിക്കവാറും ഗോദയിൽ പൊരുതാനുണ്ടാവുക, ഒപ്പം ശത്രുക്കളും. ഇവിടെ വ്യക്തിപരമായ താത്പര്യങ്ങളാണ് പ്രധാനമായും ബാലറ്റ് ബട്ടണിൽ അമർത്തപ്പെടുന്നത്. സ്നേഹവും കുടിപ്പകയും വാൽസല്യവും ബഹുമാനവും ചൂണ്ടുവിരൽത്തുമ്പിൽ സംഗമിക്കുന്നതാണ് തദ്ദേശ തിരഞ്ഞടുപ്പ്. ഒപ്പം രാഷ്ട്രീയവും.

ആറ് കോർപറേഷനുകളാണ് കേരളത്തിലുള്ളത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവ. കണ്ണൂർ കഴിഞ്ഞ തവണ പുതുതായി രൂപീകരിച്ചതാണ്. കൊട്ടാരക്കര, പന്തളം, ഹരിപ്പാട്, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കട്ടപ്പന, പിറവം, കൂത്താട്ടുകുളം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, തിരൂരങ്ങാടി, പയ്യോളി, രാമനാട്ടുകര, കൊടുവള്ളി, മുക്കം, കൊണ്ടോട്ടി, ഫറോക്ക്, മാനന്തവാടി, സുൽത്താൻ ബത്തേരി, ഇരിട്ടി, പാനൂർ, ശ്രീകണ്ഠാപുരം, ആന്തൂർ എന്നിങ്ങനെ പുതിയ മുനിസിപ്പാലിറ്റികളും 2020-ലെ തിരഞ്ഞെടുപ്പിന് മുമ്പ് രൂപീകരിക്കുകയുണ്ടായി. ഇവയും കണ്ണൂർ കോർപറേഷനും രൂപീകരിച്ചതോടെ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം 987ൽ നിന്ന് 914 ആയി കുറഞ്ഞു. മൊത്തം 86 നഗരസഭകളുണ്ട്. 152 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാപഞ്ചായത്തുകളിലും ഇക്കുറിയും പോരാട്ടം തീപാറും.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ അനുസരിച്ചാണ് ത്രിതല പഞ്ചായത്ത് സമ്പ്രദായം ഇന്ത്യയിൽ നിലവിൽ വന്നത്. വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായ ഏജൻസികളായി ഉയർന്നിരിക്കുന്നു. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, നഗര ഗ്രാമാസൂത്രണ വകുപ്പ് എന്നിവ പ്രാദേശിക ഭരണകൂടത്തിന്റെ പ്രധാന അനുബന്ധ വകുപ്പുകളാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നത് ഈ വിഭാഗങ്ങൾ എല്ലാം ഉൾപ്പെടുന്നതാണ്. വകുപ്പിന് ഒരു ഗവൺമെന്റ് സെക്രട്ടറിയാണ് നേതൃത്വം നൽകുന്നത്. മന്ത്രിമാർ ചേർന്നാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

എന്നാൽ ഈ മൂന്നു വിഭാഗങ്ങളുടേയും ഏകോപനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനം എടുക്കുന്നത് ഈ മന്ത്രിമാരോടൊപ്പം മുഖ്യമന്ത്രി ഉൾപ്പെടുന്ന ഒരു സമിതിയാണ്. 1994-ൽ കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു. 1997-ൽ ഇ.എം.എസ് ഗവൺമെന്റ് ഊർജ്ജം, ധനകാര്യം, വൈദഗ്ദ്ധ്യം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യാനുള്ള ധീരമായ സംരംഭം ഏറ്റെടുത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തദ്ദേശീയ പങ്കാളിത്തവും 1996-2001-ലെ സർക്കാർ അധികാര വികേന്ദ്രീകരണത്തിലൂടെ പ്രോത്സാഹിപ്പിച്ചു.

പഞ്ചായത്ത് തിരഞ്ഞെടുപ്പിന് എക്കാലത്തും തികച്ചും പ്രാദേശികമായ സ്വഭാവമാണുള്ളത്. അഖില ലോകപ്രശ്നങ്ങളും അഖിലേന്ത്യാ പ്രശ്നങ്ങളും ഇവിടെ പ്രസക്തമല്ല. പരിചിത മുഖങ്ങളുടെ പോരാട്ടം ശക്തമാണെപ്പോഴും കേരളത്തിൽ. തദ്ദേശ തിരഞ്ഞെടുപ്പ് വാസ്തവത്തിൽ സ്പോർട്സ്മാൻ സ്പിരിറ്റോടെയുള്ള ഒരു രാഷ്ട്രീയ ഉൽസവം തന്നെയാണ്. ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ഒക്കെ വോട്ടായിമാറുന്നത് അവിടങ്ങളിലെ പ്രശ്നങ്ങളിലും പരാതികളിലും രാഷ്ട്രീയപ്പാർട്ടികൾ കൈക്കൊള്ളുന്ന ക്രിയാത്മകമായ ജനപക്ഷ നിലപാടുകളാണ്.



# പിണറായിയുടെ മൂന്നാമൂഴത്തിന് കളമൊരുക്കി എൻ.എസ്.എസും എസ്.എൻ.ഡി.പിയും

എ.എസ് ശ്രീകുമാർ

മുഖ്യമന്ത്രി പിണറായി വിജയന്റെ മൂന്നാമൂഴത്തിന് വാതിൽ തുറന്നിട്ടിരിക്കുകയാണ് കേരളത്തിലെ രണ്ട് പ്രബല സമുദായ സംഘടനകളായ എൻ.എസ്.എസും എസ്.എൻ.ഡി.പിയും. പമ്പയിൽ നടന്ന ആഗോള അയ്യപ്പ സംഗമത്തിന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും എൻ.എസ്.എസ് വാസ് പ്രസിഡന്റ് എം സംഗീത് കുമാറും പങ്കെടുത്തതോടെ അവർ പിണറായിയുടെ പ്രിയപ്പെട്ടവരായി മാറിക്കഴിഞ്ഞുവെന്ന തോന്നൽ ഉളവായിട്ടുണ്ട്. ആരോഗ്യപരമായ കാരണങ്ങളാലാണ് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പമ്പയിലെത്താതിരുന്നതെങ്കിൽ വെള്ളാപ്പള്ളി പിണറായി വിജയന്റെ ഒന്നാം നമ്പർ സ്റ്റേറ്റ് കാറിലാണ് സംഗമ സ്ഥലത്തെത്തിയത്.




ആഗോള അയ്യപ്പ സംഗമത്തിലെ ആളൊഴിഞ്ഞ കസേരകൾ ചൂണ്ടിക്കാട്ടി, 7 കോടി രൂപ ചെലവിൽ കൊട്ടിഘോഷിച്ച് നടത്തിയ പരിപാടി ചീറ്റിപ്പോയി എന്ന വ്യാപകമായ വിമർശനം സി.പി.എം ക്യാമ്പുകളെ തളർത്തിയപ്പോഴാണ് ജീവവായു പോലെ എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായരുടെ സുപ്രധാനമായ ആ പ്രസ്താവന വന്നത്. ആചാര സംരക്ഷണത്തിൽ സർക്കാരിനെ ശരിവച്ച് അദ്ദേഹം രംഗത്തുവന്നത് കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഇടിത്തീയായി. ആഗോള അയ്യപ്പ സംഗമം ബഹിഷ്കരിച്ചത്, കോൺഗ്രസിന് ഹിന്ദു വോട്ടുകൾ ആവശ്യമില്ലെന്ന മാനസികാവസ്ഥയെയാണ് കാണിക്കുന്നതെന്നാണ് സുകുമാരൻ നായർ പറഞ്ഞത്.

''യുവതീ പ്രവേശനം അനുവദിച്ച സുപ്രീം കോടതി വിധി ആചാരങ്ങൾക്ക് എതിരാണെങ്കിലും എൽ.ഡി.എഫ് സർക്കാർ യുവതി പ്രവേശനത്തിൽ നിർബന്ധം പിടിച്ചില്ല. അവർക്ക് വേണമെങ്കിൽ അത് ചെയ്യാമായിരു




ന്നു. ആചാരം സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ഇക്കാര്യത്തിൽ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാരും കോൺഗ്രസും ഒന്നും ചെയ്തില്ല. ശബരിമലയിലെ പ്രശ്നം പരിഹരിക്കുമെന്നും, ആചാരങ്ങൾ സംരക്ഷിക്കുമെന്നും ആചാരം ലംഘിക്കുന്ന ഒന്നും ഉണ്ടാകില്ലെന്നും മുഖ്യമന്ത്രിയുടെ അറിവോടെ ദേവസ്വം മന്ത്രി വി.എൻ വാസവൻ ഉറപ്പ് നൽകിയിരുന്നു. അതുകൊണ്ടാണ് ആഗോള അയ്യപ്പസംഗമത്തെ പിന്തുണച്ചത്. സർക്കാർ അവരുടെ നിലപാട് തിരുത്തുമ്പോൾ എൻ.എസ്.എസ് സഹകരിക്കേണ്ടതുണ്ട്...'' സുകുമാരൻ നായർ പറഞ്ഞു.

**ശബരിമലയിൽ യുവതികളെ കയറ്റിയ തെറ്റിന് പശ്ചാത്താപമെന്ന നിലയിൽ ദേവസ്വം ബോർഡിന്റെ 75–ാം വാർഷികാഘോഷത്തിന്റെ മറവിൽ സർക്കാർ സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിന്റെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റപ്പെട്ടുവെന്നാണ് എൻ.എസ്.എസിന്റെയും എസ്.എൻ.ഡി.പിയുടെയും പുതിയ നിലപാടുകൾ വ്യക്തമാക്കുന്നത്. സർക്കാരിന്റെ തുടർഭരണത്തിന് വളമേകുന്നതാണ് സാമുദായിക സംഘടനകളുടെ, പ്രത്യേകിച്ച് എൻ.എസ്.എസിന്റെ അപ്രതീക്ഷിതമായ നിലപാട് മാറ്റം.**

ആ സഹകരണം നൂറ് ശതമാനം തിരഞ്ഞെടുപ്പിൽ ഉണ്ടാവുമെന്നാണ് സി.പി.എമ്മിന്റെ ഉറച്ച പ്രതീക്ഷ. അതേസമയം എൻ.എസ്.എസിന് പിന്നാലെ എസ്.എൻ.ഡി.പിയും ആചാര സംരക്ഷണത്തിൽ സർക്കാരിനെ ശരിവച്ച് രംഗത്ത് വന്നതോടെ രാഷ്ട്രീയ പ്രതിസന്ധിയിലായിരിക്കുന്നത് കോൺഗ്രസും ബി.ജെ.പിയുമാണ്. ബി.ജെ.പിക്കും പ്രതിപക്ഷത്തുള്ള കോൺഗ്രസിനും ശബരിമലയുടെ കാര്യത്തിൽ ഉറച്ചനിലപാടില്ലെന്ന സാമുദായിക നേതാക്കളുടെ പരാമർശം അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ നിർണായകമാവും. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ബിന്ദു അമ്മിണി, കനക ദുർഗ എന്നിവരെ പോലീസ് എസ്കോർട്ടോടെ ശബരിമല സന്നിധാനത്തെത്തിച്ചതിനെതിരെ ആദ്യം പ്രതികരിച്ചത് എൻ.എസ്.എസ് ആയിരുന്നുവെന്നോർക്കുക.

സുപ്രീം കോടതിയുടേത് സ്ത്രീകളുടെ തുല്യതയുടെ പേരിലുള്ള വിധിയായതുകൊണ്ട് ബി.ജെ.പിയും കോൺഗ്രസും ആദ്യം പ്രതികരിക്കാതെ മാറി നിന്നപ്പോൾ എൻ.എസ്.എസ് സംഘടിപ്പിച്ച നാമജപ യജ്ഞമാണ് കേരളമാസകലമുള്ള വിശ്വാസികളുടെ വൻ പ്രതിഷേധമായി രൂപാന്തരപ്പെട്ടത്. എൻ.എസ്.എസിന്റെ നിലപാടിന് ലഭിച്ച വിശ്വാസികളുടെ പിന്തുണ കണ്ടാണ് കോൺഗ്രസും ബി.ജെ.പിയും പെട്ടെന്ന് ചുവടുമാറ്റിയത്. തുടർന്ന് സംഘപരിവാർ ശക്തികളുടെ നേതൃത്വത്തിൽ വിശ്വാസ സംരക്ഷണ സമര പരമ്പരകൾ

**സമദൂരമാണ് എൻ.എസ്.എസിന്റെ രാഷ്ട്രീയ ലൈൻ എന്നിരിക്കെ ഇക്കൊല്ലം ജനുവരി 2-ന് പെരുന്നയിൽ നടന്ന മന്നം ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്തത് രമേശ് ചെന്നിത്തലയായിരുന്നു. രമേശിന് വലിയ രാഷ്ട്രീയ മൈലേജ് ഉണ്ടാക്കിയ പരിപാടിയായിരുന്നു ഇത്. എൻ.എസ്.എസിന്റെ പരിപാടി ഉദ്ഘാടനം ചെയ്യണം എന്നു പറഞ്ഞപ്പോൾ രമേശ് ചെന്നിത്തല സന്തോഷത്തോടെ തയ്യാറായെന്ന് സുകുമാരൻ നായരും എൻ.എസ്.എസ് എന്ത് പറഞ്ഞാലും അനുസരിക്കാമെന്ന് ചെന്നിത്തലയും പറഞ്ഞപ്പോൾ കാറ്റ് കോൺഗ്രസിന് അനുകൂലമാണെന്ന് ഏവരും കരുതിയിരുന്നു.**

തന്നെ കൊണ്ടുപിടിച്ച് അരങ്ങേറി. എന്നാൽ, 2019-ലെ ലോക്സഭാ ഇലക്ഷനിൽ ഇടതു മുന്നണി ആകെയുള്ള 20 സീറ്റിൽ ഒരിടത്തുമാത്രം വിജയിച്ചു. നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കിൽ പാർട്ടിയുടെ അടിത്തറ ഇളകിയതായി കണ്ടെത്തി.

ശബരിമലയിൽ യുവതികളെ കയറ്റിയ തെറ്റിന് പശ്ചാത്താപമെന്ന നിലയിൽ ദേവസ്വം ബോർഡിന്റെ 75-ാം വാർഷികാഘോഷത്തിന്റെ മറവിൽ സർക്കാർ സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിന്റെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റപ്പെട്ടുവെന്നാണ് എൻ.എസ്.എസിന്റെയും എസ്.എൻ.ഡി.പിയുടെയും പുതിയ നിലപാടുകൾ വ്യക്തമാക്കുന്നത്. സർക്കാരിന്റെ തുടർഭരണത്തിന് വളമേകുന്നതാണ് സമുദായിക സംഘടനകളുടെ, പ്രത്യേകിച്ച് എൻ.എസ്.എസിന്റെ അപ്രതീക്ഷിതമായ നിലപാട് മാറ്റം.

സമദൂരമാണ് എൻ.എസ്.എസിന്റെ രാഷ്ട്രീയ ലൈൻ എന്നിരിക്കെ ഇക്കൊല്ലം ജനുവരി 2-ന് പെരുന്നയിൽ നടന്ന മന്നം ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്തത് രമേശ് ചെന്നിത്തലയായിരുന്നു. രമേശിന് വലിയ രാഷ്ട്രീയ മൈലേജ് ഉണ്ടാക്കിയ പരിപാടിയായിരുന്നു ഇത്. എൻ.എസ്.എസിന്റെ പരിപാടി ഉദ്ഘാടനം ചെയ്യണം എന്നു പറഞ്ഞപ്പോൾ രമേശ് ചെന്നിത്തല സന്തോഷത്തോടെ തയ്യാറായെന്ന് സുകുമാരൻ നായരും എൻ.എസ്.എസ് എന്ത് പറഞ്ഞാലും അനുസരിക്കാമെന്ന് ചെന്നിത്തലയും പറഞ്ഞപ്പോൾ കാറ്റ് കോൺഗ്രസിന് അനുകൂലമാണെന്ന് ഏവരും കരുതിയിരുന്നു.

ക്ഷേത്രത്തിൽ മേൽമുണ്ട് ധരിച്ച് കേറുന്നത് അന്ധാചാരമാണെന്ന ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദയുടെ അഭിപ്രായം ശരിവച്ച പിണറായി വിജയനെ സുകുമാരൻ നായർ കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തു. ആചാരങ്ങളിൽ കൈ കടത്തരുതെന്നും ഒരോ ക്ഷേത്രത്തിലും ഓരോ ആചാരമാണെന്നും അത് സർക്കാരിനോ മറ്റോ തിരുത്താനാകില്ലെന്നും പറഞ്ഞ സുകുമാരൻ നായർ, ''ഹിന്ദുവിന്റെ പുറത്ത് മാത്രമെ ഇത്തരം വ്യാഖ്യാനങ്ങൾ ഉള്ളോ..? ക്രിസ്ത്യാനികൾക്കും മുസ്ലീം വിഭാഗത്തിനും അവരുടെ ആചാരങ്ങൾ ഉണ്ട്. വിമർശിക്കാൻ ഇവിടുത്തെ മുഖ്യമന്ത്രിക്കോ ശിവഗിരി മഠത്തിനോ ധൈര്യമുണ്ടോ..? മുഖ്യമന്ത്രി അതിനെ പിന്തുണക്കാൻ പാടില്ലായിരുന്നു...'' എന്ന് പറയുകയുണ്ടായി.



സുകുമാരൻ നായരുടെ നിലപാടിനെ ഒരു മുന്നറിയിപ്പായി തന്നെയാണ് കോൺഗ്രസിലെ പല പ്രമുഖ നേതാക്കളും കാണുന്നത്. ഹിന്ദു സംഘടനകളുടെ നേതൃത്വത്തിൽ പന്തളത്ത് ബദൽ അയ്യപ്പ സംഗമം സംഘടിപ്പിച്ച് ആളെക്കൂട്ടിയെങ്കിലും വിശ്വാസികളുടെ വോട്ട് തങ്ങൾക്ക് കിട്ടുമെന്ന കാര്യത്തിൽ ബിജെ.പിക്കും വലിയ ഗ്യാരന്റിയില്ല. അതിനാൽ ആലോചിച്ച് പ്രതികരിക്കാമെന്ന നിലപാടിലാണവർ. ശബരിമല വിഷയവും അയ്യപ്പ ഭക്തരുടെ വിശ്വാസവും ഇപ്പോൾ സി.പി.എം കൈകാര്യം ചെയ്യുന്നതിലേക്കെത്തിയ സാഹചര്യത്തിൽ, എൻ.എസ്.എസുമായി വളരെ അടുപ്പമുള്ള ഒരു വിഭാഗം പുതിയ മാർഗം തേടണമെന്ന സമ്മർദ്ദം കോൺഗ്രസിനുള്ളിൽ ഉയർന്നിട്ടുണ്ട്. വരാൻ പോകുന്ന തദ്ദേശ-നിയമസഭാ തിരഞ്ഞെടുപ്പുകൾക്ക് മുമ്പ് ഹിന്ദുക്കളുടെ വികാരങ്ങൾ കോൺഗ്രസ് പരിഗണിച്ചില്ലെങ്കിൽ വലിയ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന ആശങ്കയും യു.ഡി.എഫ് നേതാക്കൾ പങ്കുവയ്ക്കുന്നുണ്ട്.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# MACF ഓണാഘോഷം ടാമ്പാ, ഫ്ലോറിഡയിൽ അതിഗംഭീരമായി

അരുൺ ഭാസ്ക്കർ

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ഓണാഘോഷം മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ (MACF) യുടെ നേതൃത്വത്തിൽ ടാമ്പാ, ഫ്ലോറിഡയിൽ അതി ഗംഭീരമായി നടത്തി.

രണ്ടായിരത്തോളം പേർ പങ്കെടുത്ത 'M.A.C.F. മാമാങ്കം 2025' മെഗാ ഓണം കേരളത്തനിമകൊണ്ടും, കലാമികവുകൊണ്ടും അതീവ ശ്രദ്ധയാകർഷിച്ചു അമേരിക്കയുടെ നാനാ ഭാഗത്തു നിന്നും M.A.C.F. മെഗാ ഓണത്തിൽ പങ്കെടുക്കാൻ അനവധിപേർ എത്തിയിരുന്നു

ക്നാനായ കമ്മ്യൂണിറ്റി സെന്ററിന്റെ എക്സ്റ്റൻഷൻ ഹാളിൽ നടത്തിയ ആയിരത്തി മുന്നൂറോളം പേർ പങ്കെടുത്ത മെഗാ ഓണസദ്യയോടെ ആയിരുന്നു ആഘോഷങ്ങളുടെ തുടക്കം..




പാട്ടും ഡാൻസും ഉൾപ്പെടെ പതിനഞ്ചോളം കലാപരിപാടികൾ ഘോഷയാത്രക്ക് മുൻപ് നടത്തി.

ചെണ്ടമേളവും, താലപ്പൊലി ഏന്തിയ വനിതമാരുടെയും അകമ്പടിയോടെ മാവേലിയെ വരവേറ്റുകൊണ്ടാണ് ഓണത്തിന്റെ മുഖ്യ പരിപാടികൾ തുടങ്ങിയത്.






പ്രസിഡന്റ് ടോജിമോൻ പൈ തുരുത്തേൽ. സെക്രട്ടറി ഷീല ഷാജു, ട്രെഷറർ സാജൻ കോരത്, ട്രസ്ടീബോർഡ് ചെയർ ഫ്രാൻസിസ് വയലുങ്കൽ, ട്രസ്ടീബോർഡ് സെക്രട്ടറി അഞ്ജന നായർ, റിലീജിയസ് ലീഡേഴ്സ് എന്നിവർ വിളക്കുകൊളുത്തി ഓണം പരിപാടി ഔപചാരികമായി ഉൽഘാടനം ചെയ്തു

പ്രസിഡന്റ് ടോജിമോൻ പൈതുരുത്തേൽ സ്വാഗത പ്രസംഗം അവതരിപ്പിച്ചു.

ട്രസ്ടീബോർഡ് ചെയർ ഫ്രാൻസിസ് വയലുങ്കൽ ഈ വർഷത്തെ ഓണം പ്രോഗ്രാം കൊറിയോഗ്രാഫേഴ്സ്നെ ആദരിക്കുന്നതിനായി സ്റ്റേജിലെക്കു വിളിച്ചു. കൊറിയോഗ്രാഫേഴ്സ് ഇൻറെ ഉപഹാരങ്ങൾ കൈമാറി.







സെക്രട്ടറി ഷീല ഷാജു നന്ദി പ്രസംഗം നടത്തി.

ബോർഡ് ഓഫ് ഡിറക്ടര്സ് - പ്രസിഡന്റ് ടോജിമോൻ പൈതുരുത്തേൽ. പ്രസിഡന്റ് ഇലക്ട് ബെൻ കനകഭായി, സെക്രട്ടറി ഷീല ഷാജു, ട്രെഷറർ










സാജൻ കോരത്, ജോയിന്റ് സെക്രട്ടറി ജ്യോതി അരുൺ, ജോയിന്റ് ട്രഷറർ മിധുൻ കുഞ്ചെറിയ, ഷിബു തേക്കടവൻ,നാൻസി മാത്യു, ജൂഡ് മടത്തിലേത്, പഞ്ചമി അജയ്, ജിബിൻ ജോസ്, റോസീ ഋതിക, റോണി സൈമൺ, സാറ മത്തായി, സബീത ഊരാളിൽ

ട്രസ്ടീബോർഡ് - ചെയർ ഫ്രാൻസിസ് വയലുങ്കൽ, സെക്രെട്ടറി അഞ്ജന കൃഷ്ണൻ ,ട്രെഷറർ സുനിൽ വറുഗീസ്, എബി പ്രാലേൽ, എബ്രഹാം ചാക്കോ,കിഷോർ പീറ്റർ എന്നിവരുടെ നിരന്തര പ്രയക്നത്തിലാണ് ഓണാഘോഷം ഇത്ര ഗംഭീരമായി നടത്താൻ സാധിച്ചത്.

ദിവ്യ ബാബു, ആൻസി സെഡ്വിൻ,പഞ്ചമി അജയ്, റീന മാർട്ടിൻ,റോസ് റിതിക, ദിവ്യ എഡ്‌വേഡ് എന്നിവരുടെ നേതൃത്വത്തിൽ വിമൻസ് ഫോറം നടത്തിയ മാമാങ്കത്തിന് കൊറിയോഗ്രാഫേഴ്‌സ് നാലു മാസത്തിലേറെ ആയി നടന്ന പ്രാക്ടീസ് സെഷൻസ് ആണ് സംഘടിപ്പിച്ചത്.

കൊച്ചു കുട്ടികൾ മുതൽ ഇരുന്നൂറ്റമ്പതോളം കലാകാരന്മാർ പങ്കെടുത്ത, രണ്ടു മണിക്കൂറോളം നീണ്ട അതിഗംഭീരമായ കലാപരിപാടികൾ പ്രേക്ഷകരെ പിടിച്ചിരുത്തി

ശ്രീ ടിറ്റോ ജോൺ ആയിരുന്നു കേരളത്തനിമയുള്ള മാവേലി.

വിഭവസമൃദ്ധമായ ഓണ സദ്യ ഒരുക്കിയത് മാർട്ടിന്റെ നേതൃത്തിക്കുള്ള മാർട്ടിൻസ് റെസ്റ്റെർൻഡ് ടീം ആയിരുന്നു

പരിപാടിയുടെ വിഡിയോ സപ്പോർട്ട് J.P. ക്രീയേഷൻസും ഫോട്ടോഗ്രാഫി Alita Moments ആണ് നിർവഹിച്ചത്.

ഓണം പ്രോഗ്രാംസ് കാണുവാനും, അമേരിക്കയിലെ കേരളമായ ഫ്ലോറിഡയിലെ കേരളത്തനിമ നിലനിർത്തുന്ന കലാ സാംസ്‌കാരിക കേന്ദ്രമായ MACF' ഇന്റെ ഭാഗമാകുവാനും പരിപാടികളുടെ അപ്ഡേറ്റ്സ് കിട്ടുവാനും MACF ഫേസ്ബുക് പേജ് (https://www.facebook.com/MacfTampa) ഫോളോ ചെയ്യുക.


















MACF TAMPA
MALAYALEE ASSOCIATION OF CENTRAL FLORID


മാമാങ്കം





# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30th Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഫ്ലോറിഡ നവകേരള മലയാളി അസോസിയേഷൻ ഓണാഘോഷം ശ്രദ്ധേയമായി




പി പി ചെറിയാൻ

ഫ്ലോറിഡ:2025 ഫ്ലോറിഡയിലെ നവകേരളാ മലയാളി അസോസിയേഷൻന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷം മുപ്പത്തിയൊന്നുതരം വിഭവങ്ങളുമായി കൂപ്പർ സിറ്റി ഹൈസ്കൂളിൽ വച്ച് വിവിധങ്ങളായ കലാപരിപാടികളോടൊപ്പം നടത്തപെട്ടു.

മിസ്റർ ബിജോയ് സേവ്യർ നവകേരളയുടെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷ ചടങ്ങിലേക് എല്ലാ വിശിഷ്ടാതിഥികളേയും ഹാർദവമായി സ്വാഗതം ചെയ്തു. യൂത്ത് പ്രസിഡന്റ് മിസ്സ് ലിയാന സാമ്യൂലിന്റെ,മനോഹരമായഅമേരിക്കൻനാഷണാലാന്തത്തോടുകൂടി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. പ്രസിഡന്റ് പനങ്ങായിൽ ഏലിയാസ് ആദ്യദീപം തെളിയിച്ചു, തുടർന്ന് ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികളും, വൈദികരും ദീപം തെളിയിച്ച് നവകേരളയുടെ മുപ്പത്യൊന്നാം വർഷത്തിന്റെ ഓണാഘോഷം വർണാഭമാക്കി. ഓണാഘോഷങ്ങൾക്ക് ചീഫ് ഗസ്റ്റ് ആയി ഫോമാ മുൻ പ്രസിഡന്റ് ഡോക്ടർ ജേക്കബ് തോമസ് ( 20222024) ന്റെയും, ഫോമാ ട്രഷറർ (2022 24) മിസ്റ്റർ ബിജു തോണിക്കടവിലിടെയും സാന്നിദ്ധ്യം പ്രാധാന്യം അർഹിച്ചു. അതോടൊപ്പം ഓർലൻഡോ മലയാളി അസോസിയേഷൻ (ഒരുമ) പ്രസിഡന്റ് മിസ്റ്റർ ജിബി ജോസഫ്, പാംബീച്ച് മലയാളി അസോസിയേഷൻ പ്രസിഡന്റ് മിസ്റ്റർ മാത്യു തോമസ്, നോവലിസ്റ്റും കലാകാരനുമായ മിസ്റ്റർ പൗലോസ് കുയിലാടൻ (ഫോമാ നാഷണൽ കമ്മിറ്റി കൾച്ചറൽ ചെയർമാൻ), മിസ്റ്റർ ബിജോയ് സേവിയർ, ഫോമാ നാഷണൽ അഡ്വൈസറി കമ്മിറ്റി ജോയിന്റ് സെക്രട്ടറി, മിസ്റ്റർ




ഷാന്റി വർഗീസ് (ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം എക്സിക്യൂട്ടീവ്) മിസ്റ്റർ ജോസ് തോമസ് സിപിഎ, മിസ്റ്റർ എബ്രഹാം കളത്തിൽ (ഫൊക്കാന ഇന്റർനാഷനൽ ട്രെഷറർ)മിസ്റ്റർ കുര്യൻ വർഗീസ് ഐഒസി ഫ്ലോറിഡ ചാപ്റ്റർ സെക്രട്ടറി എന്നിവരുടെ സാന്നിധ്യവും പ്രശംസനീയമായിരുന്നു. പുതു തലമുറക്ക്, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, നമ്മുടെ സ്നേഹത്തിൻറെ വിലയും ഐക്യത്തിന്റെ കരുത്തും, പരസ്പര സഹായത്തിൽക്കൂടി ലഭിക്കുന്ന സംതൃപ്തിയും പുതുതലമുറക്ക് പകർന്നുകൊടുക്കുവാൻ, തിന്മക്കെതിരെ വിരൽ ചൂണ്ടുവാൻ മലയാളി സമൂഹം ആർജ്ജവം കാണിക്കുവാൻ ആഹ്വാനം ചതുകൊണ്ട് പ്രസിഡന്റ് മിസ്റ്റർ പനങ്ങയിൽ ഏലിയാസ് തന്റെ പ്രസിഡൻഷ്യൽ അഡ്രസ് അവസാനിപ്പിച്ചു.

ലളിതവും മനോഹരവുമായ ഓണ സന്ദേശം നൽകി അതിഥികൾക്ക് സ്നേഹത്തിന്റെയും,ഐക്യത്തിന്റെയും മൂല്യം പകർന്നുകൊടുത്ത്, റവറന്റ് ഡോക്ടർ സന്തോഷ് തോമസും, റവറന്റ് ഫാദർ ഫിലിപ്പ് ജി വർഗീസ് ആശംസയും നൽകി, ഓണം നല്ലോണം പ്രകാശിപ്പിച്ചു. ഡോക്ടർ ജഗതി നായർ കോറിയോഗ്രാഫി ചെയ്ത തിരുവാതിര, ഡോക്ടർ കൊറിയോഗ്രാഫി ചെയ്ത ഗ്രൂപ്പ് ഡാൻസ്, മിസ്സ് ലിയാന സാമുയൽ, മെലീസ ജിജു,ജോയാന അഭീഷ് തടങ്ങിയച്ചർ നയിച്ച ഡാൻസ്, ഹൃദയ എമേഴ്സൺ കോറിയോഗ്രാഫി ചെയ്ത മനോഹരമായ മെഗാ ഡാൻസ്, ഇമ്മാനുവൽ തോമസ്, രതീഷ്, ലിയാന, തോമസ് ചേലക്കാട്ട്, മിസ്റ്റർ ദീപക് ആചാരി, മിസിസ് ഗൗരി ദീപക്, മിസ്റ്റർ കിഷോർ കുമാർ ഇവരുടെ ഗാനമേളകൾ, കർണമനോഹരമായിരുന്നു. മിസ്റ്റർ ബിജോയ് ജോസപ്പ് എല്ലാ വിശിഷ്ടാതിഥികൾക്കും, സ്പോൺസേഴ്സിനും സ്നേഹത്തിന്റെ പൂച്ചെണ്ടുകളോട് നന്ദി അർപ്പിച്ചു

മുപ്പത്തിയൊന്നു തരം വിഭവങ്ങൾ വിളമ്പുന്നതിനായി പ്രത്യേക കസ്റ്റം പ്ലേറ്റുകളും സജ്ജമാക്കിയത് ശ്രദ്ധയകാർഷികപ്പെട്ടു. ഫുഡ് കോർഡിനേറ്റർ മിസ്റ്റർ ഷാന്റി വർഗീസ് മികവുറ്റ വിഭവങ്ങൾ ഒരുക്കുന്നതിന് നേതൃത്വം നൽകി, മിസ്റ്റർ മേലെ ചാക്കോ, മിസ്റ്റർ കുര്യൻ വർഗീസ്, എമേഴ്സൺ ചാലിശ്ശേരി, മിസ്റ്റർ ഗോപൻ നായർ, മിസ്റ്റർ പദ്മനാഭൻ കുന്നത്, മിസ്റ്റർ ബിബിൻ ജോർജ് മിസ്റ്റർ സിനോജ് കമ്പിയിൽ, മിസിസ് ജോമിനി ബിജോയ് , മിസിസ് സൂസി ബിജോയ്,മിസിസ് ബിന്ദു എമേഴ്സൺ, മിസിസ് താരാ പദ്മകുമാർ മിസിസ് മെറിൻ ജോർജ് എന്നിവർ ഒത്തൊരുമയോടെ അതിഥികളെ സ്നേഹവിരുന്നിലേക്ക് നയിച്ചു.

മിസിസ് സാറാമ്മ ഏലിയാസ്, റോഷൻ സജോ പെല്ലിശ്ശേരി, റാണി കൂട്ടുകെട്ടിൽ മനോഹരമായ താലപ്പൊലി അരങ്ങേറി. മഹാബലിയായി അവതരിച്ച് മിസ്റ്റർ കുരിയാക്കോസ് പൊടിമറ്റം അതിഥികളെരോമാഞ്ചപുലകമണിയിച്ചു, നവകേരളയുടെ ഉത്സവവേളകൾ മനോഹരമായി അലങ്കരിക്കുന്ന പ്രിയപ്പെട്ട കുറിയക്കോസ് ചേട്ടനെ കമ്മറ്റി അംഗങ്ങൾ പ്രത്യകം അഭിനന്ദിച്ചു.

കർണമനോഹരമായ അത്ത പൂക്കളവും ഫോട്ടോ ബൂത്തും അതിഥികൾക്ക് ഹരം പകർന്നു, മനോഹരമായ ഫോട്ടോ ബൂത്ത് പ്രദർശിപ്പിച്ച മിസ്റ്റർ ശിവകുമാർ,

ശ്രീമതി പ്രിയാ നായർ ദമ്പതികളെ പ്രസിഡന്റ് ശ്രീ പനങ്ങയിൽ ഏലിയാസ് അഭിനന്ദിച്ചു. ചെണ്ടമേളവും, താലപ്പൊലിയും, മഹാബലിയും ഒന്നിച്ചപ്പോൾ എഴുന്നള്ളത്ത് ഗംഭീരമായി. ചെണ്ടമേളത്തിനു ചുക്കാൻ പിടിച്ച മിസ്റ്റർ മോഹൻ നാരായൺ, ശ്രുതി ലയ താളം പ്രത്യേകം അഭിനന്ദനം അർഹിച്ചു. വളരെ മനോഹരമായ അവതരണ ശൈലിയോടെ വിവിധ പരിപാടികൾ കോർത്തിണക്കിയ മാസ്റ്റർ ഓഫ് സെറിമോണീസ് മിസസ് കാവ്യാ ബെൻസൻ, മിസ്സ് സിൽവിയാ ബെന്യാം വളരെയധികം പ്രശംസ പിടിച്ചുപറ്റി.

പ്രോഗ്രാം കോഓർഡിനറ്റ് ചെയ്ത്, സ്റ്റേജ് കൺട്രോൾ മനോഹരമായി കൈകാര്യം ചെയ്ത മിസ്റ്റർ സജോ പെല്ലിശ്ശേരിയേ പ്രസിഡന്റ് പ്രത്യേക അംഗീകാരം അറിയിച്ചു. നവകേരളിയുടെ സ്പോൺസേഴ്സിനെയും, അഭ്യുദയ കംഷികളെയും സ്ലൈഡ് ഷോയിൽ മനോഹരമായി പ്രദർശിപ്പിച്ച മിസ്റ്റർ ബിജോയ് ജോസഫ്, മിസ്റ്റർ പദ്മനാഭൻ കുന്നത്ത് എന്നിവർ ഇൻഫർമേഷൻ ടെക്നോളജിയിൽ മികവു തെളിയിച്ചു. വളരെ മനോഹരമായ അവതരണ ശൈലികളോടെ പരിപാടികൾ കോർത്തിണക്കിയ മാസ്റ്റർ ഓഫ് സെറിമോണീസ് മിസിസ് കാവ്യാ ബെൻസൺ, മിസ്സ് സിൽവിയാ ബെന്യാം വളരെ പ്രശംസ പിടിച്ചുപറ്റി. . മിസ്സ് ലിയാന സാമുവേലിന്റെ ഇന്ത്യൻ നാഷണാളാന്തത്തോടുകൂടി നവകേരളാ മലയാളിഅസോസിയേഷന്റെ മുപത്തിയൊന്നാം വർഷ ഓണാഘോഷങ്ങൾക്ക് തിരശ്ശീല വീണു









# എന്റെ മോഹങ്ങൾ പൂവണിഞ്ഞു



**സുനിൽ വല്ലാത്തറ**
**ഫ്ലോറിഡാ**

ആയിരത്തി തൊള്ളായിരത്തി എഴുപത്തിയേഴിൽ തിരനോട്ടം എന്ന വെളിച്ചം കാണാത്ത മലയാള സിനിമയിലൂടെ നടനായി വെള്ളിത്തിരയേിൽ എത്തിയ മോഹൻലാലിന് എൺപതിൽ പുറത്തിറങ്ങിയ ഫാസിൽ ചിത്രം മഞ്ഞിൽ വിരിഞ്ഞ പൂക്കളിലെ വില്ലൻ കഥാപാത്രം നരേന്ദ്രൻ ആണ് മലയാള സിനിമ പ്രേക്ഷകർക്കിടയിൽ ശ്രദ്ധേയൻ ആക്കിയത്.

തുടർന്നു കുറെയധികം സിനിമകളിൽ വില്ലനായ അദ്ദേഹത്തിന് തുടക്കത്തിൽ നായകനിലേയ്ക്കുള്ള മാറ്റത്തിനു തടസമായതു അന്ന് നായക വേഷങ്ങൾ ചെയ്തു അരങ്ങു തകർത്തിരുന്ന ജയനും സോമനും സുകുമാരനും ആയിരുന്നു

അതിന് ശേഷം മഞ്ഞിൽവിരിഞ്ഞ പൂക്കൾ ഫെയിം ശങ്കറും ആയും കാണാമറയത്തു റഹ്മാനും ആയും തുഷാരം രതീഷും ആയും നായകൻ ആകുവാൻ ഏറ്റുമുട്ടിയ മോഹൻലാൽ അവരെയെല്ലാം മറികടന്നു മുന്നോട്ടു കുതിച്ചു

എൺപതിയറിൽ പുറത്തിറങ്ങിയ തമ്പി കണ്ണന്താനം സംവിധാനം ചെയ്ത രാജാവിന്റെ മകനിലൂടെയും കെ മധു സംവിധാനം ചെയ്ത ഇരുപതാം നൂറ്റാണ്ടിൽ കൂടിയും സൂപ്പർ സ്റ്റാറായ മോഹൻലാലുമായി മത്സരിക്കുവാൻ എൺപതിയെഴിൽ ജോഷിയുടെ ന്യൂഡൽഹി യിലൂടെ സൂപ്പർ സ്റ്റാറായ മമ്മൂട്ടി മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ

തുടർന്നു ഇരു താരങ്ങളും പ്രതിഭകൾ ആയ സംവിധായകരെ കൂട്ടു പിടിച്ചു ഹിറ്റ് സിനിമകളിൽ നിന്നും സൂപ്പർ ഹിറ്റ് സിനിമകളിലേയ്ക്കു പ്രയാണം ആരംഭിച്ചു

തൊണ്ണൂറുകളിൽ പുറത്തിറങ്ങിയ ഹിസ്ഹൈനെസ് അബ്ദുള്ളയും കിരീടവും മോഹൻലാലിന് ആദ്യമായി ഭരത് അവാർഡ് നേടികൊടുത്തപ്പോൾ സിബിഐ

ഡയറികുറിപ്പും ഒരു വടക്കൻ വീരഗാഥായും മമ്മൂട്ടിയ്ക്കു ആദ്യമായി ഭരത് അവാർഡ് വാങ്ങി കൊടുത്തു


എതിരാളികൾ ഇല്ലാതെ മോഹൻലാലും മമ്മൂട്ടിയും ഏതാണ്ട് മുപ്പതു വർഷത്തിൽ അധികം നായകൻമാർ ആയി മലയാള സിനിമയിൽ സൂപ്പർ ഹിറ്റുകളുടെ മലപ്പടക്കത്തിനു തിരി തെളിച്ചു

ഇതിന് ഒരു വിരാമം സംഭവിച്ചില്ലെങ്കിലും ഹിറ്റ് സിനിമകളുടെ കുറവ് വന്നു തുടങ്ങിയത് രണ്ടായിരത്തി പത്തിന് ശേഷം ആണ്

രണ്ടായിരത്തി പത്തിന് ശേഷം ഒരു മമ്മൂട്ടി ചിത്രം പോലും സൂപ്പർ ഹിറ്റോ ബോക്സ് ഓഫീസ് ഹിറ്റോ ആയിട്ടില്ല.

ചെറിയൊരു ഇടവേളയ്ക്കു ശേഷം രണ്ടായിരത്തി പതിമൂന്നിൽ ജിത്തു ജോസഫ് സംവിധാനം ചെയ്തു അമ്പതുകോടിയിലധികം കളക്ഷൻ നേടിയ ദൃശ്യം ആണ് മോഹൻലാലിന്റെ തിരിച്ചു വരവിനു കളം ഒരുക്കിയത്. തുടർന്നു രണ്ടായിരത്തി പതിനാറിൽ പുറത്തിറങ്ങി മലയാളത്തിൽ ആദ്യമായി നൂറുകോടി ക്ലബ്ബിൽ കയറിയ പുലിമുരുകൻ മോഹൻലാലിനെ വീണ്ടും കരുത്തൻ ആക്കി

രണ്ടായിരത്തി പത്തൊൻപതിൽ പൃഥിരാജ് ആദ്യമായി സംവിധാനം ചെയ്ത ലൂസിഫർ വീണ്ടും നൂറുകോടി ക്ലബ്ബിൽ എത്തിയപ്പോൾ മോഹൻലാൽ അഭിനയിക്കുന്ന ഏതു ചിത്രവും നൂറുകോടി ക്ലബ്ബിൽ എത്തുന്ന സ്ഥിതി ആയി. അതോടെ ഒരു നൂറുകോടി പോലും കളക്ട് ചെയ്യാത്ത മമ്മൂട്ടി മോഹൻലാലുമായുള്ള മത്സരത്തിൽ നിന്നും പിന്മാറി




കഴിഞ്ഞ ആറുവർഷമായി തൊടുന്നതെല്ലാം പൊന്നാക്കിയ മോഹൻലാൽ മലയാള സിനിമയിൽ എതിരാളികൾ ഇല്ലാതെ മുന്നേറുകയാണ്

ഈ വർഷം മൂന്നു മലയാള സിനിമയിൽ ആണ് മോഹൻലാൽ അഭിനയിച്ചത്. ആദ്യം റിലീസ് ചെയ്തത് പൃഥിരാജ് സംവിധാനം ചെയ്ത എമ്പുരാൻ ആയിരുന്നു കോളിവുടും ബൊളീവുടും കടന്നു ഹോളിവുഡിൽ നിന്നുവരെ താരങ്ങളെ ഇറക്കി കോളിളക്കം സൃഷ്ടിച്ച എമ്പുരാൻ മുന്നൂറ് കോടിയ്ക്കു അടുത്തു കളക്ട് ചെയ്തു

ഏതാനും മാസങ്ങൾക്കു മുൻപ് പ്രശസ്ത നിർമാതാവ് രഞ്ജിത് നിർമ്മിച്ച തുടരും ഇരുന്നൂറ്റി അൻപതു കൊടിയോളം സമാഹരിച്ചു

ഇപ്പോൾ ഓണം റിലീസ് ആയ സത്യൻ അന്തിക്കാടിന്റെ ഹൃദയപൂർവം നൂറുകോടിയിലേയ്ക്കു അടുക്കുന്നു

എൺപത്തി രണ്ടിൽ മോഹൻലാൽ പ്രശസ്ത സംവിധായകൻ ഭദ്രന്റെ എന്റെ മോഹങ്ങൾ പൂവണിഞ്ഞു എന്നൊരു സിനിമയിൽ അഭിനയിച്ചിരുന്നു

ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ സിനിമ ബഹുമതി ആയ ദാദ സാഹിബ് ഫേൽകെ അവാർഡ് രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങിയപ്പോൾ ലാലേട്ടൻ മനസ്സിൽ പറഞ്ഞുകാണും എന്റെ മോഹങ്ങൾ പൂവണിഞ്ഞു എന്ന്

# വെസ്റ്റ്ചെസ്റ്ററിൽ ഓട്ടൻതുള്ളലിന് പുതുജീവൻ നൽകി കെ.ജെ. ഗ്രിഗറി



**മീട്ടു റഹ്മത്ത് കലാം**

വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ജൂബിലി ആഘോഷങ്ങളിൽ ഏറ്റവും കൂടുതൽ കൈയ്യടികൾ നേടിയ പരിപാടികളിൽ ഒന്ന് കെ.ജെ. ഗ്രിഗറി അവതരിപ്പിച്ച ഓട്ടൻതുള്ളലായിരുന്നു. കേരളത്തില്പോലും മണ്മറഞ്ഞുകൊണ്ടിരിക്കുന്ന ഇത്തരം കലകൾക്ക് അമേരിക്കൻ മലയാളി വേദിയിൽ സ്വീകാര്യത ലഭിച്ചത് ശുഭസൂചനയാണ്. പരിപാടിയുടെ പിന്നാമ്പുറവും സ്വന്തം ജീവിതയാത്രയും പങ്കുവയ്ക്കുകയാണ് എഞ്ചിനീയർ കൂടിയായ കെ.ജെ.ഗ്രിഗറി...

***വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ജൂബിലി വർഷത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട പരിപാടികളിൽ ഒന്ന് കെ.ജെ.ഗ്രിഗറി അവതരിപ്പിച്ച ഓട്ടൻതുള്ളലാണ്. എന്തുതോന്നുന്നു?***

അങ്ങനെ കേൾക്കുന്നതിൽ സന്തോഷം. ഓട്ടൻതുള്ളൽ, വില്ലടിച്ചാൻ പാട്ട്, കടുവാകളി, വള്ളംകളി, കഥാപ്രസംഗം, നാടകം, മാവേലി, തുടങ്ങിയ കലാപരിപാടികൾ അമേരിക്കയിൽ ആദ്യമായി കൊണ്ടുവന്നത് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ ആണ്. ഓട്ടൻതുള്ളൽ കുറേ നാളുകൾക്ക് ശേഷമാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ വീണ്ടും കൊണ്ടുവന്നത്. സംഘടനയുടെ ജൂബിലി വർഷത്തിൽ അതിന്റെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ആകാൻ





സാധിച്ചതിൽ സന്തോഷമുണ്ട്. ആദ്യമായി ഓട്ടം തുള്ളൽ നടത്തിയ ഞാൻ തന്നെ ഇപ്രാവശ്യവും തുള്ളണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചത് സംഘടനയുടെ പ്രസിഡണ്ട് തോമസ് കോശിയാണ്. മണ്മറഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ കലകൾ പുനരുജ്ജീവിപ്പിക്കണമെന്നും പുതുതലമുറയ്ക്ക് അവ ആസ്വദിക്കാൻ അവസരമുണ്ടാകണമെന്നുമുള്ള ആശയവും അദ്ദേഹമാണ് മുന്നോട്ടുവച്ചത്. സാഹചര്യങ്ങൾ എല്ലാം ഒത്തിണങ്ങി വന്നു. നല്ല സ്ക്രിപ്റ്റ് കിട്ടിയതുകൊണ്ടുകൂടിയാണ് ഭംഗിയായി അവതരിപ്പിക്കാൻ സാധിച്ചത്.ഇതിനായി എന്നെ സഹായിച്ച നിരവധി സുഹൃത്തുക്കളുണ്ട്-എ.വി.വർഗീസ്,ജോർജ് കുഴിച്ചാലിൽ,അലക്സാണ്ടർ വർഗീസ്,മേക്കപ്പ് ചെയ്യാൻ എന്നെ സഹായിച്ച എന്റെ മകൻ ജോയൽ അങ്ങനെ പലരുടെയും കഷ്ടപ്പാട് ഈ അവസരത്തിൽ ഓർക്കുന്നു. പ്രായമായവർ ചേരുമ്പോഴുള്ള തട്ടിക്കൂട്ട് പരിപാടി ആയിരിക്കുമെന്ന് കരുതിയവരോടുള്ള മധുര പ്രതികാരമായിരുന്നു അത്. ചാക്യാരോടുള്ള മധുരപ്രതികാരമായി ഒറ്റരാത്രികൊണ്ട് കുഞ്ചൻ നമ്പ്യാർ രൂപംകൊടുത്ത കലാരൂപമാണ് ഓട്ടൻതുള്ളൽ എന്നൊരു ഐതീഹ്യം മുൻപിലുണ്ടല്ലോ! പ്രോഗ്രാം കണ്ടവർ പ്രശംസിക്കുകയും കേട്ടറിഞ്ഞവർ വീഡിയോ ലിങ്ക് ആവശ്യപ്പെടുകയും ചെയ്തപ്പോൾ കഷ്ടപ്പെട്ടത് ഫലവത്തായെന്നുള്ള സംതൃപ്തി അനുഭവപ്പെട്ടു.

### കേരളത്തിലെ ഓർമ്മകൾ?

ജനിച്ചുവളർന്നത് ആലപ്പുഴയിലാണ്. ചേട്ടന്മാർക്ക് അരിയുടെയും പലവ്യഞ്ജനങ്ങളുടെയും കച്ചവടമായിരുന്നു. കാർമൽ എഞ്ചിനീയറിംഗ് കോളജിലാണ് ഞാൻ പഠിച്ചത്. കോളജ് ടീമിനുവേണ്ടി ഫുട്ബോൾ,ഷീൽഡ് ഹോക്കി എന്നീ ഇനങ്ങളിൽ മത്സരിച്ചിരുന്നു. 1500 മീറ്റർ,5000 മീറ്റർ ഓട്ടമത്സരത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനം നേടിയിട്ടുണ്ട്. ആലപ്പുഴ എൻസിസിയിൽ സീനിയർ അണ്ടർ ഓഫീസറായും പ്രവർത്തിച്ചു.ഫുഡ് സേഫ്റ്റി കൺട്രോൾ നിയമം വന്നതോടെ ചേട്ടന്മാർ മറ്റ് ബിസിനസുമായി കോട്ടയത്തേക്ക് മാറി. അങ്ങനെ അപ്പച്ചനും അമ്മച്ചിക്കുമൊപ്പം ഞാനും അങ്ങോട്ടേക്ക് ജീവിതം പറിച്ചുനട്ടു.

നാട്ടകം പോളീടെക്നിക്ക് കോളജിന്റെ തുടക്കസമയത്ത് അവിടെ ജോലി ചെയ്യാൻ സാധിച്ചത് വലിയൊരു അനുഭവ





മാണ്.ഫസ്റ്റ് ക്ലാസ് ബോയ്‌ലർ എഞ്ചിനീയർസ് ലൈസൻസ് ലഭിച്ചതോടെ തിരുവനന്തപുരം ടൈറ്റാനിയത്തിൽ ജോലി ലഭിച്ചു. ഡോ.ബാബു പോൾ ആയിരുന്നു അന്ന് മാനേജിങ് ഡയറക്ടർ. മൂന്ന് ഇൻക്രിമെന്റ് നൽകിക്കൊണ്ടായിരുന്നു നിയമനം. യാതൊരു ശുപാർശയുമില്ലാതെ ആ സമയത്തങ്ങനൊരു ജോലി ലഭിച്ചപ്പോൾ സ്വർഗം കിട്ടിയതുപോലെയായിരുന്നു.

***അമേരിക്കയിലെ തുടക്കകാലത്ത് ബുദ്ധിമുട്ടിയിരുന്നോ?***

72 മുതൽ ഭാര്യ ഇവിടെ രജിസ്റ്റേർഡ് നഴ്‌സായി ജോലി ചെയ്തിരുന്നു. ഞാൻ 1975 ൽ മേഴ്‌സിയെ കല്യാണം കഴിച്ച് അമേരിക്കയിലെത്തി. നാട്ടിൽ നിന്ന് എഞ്ചിനീയറിംഗ് പാസായി വന്നതുകൊണ്ട് പ്രാരംഭദശയിൽത്തന്നെ സാമാന്യം ഭേ





ദപ്പെട്ട ശമ്പളത്തോടെയാണ് ജോലിയിൽ പ്രവേശിച്ചത്. അതുകൊണ്ടുതന്നെ തുടക്കക്കാർ നേരിട്ടക്ലേശങ്ങളൊന്നും ദൈവകൃപകൊണ്ട് ഞങ്ങൾക്ക് അനുഭവിക്കേണ്ടി വന്നില്ല.

***നിരവധി സംഘടനകളുടെ സ്ഥാപക അംഗങ്ങളിൽ ഒരാളാണല്ലോ, എന്തായിരുന്നു അന്ന് മലയാളി സംഘടനകൾ തുടങ്ങാൻ പ്രേരണയായത്?***

എഴുപതുകളിൽ ഇവിടെ മലയാളികൾ തീരെ കുറവായിരുന്നു. മലയാളം സംസാരിക്കുന്നവരെ കാണുന്നതിന്റെയും അവരുമായി സഹകരിക്കുന്നതിന്റെയും സന്തോഷം ആസ്വദിച്ചുകൊണ്ടാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ, ഇന്ത്യ കാത്തലിക് അസോസിയേഷൻ, ഫെഡറേഷൻ ഓഫ് ഇന്ത്യൻ കാത്തലിക്സ് പോലെ നിരവധി സംഘടനകൾക്ക് ഞങ്ങൾ സുഹൃത്തുക്കൾച്ചേർന്ന് തുടക്കമിട്ടത്.


***അമേരിക്കയിൽ എത്തിയ ശേഷവും പഠനം തുടർന്നിരുന്നല്ലോ?***

അമേരിക്കയിൽ എത്തിയാൽ ഇവിടുത്തെ ഡിഗ്രി കൊണ്ടേ നിലനിൽപ്പുള്ളൂ എന്ന് മനസ്സിലാക്കിക്കൊണ്ട് മെക്കാനിക്കൽ, ഇലക്ട്രിക്കൽ, എൻവയോൺമെന്റൽ എന്നിങ്ങനെ എൻജിനീയറിങ്ങിന്റെ മൂന്ന് ശാഖകളിൽ ബിരുദമെടുത്തു. ഇരുപതോളം സർട്ടിഫിക്കറ്റ് കോഴ്സുകളും ചെയ്തു. ഹെൽത്ത് കെയർ പ്രൊഫഷണൽസ് മാസ്റ്റർ ബിരുദവുമുണ്ട്.ഡയറക്ടർ ഓഫ് ഫെസിലിറ്റീസ് മാനേജ്മന്റ് ഇൻ ഹോസ്പിറ്റൽസ് ആൻഡ് നഴ്‌സിംഗ് ഹോംസ് ആയിട്ടാണ് ജോലി ചെയ്തിരുന്നത്.

***അമേരിക്കയിലെ തൊഴിലിടങ്ങളിലെ അനുഭവം?***

ആദ്യമായി ഡയറക്ടർ സ്ഥാനം നൽകിയത് വെസ്റ്റ് ഇന്ത്യൻ വംശജയായ ഒരു അഡ്‌മിനിസ്ട്രേറ്റർ ആയിരുന്നു. അവർക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ എന്നെയും ഒപ്പം കൂട്ടിയിരുന്നു. അവർക്ക് പുതിയൊരു നഴ്‌സിംഗ് ഹോമിലേക്ക് ജോലി ലഭിച്ചപ്പോൾ പ്രാരംഭഘട്ടം മുതൽ എന്റെ സേവനവും ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ ഉടമസ്ഥൻ വേറെ നഴ്‌സിംഗ് ഹോം വാങ്ങിയപ്പോഴും സൂപ്പർവൈസിങ് ചുമതല എന്നെ ഏല്പിച്ചു. അങ്ങനെ തൊഴിൽമേഖലയിൽ യാതൊരു വിധ തടസങ്ങളുമില്ലാതെ സുഗമമായി കാര്യങ്ങൾ നീങ്ങി. തൊഴിലിടങ്ങളിൽ വിശ്വാസ്യത നേടിയെടുക്കാൻ പ്രത്യേകമായി ഒന്നും ചെയ്യേണ്ടതില്ല. നമ്മൾ ആത്മാർത്ഥമായി പ്രവർത്തിച്ചാൽ അതിനെ അംഗീകരിക്കുന്ന പ്രവണതയാണ് അമേരിക്കയിലേത്. 2011 ൽ ഭാര്യയ്ക്ക്





സ്ട്രോക്ക് വന്നതോടെ ജോലിയിൽ നിന്ന് വിരമിച്ചു.

### സംഘടനാപ്രവർത്തനം? വഹിച്ചിട്ടുള്ള സ്ഥാനങ്ങൾ?അംഗീകാരങ്ങൾ?

ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റെ ഇന്ത്യ ഡേ പരേഡ് കമ്മിറ്റിയിൽ ചെയർമാനായും കൾച്ചറൽ പ്രോഗ്രാംസ് കമ്മിറ്റിയുടെ കോ-ചെയർ ആയും പ്രവർത്തിച്ചിട്ടുണ്ട്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രസിഡന്റ്,ട്രഷറർ,യൂത്ത് കമ്മിറ്റി ചെയർമാൻ,പിക്നിക് കോ-ഓർഡിനേറ്റർ,കോൺസ്റ്റിട്യൂഷൻ കമ്മിറ്റി ചെയർമാൻ,ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 2025 ൽ സംഘടനയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ചു. പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തിരുന്നു. ഫൊക്കാനയുടെ തുടക്കകാലം മുതൽ അതിലും പ്രവർത്തിച്ചിട്ടുണ്ട്.നാഷണൽ യൂത്ത് കമ്മിറ്റി ചെയർമാൻ സ്ഥാനത്തിരിക്കെ ദേശീയതല യുവജനോത്സവങ്ങൾക്ക് ചുക്കാൻ പിടിച്ചു.ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയിൽ പ്രസിഡന്റ്, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, വൈസ്-പ്രസിഡന്റ്, കോൺസ്റ്റിട്യൂഷൻ റിവിഷൻ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള ഗ്രാജുവേറ്റ് എഞ്ചിനീയറിംഗ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ തുടക്കം മുതൽ സജീവമാണ്. 2023 ൽ സംഘടനയുടെ പതിനഞ്ചാം വാർഷികത്തിൽ അതിന്റെ ബോർഡ് ചെയർമാൻ ആയിരുന്നു. കോൺസ്റ്റിട്യൂഷൻ റിവിഷൻ കമ്മിറ്റി അംഗമായും പബ്ലിക്കേഷൻ ആൻഡ് ന്യൂസ്ലെറ്റർ ചെയർമാനായും പ്രവർത്തിച്ചു. പയനീർ ക്ലബ് ഓഫ് കേരളൈറ്റ്സ് ഇൻ നോർത്ത് അമേരിക്കയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം,ജോയിന്റ് ട്രഷറർ തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചു.

### കുടുംബം?

ഭാര്യ മേഴ്സി രജിസ്റ്റേർഡ് നഴ്സായിരുന്നു. സ്ട്രോക്കിന് ശേഷം അവളുടെ കാഴ്ചയും കേൾവിയുമൊക്കെ കുറഞ്ഞു. അതോടെയാണ് പാചകവും കൃഷിയുമൊക്കെ ഞാൻ ഏറ്റെടുത്തത്. ഞങ്ങൾക്ക് മൂന്ന് മക്കളാണ് - ആനി(ഹെൽത്ത് കെയർ ഓഫീസർ),ടീന (മാരിയറ്റ് നൈറ്റ് ഓഡിറ്റർ),ജോയൽ (ബയോ-മെഡിക്കൽ എഞ്ചിനീയർ, വെറ്ററൻസ് ഹോസ്പിറ്റൽ).







# യുവ നേതൃത്വത്തിന്റെ ശക്തി

# (THE POWER OF YOUTH LEADERSHIP)

Dr.Aney Paul



## ആമുഖം

യുവാക്കൾ സമൂഹത്തിന്റെ ഏറ്റവും വിലപ്പെട്ട സമ്പത്താണ്. അവർ ഭാവിയുടെ നിർമാതാക്കളും മാറ്റത്തിന്റെ ദൂതരുമാണ്. അവരുടെ ആശയങ്ങളും ആത്മവിശ്വാസവും നമുക്ക് ശക്തമായ സാമൂഹ്യ മാറ്റങ്ങൾക്കിടയാക്കാം. അതിനാൽ, സമൂഹം അവരുടെ ശബ്ദം കേൾക്കാനും, കഴിവുകൾ ഉയർത്തിപ്പിടിക്കാനുമുള്ള വാതിലുകൾ തുറന്നിടണം. നമ്മുടെ കാലഘട്ടം സാങ്കേതിക പുരോഗതികളുടെയും മാറ്റം നിറഞ്ഞ സാഹചര്യങ്ങളുടെയും കാലഘട്ടമാണ്. ഇത്തരമൊരു സാഹചര്യത്തിൽ, അറിവ്, ധൈര്യം, കരുണ എന്നീ മൂല്യങ്ങളാൽ ശോഭിതമായ ഒരു യുവതലമുറയുടെ നേതൃത്വം സമൂഹത്തിന് ഇന്ന് അത്യന്താപേക്ഷിതമാണ്.

“Youth are not only the leaders of tomorrow, but the partners of today” Kofi Annan.

യുവാക്കൾ: നാളെയുടെ നേതാക്കന്മാർ മാത്രമല്ല, ഇന്നിന്റെ പങ്കാളികളുമാണ് എന്ന കോഫി അന്നന്റെ ഈ വാക്കുകൾ വളരെ ആഴത്തിലുള്ള സന്ദേശം ഉൾക്കൊള്ളുന്നു. യുവജനങ്ങൾക്കുള്ള ഉയർന്നുന്ന പ്രാധാന്യവും, അവരുടെ നേതൃത്വത്തിൽ നാം സ്ഥാപിക്കുന്ന പ്രതീക്ഷയും ഈ പ്രസ്താവന വ്യക്തമായി അടിവരയിടുന്നു. ആധുനിക ലോകത്തിലെ മാറ്റത്തിന്റെയും പുരോഗതിയുടെയും എഞ്ചിനാണ് യുവത്വം. യുവനേതൃത്വം പ്രായപൂർത്തിയാകുന്നതുവരെ മാറ്റിവയ്ക്കേണ്ട ഒന്നല്ല എന്ന യാഥാർത്ഥ്യത്തെ ഈ ശക്തമായ പ്രസ്താവന പ്രതിഫലിപ്പിക്കുന്നു. ഇന്ന് യുവാക്കൾ നൽകുന്ന സംഭാവനകൾ ലോകത്തെ മികച്ച രീതിയിൽ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. യുവ നേതൃത്വം എന്നത് വലിയ സ്ഥാനങ്ങൾ മാത്രമല്ല, മറിച്ച് ഉത്തരവാദിത്തം ഏറ്റെടുത്ത് ഒരു സമൂഹത്തിൽ മാറ്റം സൃഷ്ടിക്കാനുള്ള കഴിവും തയ്യാറും ആണ്. സഹജീവികൾക്കായി ചിന്തിക്കാനും പ്രവർത്തിക്കാനും തയ്യാറാകുന്ന ഓരോ യുവാവും ഒരു നേതാവാണ്.

## യുവജന നേതൃത്വത്തിന്റെ പ്രാധാന്യം

യുവജന നേതൃതം ഒരു സമൂഹത്തിന്റെ പുരോഗതിക്കും

**ഇന്ന് ലോകം നേരിടുന്ന പരിസ്ഥിതി പ്രതിസന്ധികൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിലെ അസമത്വം, സാമൂഹിക അനീതികൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് നവീന തീർപ്പ് കണ്ടെത്താൻ യുവാക്കളുടെ ഇടപെടൽ അനിവാര്യമാണ്. ഇവരെ നേതൃത്വം നൽകാൻ**



നവീന മാറ്റങ്ങൾക്കുമായി നയിക്കുന്ന പ്രധാനശക്തിയാണ്. പുതിയ ചിന്തകളും തത്സമയ പ്രശ്നങ്ങളോട് പുതിയ സമീപനങ്ങളും ഉണർത്താനാകുന്നത് യുവതലമുറയ്ക്കാണ്. സാങ്കേതികവിദ്യയോടുള്ള പരിചയവും നവീകരണത്തിനോടുള്ള തുറന്ന മനസ്സുമാണ് യുവാക്കളെ ആധുനിക സമൂഹത്തിലെ മാറ്റങ്ങളിലേക്കുള്ള മുൻനിര സേനാനികളായി മാറ്റുന്നത്.

സാമൂഹിക നീതി, പരിസ്ഥിതി സംരക്ഷണം, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവാക്കൾക്ക് പ്രതിബദ്ധതയുള്ള സമീപനമാണ് കാണപ്പെടുന്നത്. അതിനാൽ, യുവാക്കളുടെ കഴിവുകൾ തിരിച്ചറിയുകയും, അവരെ നേതൃത്വം ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പുതിയ ആലോചനകൾ അവതരിപ്പിക്കാനും പഴയ ചട്ടങ്ങളും സമ്പ്രദായങ്ങളും ചോദ്യം ചെയ്യാനും അവർ സദാ തയ്യാറായിരിക്കുന്നു.

വ്യക്തിഗതമായും സാമൂഹികമായും വളർച്ചയുടെ പാതയിലേക്ക് നയിക്കാൻ യുവജനങ്ങൾക്കുണ്ട് ആവശ്യമായ ഊർജവും സാങ്കേതിക കഴിവും. അവരുടെ സോഷ്യൽ മീഡിയ കാഴ്ചപ്പാടുകളും സാംസ്കാരിക ബോധവുമാണ് പുതിയ സമൂഹ നിർമ്മാണത്തിൽ നിർണായക ഘടകങ്ങളായി മാറുന്നത്. നാളെ സമത്വപരമായും പരിസ്ഥിതി ദൃഷ്ടികോണത്തിൽ ഉണരുന്നവുമായ ലോകം സൃഷ്ടിക്കാനായി യുവാക്കളെ ശക്തിപ്പെടുത്തുന്നത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. അവരുടെ നേതൃത്വശേഷികളെ വളർത്തിയെടുക്കുന്നത് ഭാവിയുടെ അടിസ്ഥാനമുറക്കാണ് നിക്ഷേപം ചെയ്യുന്നതിന് തുല്യമാണ്.


ഇന്ന് ലോകം നേരിടുന്ന പരിസ്ഥിതി പ്രതിസന്ധികൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിലെ അസമത്വം, സാമൂഹിക അനീതികൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് നവീന തീർപ്പ് കണ്ടെത്താൻ യുവാക്കളുടെ ഇടപെടൽ അനിവാര്യമാണ്. ഇവരെ നേതൃത്വം നൽകാൻ പ്രേരിപ്പിക്കുമ്പോൾ, ആത്മവിശ്വാസം, ആശയവിനിമയം, സംഘാടനക്ഷമത, പ്രശ്നപരിഹാരശേഷി തുടങ്ങിയ ജീവിത വിദ്യകളും അവരുടെ ഉള്ളിൽ വളരുന്നു. ഇതിലൂടെ ഒരുപാട് യുവാക്കൾ നാളെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറായ നിഷ്ഠയുള്ള നേതാക്കളായി മാറുന്നു.അതിനാൽ തന്നെ, യുവജന നേതൃത്വത്തിന് സമൂഹത്തിൽ പ്രഥമപ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യം നാം ഗൗരവത്തോടെ ആലോചിക്കണം. അവർ നാളെയുടെ മാത്രമല്ല, ഇന്നത്തെ മാറ്റത്തിന്റെയും ആത്മാവാണ്. യുവതലമുറയെ നേതൃത്വം നൽകാൻ പ്രേരിപ്പിക്കുകയും അവരുടെ കഴിവുകൾ മാനിച്ചും വളർത്തിയും കൊണ്ടുപോകുകയും ചെയ്യുന്നതാണ് ഒരു ശക്തമായ, ശോഭനമായ ഭാവിക്ക് വഴിയൊരുക്കുന്നത്.

## യുവതലമുറയുടെ നേതൃത്വത്തെ എങ്ങനെ പ്രോത്സാഹിപ്പിക്കാം?

"To be a leader, you must be a servant first." - Robert K. Greenleaf

'ഒരു നേതാവാകണമെങ്കിൽ, ആദ്യം നിങ്ങൾ ഒരു സേവകനാകേണ്ടതാണ്.'' റോബർട്ട് കെ. ഗ്രീൻലീഫ്. നേതൃത്വം എന്നത് അധികാരത്തിൽ അല്ല, സേവനത്തിൽ ആണെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ഒരാളെ യഥാർത്ഥത്തിൽ മികച്ച നേതാവാക്കി മാറ്റുന്നത് അദ്ദേഹത്തിന്റെ പദവിയോ പകർച്ചയായ അധികാരമോ അല്ല; മറിച്ച്, മറ്റുള്ളവരെ ആദരവോടെയും കരുണയോടെയും സേവിക്കാനുള്ള മനോഭാവമാണ്.

നല്ല ഒരു രാഷ്ട്രീയ നേതാവായാലും, സംഘടനാ തലത്തിൽ പ്രവർത്തകനായാലും, സമൂഹത്തിൽ മാറ്റം വരുത്താനായി പ്രവർത്തിക്കുന്നവനായി മാറാനുമുള്ള ആദ്യപടി മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും, അവരെ പിന്തുണയ്ക്കാനും തയ്യാറാകലാണ്. സേവനത്തിന്റെ പാതയിലൂടെയാണ് മികച്ച നേതൃത്വത്തിന് വഴിയൊരുങ്ങുന്നത്.നേതാവെന്നത് ഒരു പദവിയല്ല, മറിച്ച് മറ്റുള്ളവരുടെ ക്ഷേമത്തിനായി സ്വീകരിച്ച ഉത്തരവാദിത്വമാണ്. അതിനാൽ തന്നെ, ''നേതൃത്വം അധികാരമല്ല, സേവനമാണ്'' എന്ന സന്ദേശം ഇന്നത്തെ കാലത്തും അത്യന്താപേക്ഷിതമാണ്.




മലാല യൂസഫ്സായി, ഗ്രേറ്റാ തുന്ബർഗ്, ലീലാ സഞ്ജുവി... ഇവർക്കൊക്കെ ഔദ്യോഗിക പദവികളൊന്നുമില്ലായിരുന്നു. എന്നിരുന്നാലും, ആത്മവിശ്വാസം, നീതിനിർണയത്തിൽ ഉറച്ച നിലപാട്, ദൃഢമായ ധൈര്യം എന്നിവയാണ് അവരെ ലോകമെമ്പാടും മാതൃകയായി കാഴ്ചവച്ചത്. ഇവർ എടുത്ത നിലപാടുകൾ, സേവനത്തിൻറെ ആത്മാവാണ്. യുവതലമുറയുടെ നേതൃത്വശേഷി വളർത്തേണ്ടത് നമ്മുടെ പ്രധാന ഉത്തരവാദിത്വമാണ്. ഇതിനായുള്ള ആദ്യ വേദികളായ സ്കൂളുകളും കോളേജുകളും, വിദ്യാർത്ഥികൾക്ക് അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള സ്വാതന്ത്ര്യവും, ക്ലബ്ബുകളിലും



**മലാല യൂസഫ്സായി, ഗ്രേറ്റാ തുന്ബർഗ്, ലീലാ സഞ്ജുവി... ഇവർക്കൊക്കെ ഔദ്യോഗിക പദവികളൊന്നുമില്ലായിരുന്നു. എന്നിരുന്നാലും, ആത്മവിശ്വാസം, നീതിനിർണയത്തിൽ ഉറച്ച നിലപാട്, ദൃഢമായ ധൈര്യം എന്നിവയാണ് അവരെ ലോകമെമ്പാടും മാതൃകയായി കാഴ്ചവച്ചത്.**

വിദ്യാർത്ഥി സംഘടനകളിലും പങ്കാളികളാകാനുള്ള പ്രചോദനവും നൽകേണ്ടതുണ്ട്.

* മെന്റർഷിപ്പ് പ്രോഗ്രാമുകൾ

* കമ്മ്യൂണിറ്റി സർവീസ് അവസരങ്ങൾ

* ആശയവിനിമയത്തിനും സ്വാധീനം ചെലുത്താനുമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ പ്രയോജനപ്പെടുത്തൽ

ഇവയിലൂടെ യുവാക്കൾക്ക് ആത്മവിശ്വാസം നേടാനും, സേവനദൗത്യത്തിൽ മുന്നേറാനും കഴിയും. പാരിസ്ഥിതിക സംരക്ഷണം, സാമൂഹിക നീതി, സാംസ്കാരിക ബോധം തുടങ്ങിയ വിഷയങ്ങളിൽ യുവാക്കളെ സജീവമായി ഉൾപ്പെടുത്തി പരിശീലിപ്പിക്കേണ്ടതുണ്ട്. അങ്ങനെ, അവരുടെ സൃഷ്ടിപരമായ ചിന്തയും നേതൃശേഷിയും സമൂഹത്തിന് മുന്നോട്ട് പോകാനുള്ള ദിശയായിത്തീരും. നേതൃത്വമെന്നത് പദവിയിലല്ല, മറ്റുള്ളവരെ സേവിക്കുന്നതിലാണെന്നത് നമ്മളൊരിക്കലും മറക്കരുത്. യുവതലമുറയ്ക്ക് അതു പ്രേ‍ാത്സാഹിപ്പിക്കുന്ന ഒരു പരിസ്ഥിതി നമുക്ക് ഉണ്ടാക്കണം. അവിടെയാണ് നേതൃത്വം വിരിയുന്നത്.

## ഉപസംഹാരം

ഇന്ന് അവർ കാണിക്കുന്ന നേതൃത്വം, നവീനമായ ചിന്തനശൈലി, അതോടൊപ്പം പ്രവർത്തനത്തിലെ ഉത്സാഹം എന്നും ശ്രദ്ധേയമാണ്.ഇവയൊക്കെ നാളെ ഒരു ഉത്തമ സമൂഹത്തിന്റെ അടിത്തറയാകും. അതിനാൽ, യുവജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുകയും അവരുടെ സ്വപ്നങ്ങൾക്ക് ചിറകേകുകയും ചെയ്യുന്നതിന് സമൂഹം തയ്യാറാകേണ്ടതുണ്ട്. ഇന്നത്തെ യുവാക്കൾ പുതുമ, ധൈര്യം, ലക്ഷ്യബോധം എന്നിവയുമായി പുതിയ മാർഗങ്ങൾ സൃഷ്ടിക്കുന്നു. സ്വന്തം കഴിവുകളിലുണ്ടായ വിശ്വാസം, സഹജീവികളോടുള്ള കരുണയും കൂട്ടായ്മയുമാണ് സമൂഹമാകെ ദീർഘകാലമായി സ്വാധീനിക്കാവുന്ന മാറ്റങ്ങൾ കൊണ്ടുവരുന്നത്.

ജോൺ ക്വിൻസി ആഡംസ് ഒരിക്കൽ പറഞ്ഞതുപോലെ:

'നിങ്ങളുടെ പ്രവർത്തികൾ മറ്റുള്ളവരെ കൂടുതൽ സ്വപ്നം കാണാനും, കൂടുതൽ പഠിക്കാനും, കൂടുതൽ പ്രവർത്തിക്കാനും, ഉയരങ്ങൾ കീഴടക്കാനും പ്രചോദിപ്പിക്കുന്നുവെങ്കിൽ, നിങ്ങൾ ഒരു യഥാർത്ഥ നേതാവാണ്.'

പ്രിയ യുവാക്കളേ, മാറ്റത്തിന് തുടക്കം കുറിക്കേണ്ടത് ഇന്നു തന്നെ തന്നെയാണ്. ചെറിയൊരു ചുവടുവെയ്പ്പിൽ നിന്നാണ് വലിയ വഴികൾ തുടങ്ങുന്നത്. ആ തുടക്കത്തിൽ നിങ്ങൾക്ക് ആത്മവിശ്വാസവും, ഉത്സാഹവും, വിജയത്തിനുള്ള എല്ലാ ആശംസകളും!



# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30th Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# നിമ്മീ റോസ് ദാസിന് "ഫിലഡൽഫിയാ മാപ് എക്സലൻസ് അവാഡ്" സമ്മാനിച്ച് ആദരിച്ചു



പി ഡി ജോർജ് നടവയൽ

ഫിലഡൽഫിയ: പുകളറിഞ്ഞ നർത്തകിയും ''നൃത്തവർഷണി അവാഡ്'' ജേതാവുമായ നിമ്മീ റോസ് ദാസ്സിനെ, മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയാ സംഘടിപ്പിച്ച 'ഓണാഘോഷ-കേരളോത്സവ'' വേദിയിൽ, ''ഫിലഡൽഫിയാ മാപ ് എക്സലൻസ് അവാഡ്'' സമ്മാനിച്ച് ആദരിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ ദേശീയ അംഗീകാരമുള്ള ''നയാ ആൻഡാസ്'' (Naya Andaz) ഉൾപ്പെടെ, നിരവധി അവാഡു












കൾ നേടിയിട്ടുണ്ട് നിമ്മീ റോസ് ദാസ്. ''ഹൃദയങ്ങൾക്കും ആത്മാവിനും ഉത്ക്കർഷം പകരുന്ന നൃത്താവിഷ്ക്കാരങ്ങൾ, മികച്ച സാംസ്കാരിക ഉത്സവങ്ങളിലും വേദികളിലും അവതരിപ്പിച്ച്, പൊതു നന്മ സാദ്ധ്യമാക്കിയ, അതുല്യ കലാകാരിയാണ് നിമ്മി റോസ് ദാസ്'' എന്ന മുദ്രണമാണ് അവാഡു നിർണ്ണയത്തിന്നാധാരമെന്ന്, ഗ്രേറ്റർ ഫിലഡൽഫിയാ മലയാളി അസ്സോസിയേഷൻ അവാഡു സമിതി പ്രസ്താവിച്ചു. ''ഇന്ത്യയിലുടനീളവും, അന്തർദേശീയ രംഗങ്ങളിലും, ലോകപ്രശസ്തമായ ന്യൂയോർക് കാർണഗീ ഹാളിലും, വാഷിംഗ്ടൺ ഡി.സിയിൽ നടന്ന ''ലോക സാംസ്കാരിക ഉത്സവം 2023''ലും, നിമ്മീ റോസ് ദാസ് നർത്തനമാടി.

അദ്ധ്യാപിക എന്ന നിലയിൽ, നിമ്മി അസംഖ്യം വിദ്യാർത്ഥികളുടെ മാർഗദർശിയാണ്. നഴ്സ് ലീഡറായും അദ്ധ്യാപികയായും നേഴ്സ് അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിക്കുന്നു. നിരവധി നാടകങ്ങളിൽ അഭിനയിച്ചു. ചിത്ര രചനയിലും പെയ്ന്റിങ്ങിലും മികവു പുലർത്തുന്ന ചിത്രകാരിയെന്ന നിലയിലും പ്രശസ്തയാണ്. ഫിലഡൽഫിയയിലെ പേരെടുത്ത യൂണിവേഴ്സിറ്റിയിലെ നേഴ്സ് എഡ്യൂക്കേറ്ററും പ്രശസ്ത ഹോസ്പിറ്റലിൽ നേഴ്സ് മാനേജരുമാണ് നിമ്മീ റോസ് ദാസ്''.

നിമ്മീ റോസ് ദാസ്, 1991-ൽ യൂണിവേഴ്സിറ്റി ''കലാതിലകം'' ആയിരുന്നു. കൊച്ചിൻ കോളജിൽ, കോളജ് യൂണിയൻ ആർട് വിഭാഗം സെക്രട്ടറിയായിരുന്നു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ധനശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും, ഫിലഡൽഫിയയിലെ കോളജുകളിൽ നിന്ന് ഒക്ക്യൂപ്പേഷണൽ തെറപ്പിയിൽ ബിരുദവും നേഴ്സിങ്ങിൽ മാസ്റ്റേഴ്സും നേടി.

1998ൽ രൂപം കൊണ്ട ''ഭരതം ഡാൻസ് അക്കാദമി''യുടെ സ്ഥാപകയും ഡയറക്ടറുമാണ് നിമ്മി ദാസ്. 28 വർഷമായി ഫിലഡൽഫിയയിൽ, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, എന്നീ നൃത്തകലകളെയും, മലയാളം- ഹിന്ദി ഭാഷകളെയും, ഗാന-സംഗീത-യോഗ വിദ്യകളെയും ഭരതം ഡാൻസ് അക്കാദമിയിൽ പഠിപ്പിക്കുന്നു. നൃത്തവിദ്യാദാനത്തിലൂടെ, വിവിധ ഇന്ത്യൻ ഭാഷകളുടെയും, സംസ്കാര രീതികളുടെയും പാഠങ്ങൾ, അനേകം വിദ്യാർഥിനീ വിദ്യാർഥികൾക്ക് പകർന്നു നൽകുന്നു. ''ഭരതം ഡാൻസ്



അക്കാദമി'', വർഷം തോറും ഡാൻസ് പ്രോഗ്രാമുകളിലൂടെ ജീവകാരുണ്യ നിധി സമാഹരിച്ച്, ക്യാൻസർ രോഗികളുടെ ചികിത്സയ്ക്ക്, പ്രത്യേകിച്ച് ഇന്ത്യയിൽ, ധനസഹായം എത്തിക്കുന്നു. ന്യൂയോർക്കിലെ പ്രശസ്തമായ കാണഗീ ഹാളിൽ ശാകുന്തളത്തെ അടിസ്ഥാനമാക്കിയുള്ള മോഹിനിയാട്ടം ഡാൻസ് എപ്പിസോഡ് അവതരിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിമ്മീ റോസ് ദാസിന്റെ ഭരതം ഡാൻസ് അക്കാഡമിയിൽ പുരോഗമിക്കുന്നു. ഭരതം ഡാൻസ് അക്കാഡമിയുടെ രജത ജൂബിലി ആഘോഷത്തിൽ സമാഹരിച്ച തുക, വയനാട്ടിലെ ഉരുൾ ദുരിതമനുഭവിക്കുന്ന അശരണർക്ക് നൽകിയിരുന്നു.

പ്രശസ്ത നർത്തക ദമ്പതികളായ സുരേന്ദ്രനാഥിന്റെയും, വിജയ ലക്ഷ്മി സുരേന്ദ്രനാഥിന്റെയും ശിക്ഷണത്തിലാണ് നിമ്മീ റോസ് ദാസ്, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നീ ക്ളാസിക്കൽ നൃത്ത കലകളിൽ പ്രാവീണ്യം നേടിയത്. ഐ റ്റി പ്രൊഫഷണൽ നെഡ് ദാസ് (ഭർത്താവ്), നർത്തകിയും ഗായികയുമായ നൈനാ ദാസ് (മകൾ).

'മാപ്പ് ഓണം-കേരളോത്സവം'25'; ' അരങ്ങിൽ തെയ്യം തൊട്ടു തിരുവാതിര വരെ' എന്ന കലാ വിരുന്നുകൊണ്ട് കേരള കലാരൂപങ്ങളുടെ രംഗതരംഗമൊരുക്കി ശ്രദ്ധേയമായ വേദിയിലായിരുന്നു അവാഡുദാനം നടന്നത്, എന്നത്, നിമ്മീ റോസ് ദാസിനു സമ്മാനിച്ച



ആദരഫലകത്തിന്, ''ഭരതം'' എന്ന വാക്കിന്റെ മൂല കാരണങ്ങളായ, ഭാവ, രാഗ, താള വ്യാപ്തിയേകി.

ബെൻസൺ വർഗീസ് പണിക്കർ (മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയാ പ്രസിഡന്റ്), ലിജോ ജോർജ് (ജനറൽ സെക്രട്ടറി), ജോസഫ് കുരുവിള ( ട്രഷറാർ), ശ്രീജിത്ത് കോമത്ത് (പ്രോഗ്രാം ചെയർ), കൊച്ചുമോൻ വയലത്ത് (വി പി), എൽദോ ചവർഗീസ് ( സെക്രട്ടറി), ജെയിംസ് പീറ്റർ ( അക്കൗണ്ടന്റ്), അനു സ്കറിയാ, ബിനു ജോസഫ്, ഷാലൂ പുന്നൂസ്, തോമസ് ചാണ്ടി (ബോർഡ് ഓഫ് ട്രസ്റ്റീസ്), അഷിതാ ശ്രീജിത്ത് (ആട്സ്),സന്തോഷ് ഫിലിപ് (സ്പോട്സ്),സജി വർഗീസ് (യൂത്ത്), റോജിഷ് സാം സാമുവേൽ( പബ്ളിസിറ്റി ആന്റ് പബ്ളിക്കേഷൻ), ഫെയ്ത്ത് മരിയാ എൽദോ (എഡ്യൂക്കേഷൻ ആന്റ് ഐടി), ഫിലിപ് ജോൺ (മാപ് ഐ സിസി), ലിബിൻ പി കുര്യൻ (ചാരിറ്റി ആന്റ് കമ്മ്യൂണിറ്റി), ജോൺസൺ മത്യൂ (ലൈബ്രറി), ജോൺ സാമുവേൽ (ഫണ്ട് റൈസിങ്), അലക്സ് അലക്സാണ്ഡർ (മെംബർഷിപ്),ദീപാ തോമസ് (വിമൻസ് ഫോറം), ഏലിയാസ് പോൾ, ദീപു ചെറിയാൻ, ജോർജ് എം കുഞ്ചാണ്ടി, ജോർജ് മാത്യു, ലിസി ബി തോമസ്, മാത്യൂ ജോർജ്, രാജൂ ജി സശങ്കരത്തിൽ, റോയ് വർഗീസ്, സാബൂ സ്കറിയാ, ഷാജി സാമുവേൽ, സോബി ഇട്ടി, സോയാ നായർ, സ്റ്റാൻലി ജോൺ, തോമസ്കുട്ടി വർഗീസ്, വിൻസന്റ് ഇമ്മാനുവേൽ ( എക്സിക്യൂട്ടിവ് കമ്മറ്റി മെംബേഴ്സ്) എന്നിവരാണ്, 'മാപ്പ് ഓണം-കേരളോത്സവം'25'; ഗംഭീരമാക്കുന്നതിന്, സമർത്ഥമായ' നേതൃത്വം നൽകിയത്


The First
'OTT' Platform
MediaAppUSA
Originates From
North
America
Developed by
Malayalees from NA
MediaAppUSA
amazon fireTV
ROKU
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ഫാ. ജോസഫ് മണപ്പുറം**

ഹ്യൂസ്റ്റണ്‍: അമേരിക്കയിൽ, പ്രത്യേകിച്ച് ഹ്യൂസ്റ്റനിൽ ക്നാനായ സമുദായത്തിന്റെ വളർച്ചക്കു വലിയ സംഭാവനകളർപ്പിച്ച ഫാ. ജോസഫ് മണപ്പുറം (81) അന്തരിച്ചു. ഒളശ്ശ മണപ്പുറം പരേതരായ ഉതുപ്പാൻ പുന്നന്റെയും എലിക്കുട്ടിയുടെയും പുത്രനാണ്. സഹോദരർ: ജോർജ് മണപ്പുറം, ലീലാമ്മ വടക്കേടം, മേരി കളവേലിൽ, എൽസി തുരുത്തുവേലിൽ, ജെസി മൂഴയിൽ, ലൈസമോൾ വടകര. മോറിലും പിന്നീട് ഹ്യൂസ്റ്റണിലെ സെന്റ് ആൽബർട്ട് പള്ളിയിലും താമസിച്ചു.2007 ജനുവരിയിൽ, ഹ്യൂസ്റ്റൺ അതിരൂപതയിൽ സേവനമാരംഭിച്ചു.1944 നവംബർ 30 ന് ജനിച്ച അദ്ദേഹം ഏഴ് മക്കളിൽ മൂത്തയാളാണ്. (1 സഹോദരനും 5 സഹോദരിമാരും).1969 ഡിസംബർ 18 ന് പട്ടത്വം സ്വീകരിച്ചു.



**മാത്തുക്കുട്ടി**

ഫ്ളോറിഡ: മാത്തുക്കുട്ടി മഠത്തിലേട്ട് (923) ഫ്ളോറിഡയിലെ ലേക്ക് ലാൻഡിൽ അന്തരിച്ചു. ഭാര്യ അമ്മുക്കുട്ടി നെടുങ്ങാട്ടേത്ത് കുടുംബാംഗമാണ്. മക്കൾ: മോനച്ചൻ, മോളമ്മ, സജി, സുജ, പരേതനായ ബൈജു (എല്ലാവരും ഫ്ളോറിഡയിൽ). മരുമക്കൾ: ഷെറിൻ കണ്ടാരപ്പള്ളിൽ, ഷൈനി ഉറുമ്പിൽ, ജെറ്റി മണലേൽ, ജോയ് കണ്ടാരപ്പള്ളിൽ, ബിജു ആറൊന്നിൽ.

**ടി.സി. ബിജു**

മീനടം:പുല്ലിക്കോട്ടായ തെക്കേടത്ത് പരേതനായ ടി.യു.ചാക്കോയുടെയും മോളിയുടെയും മകൻ ടി.സി. ബിജു (ജോസ്-47) അന്തരിച്ചു. ഭാര്യ: മേരികുളം നെല്ലിക്കുന്നേൽ ആൻസി (അങ്കണവാടി ടീച്ചർ, മീനടം). മക്കൾ: ആൻ സൂസൻ ബിജു, ആന്റണി ബിജു



**ഒ.പി.തോമസ്**

ഒക്കലഹോമ: പുതുപ്പള്ളി ഓതറ കുടുംബാംഗം ഒ.പി. തോമസ് (ജോസ് 72) ഒക്കലഹോമയിൽ അന്തരിച്ചു. ഭാര്യ ആലീസ് പയ്യപ്പാടി പുത്തൻപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജയ്സൻ, ജെയ്മി. മരുമകൻ: ഗാവിൻ (എല്ലാവരും യു.എസ്).

**ആനന്ദരാജൻ**

വൈക്കം:പടിഞ്ഞാറെക്കര ഹരികൃഷ്ണ (മണിയന്തറ) വീട്ടിൽ ആനന്ദരാജൻ (ഷാജി 66) അന്തരിച്ചു. എസ്എൻഡിപി യോഗം പടിഞ്ഞാറെക്കര ബ്രാഞ്ച് ഭരണ സമിതി പ്രസിഡന്റായിരുന്നു. നിലവിൽ ധ്രുവപുരം ശിവക്ഷേത്ര പുനർനിർമാണ കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചു വരികയാണ്. ഭാര്യ: ഷീല. മക്കൾ: അനൂപ്, ഹരികൃഷ്ണൻ, ഹരിശങ്കർ. മരുമക്കൾ: നീതു രാജ്, ആശ അലീഷ (കാനഡ).



**എബ്രഹാം ഫിലിപ്പോസ്**

ഡാലസ്:: കീക്കൊഴൂർ പൊട്ടക്കുളത്തു വീട്ടിൽ പരേതരായ പി .പി. ഏബ്രഹാമിന്റെയും മറിയാമ്മ ഏബ്രഹാമിന്റെയും മകൻ എബ്രഹാം ഫിലിപ്പോസ് (കുഞ്ഞുമോൻ) (82)ഡാളസിൽ നിര്യാതനായി. ഭാര്യ ഗ്രേസി ഫിലിപ്പോസ് . മക്കൾ ബീന (ഭർത്താവ് ജോഷുവ), റീനാ (ഭർത്താവ് സജി), ഷേർലി (ഭർത്താവ് വർഗീസ്), ഫ്രാങ്ക്ളിൻ (ഭാര്യ സിജി). ഇന്ത്യൻ എയർ ഫോർസിലെ സേവനത്തിനു ശേഷം അമേരിക്കയിൽ എത്തിയ ഫിലിപ്പോസ് ന്യൂയോർക്ക് വൈറ്റ് പ്ലെയിൻസ് സിറ്റിയിൽ പർച്ചെസിങ് ഓഫീസർ ആയി ജോലി ചെയ്തു. ജോലിയിൽ നിന്ന് വിരമിച്ച ശേഷം ഡാലസിലേക്കു താമസം മാറി. യോങ്കേഴ്സിലെ പുതിനിയമ സഭയിൽ സജീവ അംഗം ആയിരുന്നു.




**ജോമി ജോൺ**

ഷാർലെറ്റ് ടൗൺ: കോതമംഗലം സ്വദേശി ജോമി ജോൺ (42) പ്രിൻസ് എഡ്വേർഡ് ഐലന്റിൽ അന്തരിച്ചു. ഭാര്യ: പാലിയക്കു ന്നേൽ അനിലറ്റ്.

**കെ.ജെ.അലക്സാണ്ടർ**

തിരുവനന്തപുരം:കോട്ടയം മന്ദിരം ആശുപത്രി, തിരുവനന്തപുരം മോഡേൺ മെഡിക്കൽ സെന്റർ റിട്ട. ഫിസിയോ തെറപ്പിസ്റ്റ് പയ്യപ്പാടി കൊങ്ങളത്ത് വീട്ടിൽ കെ.ജെ. അലക്സാണ്ടർ (രാജു-76) അന്തരിച്ചു.ഭാര്യ: സൂസമ്മ അലക്സാണ്ടർ. മക്കൾ: ജോൺ കൊങ്ങളത്ത് (യുഎസ്), ഡോ. അലക്സ് ഈപ്പൻ (ഓസ്ട്രേലിയ), ഡോ. കെ.എ.അലക്സാണ്ടർ (തിരുവനന്തപുരം). മരുമക്കൾ: സുബിൻ വർഗീസ് (കല്ലിശേരി), പ്രിയ പീറ്റർ (ചെന്നൈ), ഡോ. ലിനി ബേസിൽ.




**പി.വി തോമസ്**

ഡാലസ്: പുനലൂർ പള്ളിച്ചെറയിൽ വീട്ടിൽ പി.വി തോമസ് (ബേബി -87 ) ഡാലസിൽ അന്തരിച്ചു. 1972ൽ ഡാലസിൽ കുടിയേറി പാർത്ത ആദ്യ കാല മലയാളിയും, മാർത്തോമ്മാ ചർച്ച് ഓഫ് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ സ്ഥാപക അംഗവുമായിരുന്നു പരേതൻ. ഭാര്യ: പരേതയാ യ ഏലിയാമ്മ (കുഞ്ഞൂഞ്ഞമ്മ, അയിരൂർ പീടികയിൽ കുടുംബാംഗം). മക്കൾ: എബി തോമസ്, ജിജി ജേക്കബ് (ഇരുവരും ഡാലസിൽ) മരുമകൾ:ബെറ്റിതോമസ് കൊച്ചുമക്കൾ: സാക്കറി, ലോറൻ, അലക്സ്, ബ്രാൻഡൻ.

**റോസമ്മ മാത്യു**

പാറത്തോട്:മംഗലം പരേതനായ ഔസേപ്പ് മാത്യുവിന്റെ മകൾ റോസമ്മ മാത്യു (കുഞ്ഞൂഞ്ഞമ്മ73) അന്തരിച്ചു.



**രാജു വി പോൾ**

കാൽഗറി: മൂവാറ്റുപുഴ മുൻ എംഎൽഎ ബാബു പോളിന്റെ മൂത്ത സഹോദരൻ രാജു വി പോൾ കാനഡയിൽ അന്തരിച്ചു. കാൽഗറി ടൗൺ പ്ളാനിങ് റിട്ട. എഞ്ചിനീയർ ആയിരുന്നു. കാൽഗറി റോട്ടറി ക്ലബ്ബിന്റെ ഭാരവാഹിയായിരുന്നപ്പോൾ, കേരളത്തിൽ ഉൾപ്പെടെ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ റോട്ടറി ക്ലബ്ബുകളുമായി സഹകരിച്ച് ഒട്ടേറെ ജനക്ഷേമ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ നേതൃത്വം നൽകിയിരുന്നു.

**വി.പി. പുന്നൻ**

കളത്തിപ്പടി:വിജയപുരം ഗ്രാമപ്പഞ്ചായത്ത് മുൻ പ്രസിഡന്റ് വടക്കേനടയിൽ വി.പി. പുന്നൻ (കുഞ്ഞുമോൻ81) അന്തരിച്ചു. ഭാര്യ: ലീലാമ്മ പുന്നൻ. മക്കൾ: പ്രിൻസ് പുന്നൻ, പ്രിനി ബേസിൽ. മരുമകൻ: ബേസിൽ.



**ജോസ് പോൾ**

ഗിരിനഗർ ഹൗസ് നമ്പർ 164, സെന്റ് ആൽബേർട്ട്സ് കോളേജ് റിട്ട. പ്രൊഫ. പെരുമ്പിള്ളിൽ ജോസ് പോൾ (84) അന്തരിച്ചു. ഭാര്യ പരേതയായ മേഴ്സി സെന്റ് തെരേസാസ് കോളേജ് റിട്ട പ്രൊഫസർ (തട്ടയിൽ കണിച്ചേരിൽ ഇടക്കുന്നിൽ കുടുംബാംഗം). മക്കൾ: ഡോ. ജോസ് പി.പോൾ (നെഫ്രോളജിസ്റ്റ്, ലിസി ഹോസ്പിറ്റൽ), ഡോ. ജെസ്സി ജോസ് (അമല ഹോസ്പിറ്റൽ, തൃശൂർ). മരുമക്കൾ: ഡോ. ജൂലിയറ്റ് ജോൺ (എറണാകുളം മെഡിക്കൽ കോളേജ്), ഡോ. ബിനു സൈമൺ ( അമല ഹോസ്പിറ്റൽ, തൃശൂർ).

**അക്ഷയ് വിജയൻ**

കടുത്തുരുത്തി:പാറത്തൊട്ടിയിൽ വിജയന്റെയും ബിന്നി വിജയന്റെയും മകൻ അക്ഷയ് വിജയൻ (അമ്പാടി21) അന്തരിച്ചു.



**ഗ്രേസ് ജോർജ്**

ഫ്ളോറിഡ: കേരളാ കോൺഗ്രസിന്റെ ആദ്യകാല നേതാക്കളിലൊരാളും കോഴിക്കോട് ജില്ലാ പ്രസിഡന്റുമായിരുന്ന പി.ജെ. ജേക്കബ് കൈനടിയുടെ (കൈനടി കറിയാച്ചൻ) മകൾ ഗ്രേസ് ജോർജ് (85) ഫ്ളോറിഡയിൽ അന്തരിച്ചു. കാഞ്ഞിരപ്പള്ളി കരിപ്പാപറമ്പിൽ പരേതനായ ഡോ. ജോർജ് തോമസിന്റെ ഭാര്യയാണ്. മക്കൾ: ഡോ.സന്തോഷ് (യുഎസ്എ), ഡോ.സാബു (യുഎസ്എ). മരുമക്കൾ: മേരി ആൻ (യുഎസ്എ), ഡോ. മഞ്ജു(യുഎസ്എ).

**കുര്യൻ ചാക്കോ**

വാകത്താനം:പുളിക്കൽ കുര്യൻ ചാക്കോ (80) അന്തരിച്ചു. ഭാര്യ. ചിങ്ങവനം മമ്മൂട്ടിൽ കുഞ്ഞമ്മ. മക്കൾ: തമ്പി (പുളിക്കൽ കൺസ്ട്രക്ഷൻസ് വാകത്താനം), അനിൽ.



**ജിം തോമസ്**

ഡാളസ് :നരിയാപുരം വാക്കേലേത് മെറിലാൻഡിൽ പരേതനായ വി.സി തോമസിന്റെയും അമ്മിണിയുടെയും മകൻ ജിം തോമസ് (54) ഡാലസിൽ അന്തരിച്ചു. ഭാര്യ; ഇലന്തൂർ തോബിൽ ജൂലി തോമസ്. മക്കൾ ജോഹാന തോമസ്, ജനീന തോമസ് ,ജസ്റ്റീന തോമസ്.

**ഏലിയാമ്മ ചെറിയാൻ**

വാകത്താനം:കണ്ണൻചിറ കൈതയിൽ വാഴയ്ക്കൽ ഏലിയാമ്മ ചെറിയാൻ(84) അന്തരിച്ചു എടത്തുംപടി ക്കൽ വാഴയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വി.ടി.ചെറിയാൻ. മക്കൾ: കൊച്ചുമോൻ, മിനിമോൾ, റെനിമോൾ (യുകെ). മരു മക്കൾ: കൊച്ചുമോൾ കുന്നപ്പള്ളിൽ പരുത്തുംപാറ, ചാണ്ടി ഏബ്രഹാം, കെ. കെ.അലക്സ് കരുവേലിൽ ആലുവ.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News